# പതിനാറാം കേരള നിയമസഭ
# ഒന്നാം സമ്മേളനം

2026 ജൂൺ 22, തിങ്കൾ

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--307]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| മുഖ്യമന്ത്രി | : 1 മുതൽ 122 വരെ |
| ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി | : 123 മുതൽ 222 വരെ |
| ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി | : 223 മുതൽ 256 വരെ |
| തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി | : 257 മുതൽ 307 വരെ |

### സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റങ്ങൾ

1 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 മെയ് നാലാം തീയതിക്കുശേഷം സ്ഥലം മാറ്റം/ഓഫീസ് മാറ്റം ലഭിച്ച സർക്കാർ ജീവനക്കാരുടെ എണ്ണമെത്രയെന്ന് വകുപ്പ് തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥലം മാറ്റം/ഓഫീസ് മാറ്റം ഉത്തരവുകളിൽ എത്രയെണ്ണം വിവിധ കോടതികൾ,കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ എന്നിവ മുഖേന സ്റ്റേ ചെയ്തിട്ടുണ്ടെന്നുള്ള വിവരം അറിയിക്കാമോ?

### കൂത്തുപറമ്പ് മജിസ്ട്രേറ്റ് കോടതി സമുച്ചയ നിർമ്മാണം

2 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ ഭരണാനുമതി ലഭിച്ച കൂത്തുപറമ്പ് മജിസ്ട്രേറ്റ് കോടതി സമുച്ചയ നിർമ്മാണം നാളിതുവരെ ആരംഭിക്കാൻ സാധിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കേരള കൺസ്ട്രക്ഷൻ കോർപ്പറേഷന് നിർമ്മാണ ചുമതലയുള്ള പ്രസ്തുത പ്രവൃത്തി അനന്തമായി നീണ്ടുപോകുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കാമോ;

(സി) കൂത്തുപറമ്പ് മജിസ്ട്രേറ്റ് കോടതി സമുച്ചയ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

**സർക്കാർ സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനു സ്വീകരിച്ചു വരുന്ന നടപടികൾ**

3 **ശ്രീ. വി. കെ. സനോജ്**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. കെ. യു. ജനീഷ് കുമാർ**
**ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി മുൻ സർക്കാർ പ്രഖ്യാപിച്ച പദ്ധതികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച വികസന പദ്ധതികൾ തുടരുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുജന പരാതികൾക്ക് പരിഹാരം കാണുന്നതിനായി മുഖ്യമന്ത്രിയുടെ ഓഫീസ് വഴി ലഭിച്ച പരാതികളുടേയും,തീർപ്പാക്കിയ പരാതികളുടേയും വിവരങ്ങൾ വ്യക്തമാക്കാമോ;

(ഡി) പൊതുജന പരാതികൾ പരിഹരിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനത്തിന്റെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ?

**സംസ്ഥാനത്ത് എല്ലായിടത്തും വികസനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ**

4 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജില്ലകൾക്കിടയിൽ വികസന കാര്യങ്ങളിലും വിഭവങ്ങളുടെ വിതരണ കാര്യങ്ങളിലും നിലനിൽക്കുന്ന അസമത്വം

ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കുമോ;

(ബി) വിദ്യാഭ്യാസം,ആരോഗ്യം,പശ്ചാത്തല വികസനം എന്നിവ സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലും തുല്യമായി ലഭിക്കുന്നുവെന്നുറപ്പ് വരുത്തുന്നതിന് ആവശ്യമായ പഠനം നടത്തി നടപടി സ്വീകരിക്കുമോ;

(സി) ജനസംഖ്യാടിസ്ഥാനത്തിൽ ജില്ല, താലൂക്ക്, വില്ലേജ്, പഞ്ചായത്ത് എന്നിവയുടെ വിഭജനവും പുനഃക്രമീകരണങ്ങളും സാധ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## പുതിയ മന്ത്രിസഭാ തീരുമാനങ്ങൾ

5 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സർക്കാർ അധികാരമേറ്റതിന് ശേഷം നാളിതുവരെ മന്ത്രിസഭ കൈക്കൊണ്ട തീരുമാനങ്ങളുടെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് ചീഫ് സെക്രട്ടറി സമാഹൃതമായി തയ്യാറാക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിലെ മന്ത്രിസഭാ തീരുമാനങ്ങളിന്മേൽ പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

## ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് തസ്തികയിലെ വിജ്ഞാപനം

6 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് തസ്തിക സംബന്ധിച്ച് പ്രവൃത്തി പഠനം നടക്കുന്നതിനാൽ ഈ തസ്തികയിലേക്ക് പുതിയ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് ഉദ്യോഗസ്ഥ-ഭരണ പരിഷ്കാര(ഉപദേശക-സി)വകുപ്പിൽ നിന്നും ഉപ.സി.3/59/2024/P&ARD നമ്പറായി 21.08.2024 ന് പി.എസ്.സി.യ്ക്ക് നൽകിയ കത്ത് പിൻവലിച്ച് പ്രസ്തുത തസ്തികയിൽ പുതിയ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് പി.എസ്.സി.ക്ക് നിർദ്ദേശം നൽകുമോ;വ്യക്തമാക്കാമോ;

(ബി) വർഷംതോറും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പോളിടെക്നിക്കുകളിൽ നിന്നുള്ള കോമേഴ്സ്യൽ പ്രാക്ടീസ് കോഴ്സും

കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്ന് സെക്രട്ടേറിയൽ പ്രാക്ടീസ് കോഴ്സും കെ.ജി.റ്റി.ഇ.(കൊമേഴ്സ്) ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷയും പാസ്സാകുന്ന പതിനായിരത്തിലധികം വരുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ ജോലി നേടുന്നതിനുള്ള പരിമിതമായ അവസരങ്ങളിലൊന്നായ ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് തസ്തിക നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ;

(സി) മുപ്പതിലധികം വരുന്ന വകുപ്പുകളിലെ ടൈപ്പിസ്റ്റ് തസ്തിക നിലവിലില്ലാത്ത ഓഫീസുകളിൽ നിലവിലുള്ള ക്ലാർക്ക് ടൈപ്പിസ്റ്റ്/ ടൈപ്പിസ്റ്റ് തസ്തിക നിർത്തലാക്കുന്നതിന് പകരം ഈ തസ്തികളിൽ ജോലി ചെയ്യുന്നവരുടെ ചുമതലകളിൽ വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ;

(ഡി) ക്ലാർക്ക് ടൈപ്പിസ്റ്റ് /ടൈപ്പിസിറ്റ് ക്ലാർക്ക് തസ്തികയിൽ നിലവിലുള്ള റാങ്കുലിസ്റ്റുകളുടെ കാലാവധി അവസാനിച്ചിട്ടും പുതിയ വിജ്ഞാപനം നാളിതുവരെ പ്രദ്ധീകരിച്ചിട്ടില്ല എന്നത് പരിശോധിച്ച് പുതിയ വിജ്ഞാപനം എത്രയും വേഗം പ്രസിദ്ധീകരിക്കുന്നതിന് പി.എസ്.സി.യ്ക്ക് നിർദ്ദേശം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

## <u>ജീവനക്കാർക്കുള്ള സേവന വ്യവസ്ഥകൾ</u>

7 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകൾ, കോളേജുകൾ, മറ്റ് സഹായധന വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽ സേവനമനുഷ്ഠിച്ച് വരുന്ന ജീവനക്കാർക്ക് പിന്നീട് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന സംസ്ഥാന സർക്കാർ സർവ്വീസിൽ സമാന തസ്തികയിലോ മറ്റ് തസ്തികകളിലേക്കോ നിയമനം ലഭിക്കുന്ന സാഹചര്യത്തിൽ എന്തെല്ലാം സേവനവ്യവസ്ഥകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ നിയമനം ലഭിക്കുന്നവർക്ക് നിലവിലെ അടിസ്ഥാന ശമ്പളം/പേ പ്രൊട്ടക്ഷൻ അനുവദിക്കുന്നതിനുള്ള വ്യവസ്ഥ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സമാന തസ്തികയിലേയ്ക്കും വ്യത്യസ്ത തസ്തികയിലേക്കും നിയമനം ലഭിക്കുന്ന സാഹചര്യങ്ങളിൽ ശമ്പള നിർണയം, ഇൻക്രിമെന്റ്, സർവ്വീസ്

ആനുകൂല്യങ്ങൾ എന്നിവയിൽ വ്യത്യാസമുണ്ടോ;ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ;

(ഡി) എയ്ഡഡ് സ്ഥാപനങ്ങളിലെ മുൻ സേവനം പെൻഷൻ/ എൻ. പി.എസ്, പ്രൊവിഡന്റ് ഫണ്ട്, ലീവ് അക്കൗണ്ട് , പ്രൊബേഷൻ, സീനിയോറിറ്റി തുടങ്ങിയ സേവന ആനുകൂല്യങ്ങൾക്കായി പരിഗണിക്കുന്നതിനുള്ള വ്യവസ്ഥ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ;

(ഇ) എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർ സർക്കാർ സർവ്വീസിൽ നിയമനം ലഭിക്കുന്ന സാഹചര്യത്തിൽ നിലവിലുള്ള എയ്ഡഡ് പ്രൊവിഡന്റ് ഫണ്ടിൽ നിന്നും (കെ.എ.എസ്.ഇ.പി.എഫ്) സർക്കാർ ജീവനക്കാരുടെ ജനറൽ പ്രൊവിന്റ് ഫണ്ടിലേയ്ക്ക് (ജി.പി.എഫ്) മാറുന്നതിനുള്ള നിലവിലെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും, ഇതിനായി പാലിക്കേണ്ട നിബന്ധനകൾ, ആവശ്യമായ രേഖകൾ, ബന്ധപ്പെട്ട വകുപ്പുതല നടപടികൾ എന്നിവ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(എഫ്) ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ/ സർക്കുലറുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## <u>നെന്മാറ നിയോജക മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ</u>

8 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ ഏതൊക്കെയാണെന്നും അതിൽ എത്ര പ്രവൃത്തികൾ ആരംഭിച്ചുവെന്നും എത്രയെണ്ണം പൂർത്തിയായെന്നും വിശദമാക്കാമോ;

(ബി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കൊടുവായൂർ ബൈപാസ് നിർമ്മാണ പ്രവർത്തനത്തിന്റെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

## <u>മന്ത്രി മന്ദിരങ്ങളുടെ മോടി പിടിപ്പിക്കലിന് അനുവദിച്ച തുക</u>

9 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരുടെ വസതികൾ മോടിപിടിപ്പിക്കുന്നതിന് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; ഓരോ മന്ത്രിമാരുടെയും വസതികൾക്ക് അനുവദിച്ച തുകകൾ പ്രത്യേകം വ്യക്തമാക്കാമോ;

(ബി) മന്ത്രിമാരുടെ വസതികളിൽ അറ്റകുറ്റപ്പണികൾക്കായി തുക അനുവദിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ സർക്കാർ ഓഫീസുകളിലെ ഒഴിവുകൾ

10 **ശ്രീ. കല്ലട്ര മാഹിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ സർക്കാർ ഓഫീസുകളിലെ ഒഴിവുകൾ വകുപ്പും തസ്തികകളും തിരിച്ച് വ്യക്തമാക്കാമോ?

## പി.എസ്.സി മുഖേന ക്ഷണിച്ച അപേക്ഷകൾ

11 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ പി.എസ്.സി മുഖേന എത്ര കാറ്റഗറികളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ എത്ര റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചെന്നും എത്ര പേർക്ക് നിയമനം നല്കിയെന്നുമുള്ളതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## തെരഞ്ഞെടുപ്പ് ചുമതല ഉണ്ടായിരുന്ന ഉദ്യോഗസ്ഥർക്ക് വോട്ടവകാശം നിഷേധിച്ച സംഭവം

12 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാ തെരഞ്ഞെടുപ്പ് നടക്കുന്ന ഘട്ടത്തിൽ ഇലക്ഷൻ കമ്മീഷൻ രാഷ്ട്രീയ പാർട്ടികൾക്ക് നൽകിയ കത്തിൽ ഒരു രാഷ്ട്രീയ പാർട്ടിയുടെ തെരഞ്ഞെടുപ്പ് ചിഹ്നം ഉൾപ്പെട്ട സീൽ പതിച്ചു നൽകിയിരുന്നോ;വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ തെരഞ്ഞെടുപ്പ് ചുമതല ഉണ്ടായിരുന്ന ഉദ്യോഗസ്ഥർക്ക് വോട്ടവകാശം നിഷേധിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര ജീവനക്കാർക്ക് വോട്ടവകാശം നിഷേധിച്ചുവെന്ന് അറിയിക്കാമോ;

(സി) ഇതിനെതിരെ ജീവനക്കാർ ബഹു. ഹൈക്കോടതിയെ സമീപിച്ചിരുന്നോ;

(ഡി) ഈ ഘട്ടത്തിൽ സംസ്ഥാന മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസറായിരുന്ന ഉദ്യോഗസ്ഥനെ മുഖ്യമന്ത്രിയുടെ സെക്രട്ടറിയായി നിയമിച്ചിട്ടുണ്ടോ;എങ്കിൽ ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## <u>നവീൻ ബാബുവിന്റെ ആത്മഹത്യ - സി.ബി.ഐ. അന്വേഷണം</u>

13 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ എ.ഡി.എം. ആയിരുന്ന നവീൻ ബാബുവിന്റെ ആത്മഹത്യ സി.ബി.ഐ. അന്വേഷിക്കണമെന്ന കുടുംബത്തിന്റെ ആവശ്യം ബഹു. സുപ്രീകോടതി തള്ളിയിരുന്നോ; വ്യക്തമാക്കാമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത വിഷയം സി.ബി.ഐ. അന്വേഷിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച ഫയലിന്റെയും ഉത്തരവിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ?

## <u>നിയമന പ്രക്രിയകളുടെ വേഗത കൂട്ടാൻ പദ്ധതി</u>

14 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടത്തുന്ന നിയമന പ്രക്രിയകളുടെ വേഗത കൂട്ടാൻ പദ്ധതികളുണ്ടോ, വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) കണ്ണൂർ ജില്ലാ പി. എസ്. സി ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്,

വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>സ്പാർക്ക് അധിഷ്ഠിത ഓൺലൈൻ പൊതുസ്ഥലമാറ്റം</u>**

15 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള സ്പാർക്ക് അധിഷ്ഠിത ഓൺലൈൻ പൊതുസ്ഥലമാറ്റം നടപ്പിൽ വരുത്താത്ത വകുപ്പുകൾ നിലവിലുണ്ടോ;

(ബി) ഓൺലൈൻ സ്ഥലം മാറ്റം നടപ്പിലാക്കണമെന്ന കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവ് നടപ്പിൽ വരുത്താത്ത എത്ര വകുപ്പുകൾ നിലവിലുണ്ട്?

**<u>സർക്കാർ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം</u>**

16 **ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സർക്കാർ അധികാരമേറ്റതിനു ശേഷം ഉദ്യോഗസ്ഥരെ ചട്ടവിരുദ്ധമായി സ്ഥലം മാറ്റുന്നു എന്നതു സംബന്ധിച്ച പരാതികൾ ഉയർന്നു വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കാലയളവിൽ നടന്ന ആകെ സ്ഥലം മാറ്റങ്ങൾ എത്രയാണ് ; ആയത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) സ്ഥലം മാറ്റ ഉത്തരവിനെ ചോദ്യം ചെയ്തു കൊണ്ട് എത്ര ഉദ്യോഗസ്ഥർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ കേസുകൾ നൽകിയിട്ടുണ്ടെന്നും എത്ര കേസുകളിൽ സ്റ്റേ ഉത്തരവ് അനുവദിച്ചിട്ടുണ്ടെന്നും ഉദ്യോഗസ്ഥരുടെ പേര്, വകുപ്പ്, ജോലിചെയ്തിരുന്ന തസ്തിക ,സ്ഥലം മാറ്റപ്പെട്ട തസ്തിക , കേസ് നമ്പർ, സ്റ്റേ ഉത്തരവ് തിയതി എന്നിവ സഹിതം വ്യക്തമാക്കാമോ;

(ഡി) ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം പൊതുവായ മാനദണ്ഡങ്ങൾ പാലിച്ച് സുതാര്യമായി നടത്തും എന്ന് ഉറപ്പുവരുത്തുമോ ?

**<u>കേരള പി.എസ്സ്.സി. നിയമനങ്ങൾ</u>**

17 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021, 2021-2026 സർക്കാരുകളുടെ കാലയളവിൽ സംസ്ഥാനത്ത് കെ. പി. എസ്സ്. സി മുഖേന എത്ര നിയമനങ്ങൾ നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**<u>സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിലെ കാലതാമസം</u>**

18 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ന ശേഷം സംസ്ഥാനത്തെ പൊതുമേഖല സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, ജുഡീഷ്യൽ കമ്മീഷനുകൾ, ക്ഷേമനിധികൾ, സർക്കാർ ബോർഡുകൾ, സഹകരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ എന്നിവയിൽ ഏതെല്ലാം സ്ഥാപനങ്ങളിലെ ഏതെല്ലാം തസ്തികകളിലെ നിയമനങ്ങളാണ് പി.എസ്.സി.-യ്ക്ക് വിട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ; അപ്രകാരം എത്ര നിയമനങ്ങൾ പി.എസ്.സി. വഴി നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പി. എസ്. സി.-യ്ക്ക് നിയമനങ്ങൾ വിട്ടു നൽകിയിട്ടും സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിലെ കാലതാമസം കാരണം ഏതെല്ലാം സ്ഥാപനങ്ങളിലെ നിയമനങ്ങളാണ് പി. എസ്. സി. മുഖേന ഇപ്പോഴും നികത്താൻ സാധിക്കാത്തതെന്ന് വ്യക്തമാക്കാമോ; വിശേഷാൽ ചട്ടങ്ങളും നിയമന ചട്ടങ്ങളും തയ്യാറാക്കി സമർപ്പിക്കാത്ത സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വകുപ്പ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ, ക്ഷേമനിധികൾ, സർക്കാർ ബോർഡുകൾ, സഹകരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ എന്നിവയിൽ നിയമന ചട്ടങ്ങൾ, വിശേഷാൽ ചട്ടങ്ങൾ എന്നിവ തയ്യാറാക്കാത്തതിനാൽ നിയമനങ്ങളിൽ സംവരണം പാലിക്കുന്നില്ല എന്നത് പരിശോധിക്കുമോ; വിശദമാക്കാമോ?

**<u>ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ- ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് നൽകിയ കരാറുകളുടെ വിവരം</u>**

19 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് എത്ര പ്രവൃത്തികളുടെ കരാർ നൽകിയിട്ടുണ്ട്;

വകുപ്പുകളും സ്ഥാപനങ്ങളും തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ, ഇതിൽ പൂർത്തിയായതും ഇനിയും പൂർത്തിയായിട്ടില്ലാത്തതുമായ കരാറുകളുടെ എണ്ണം എത്ര, വിശദാംശം ലഭ്യമാക്കാമോ;

(ബി) എത്ര രൂപയുടെ കരാറുകളാണ് നൽകിയിട്ടുള്ളത് എന്നതിന്റെ വകുപ്പുകളും സ്ഥാപനങ്ങളും തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ആകെ എത്ര രൂപയുടെ കരാറുകളാണ് നൽകിയിട്ടുള്ളത് വ്യക്തമാക്കുമോ?

## <u>അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്കെതിരേ സ്വീകരിച്ച നടപടികൾ</u>

20 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് വിവിധ മാധ്യമങ്ങളിലൂടെ സർക്കാരിനും ഭരണ നേതൃത്വത്തിലുള്ളവർക്കും ഉയർന്ന ഉദ്യോഗസ്ഥർക്കുമെതിരെ പരസ്യമായി വിമർശനം ഉന്നയിച്ച ഏതെങ്കിലും ഓൾ ഇൻഡ്യാ സർവ്വീസ് ഉദ്യോഗസ്ഥർക്കെതിരേ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) ബന്ധപ്പെട്ട ഫയലുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## <u>ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ നിയമനം</u>

21 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര ഐ.എ.എസ്. ഉദ്യോഗസ്ഥരെ നിലവിലെ ചുമതലകളിൽ നിന്നും മാറ്റി പുതിയ ചുമതലകൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇങ്ങനെ നിയമിച്ച ഐ.എ.എസ്. ഉദ്യോഗസ്ഥരിൽ കോടതിയുമായി ബന്ധപ്പെട്ട നിയമനടപടി നേരിടുന്നവരുണ്ടോ എന്ന് വിശദമാക്കാമോ;

(സി) അച്ചടക്ക നടപടി നേരിട്ട ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു വരുന്നു എന്ന് വിശദമാക്കാമോ;

(ഡി) നിരന്തര വിവാദങ്ങളിൽ ഏർപ്പെടുകയും ഗുരുതര അച്ചടക്ക ലംഘനം നടത്തുകയും ചെയ്ത ഉദ്യോഗസ്ഥരെ വീണ്ടും ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നിയമിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

## മഞ്ചേശ്വരം മണ്ഡലം - റെസ്റ്റ് സ്റ്റോപ്പ് പദ്ധതി

22 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെൻറ് ആൻറ് ഹോൾഡിങ്ങ് കമ്പനിയെ നിർമ്മാണ പരിപാലന ചുമതല ഏൽപിച്ച് മഞ്ചേശ്വരം മണ്ഡലത്തിലെ ഹൊസങ്കടിയിൽ സ്ഥാപിക്കുന്ന റെസ്റ്റ് സ്റ്റോപ്പ് പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ എന്തൊക്കെ കാര്യങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും പ്രസ്തുത പദ്ധതി കൊണ്ടുള്ള ഭൗതിക സാമ്പത്തിക നേട്ടങ്ങൾ എന്തൊക്കെയെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ രീതി, ടെണ്ടർ സംബന്ധിച്ച വിശദാംശം, ഏത് രീതിയിലാണ് ടെണ്ടർ ചെയ്തത് എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി എത്ര ഏക്കർ സർക്കാർ ഭൂമിയാണ് ഉപയോഗപ്പെടുത്തുന്നതെന്നും ഭൂമി കൈമാറ്റം സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കുമോ;പ്രസ്തുത പദ്ധതി എന്ന് പൂർത്തീയാകുമെന്ന് അറിയിക്കുമോ;

(ഇ) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് കരാർ നൽകിയതെന്നും ഏതൊക്കെ സ്ഥാപനങ്ങൾ ഈ പദ്ധതിക്ക് താല്പര്യം അറിയിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

## ജവഹർലാൽ നെഹ്റു സയൻസ് സെന്ററുകൾ

23 **ശ്രീ. കല്ലട്ര മാഹിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജവഹർലാൽ നെഹ്റു സയൻസ് സെന്ററുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

## കേരള പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കൽ

24 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 25.05.2026 ന് കാലാവധി പൂർത്തിയായ പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ ആയത് എന്തായിരുന്നുവെന്നും പ്രസ്തുത തീയതി മുതൽ റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്നതിന്റെ ആനുകൂല്യം നൽകാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

**<u>പി.എസ്.സിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സുതാര്യമാക്കുന്നതിനും നടപടി</u>**

25 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. രമേഷ് പിഷാരടി**
**ശ്രീ. സുമേഷ് അച്യുതൻ**
**ശ്രീ. രാജൻ. ജെ. പല്ലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലും നിയമനങ്ങൾ നടത്തുന്നതിലും ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) പി.എസ്.സിയുടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പി.എസ്.സി.യുടെ പരീക്ഷാനടപടികളിലും നിയമനപ്രക്രിയയിലും കാലാനുസൃതമായ പരിഷ്കാരങ്ങൾ നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>ദുരന്തനിവാരണപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടി</u>**

26 **ശ്രീ. വി. ടി. ബൽറാം**
**ശ്രീ. മുഹമ്മദ് ഷിയാസ്**
**ശ്രീ. മനോജ് മൂത്തേടൻ**
**ശ്രീ. ടോണി ചമ്മണി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ദുരന്തങ്ങളെ ഒഴിവാക്കുന്നതിനും അവയുടെ ആഘാതം കുറയ്ക്കുന്നതിനും ആധുനിക സാങ്കേതികവിദ്യകളെ ഉപയോഗപ്പെടുത്തി

കാലാവസ്ഥാ പ്രവചനങ്ങളും ദുരന്തമുന്നറിയിപ്പുകളും യഥാസമയം ലഭ്യമാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ദുരന്തസാധ്യതാ പ്രദേശങ്ങളെ കണ്ടെത്തുന്നതിനും, മുൻകരുതലുകൾ എടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോയെന്ന വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് സമഗ്രവും, കാലാനുസൃതമായി പരിഷ്കരിച്ചതും ആധുനിക സാങ്കേതികവിദ്യകളെ ഫലപ്രദമായി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ളതുമായ ദുരന്തനിവാരണ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുവാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ ?

## <u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാസഹായം</u>

27 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ചികിത്സാ സഹായമായി 2026 മെയ് 19 മുതൽ ജൂൺ 10 വരെ എത്ര തുക അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) എത്ര അപേക്ഷകർക്കാണ് ഈ തുക അനുവദിച്ചത് എന്ന് വ്യക്തമാക്കാമോ;

(സി) 2026 മെയ് 19 ന് മുൻപ് ലഭ്യമായിട്ടുള്ള അപേക്ഷകളിൽ എത്ര അപേക്ഷകർക്കാണ് ഇനി തുക അനുവദിക്കാനുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) 2026 മെയ് 19 മുതൽ ജൂൺ 10 വരെ പുതിയ അപേക്ഷകൾ ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ എണ്ണം വ്യക്തമാക്കാമോ?

## <u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (സി.എം.ഡി.ആർ.എഫ്.) നിന്നുമുള്ള ധനസഹായം</u>

28 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം,മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (സി.എം.ഡി.ആർ.എഫ്.) നിന്നും

ധനസഹായത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ടോ;എങ്കിൽ ആയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം,മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമുള്ള ധനസഹായത്തിന് വേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്ര അപേക്ഷകളിലായി എത്ര തുക ധനസഹായമായി അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമുള്ള ധനസഹായ വിതരണത്തിലെ മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ?

**<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം</u>**

29 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ 2026 വരെയുള്ള കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായമായി തൃശ്ശൂർ,തലപ്പിള്ളി താലൂക്കുകളിലെ ഓരോ വില്ലേജുകളിലും എത്ര അപേക്ഷകളിലായി ആകെ എത്ര തുക അനുവദിച്ചുവെന്ന വിവരം പട്ടിക തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഓൺലൈനായും സെക്രട്ടേറിയറ്റ് നോർത്ത് ബ്ലോക്കിലെ ഓഫീസ് വഴി ഓഫ്‌ലൈനായും അപേക്ഷകൾ സ്വീകരിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായവും, അപകട മരണത്തിന് ആശ്രിതർക്കുള്ള ധനസഹായവും അനുവദിക്കുന്ന നിലവിലെ രീതി തന്നെ സംസ്ഥാന സർക്കാർ തുടരുമോ; വിശദമാക്കാമോ

**<u>വ്യോമയാന വികസനത്തിന് കർമ്മപദ്ധതി</u>**

30 **ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. വി. ടി. സൂരജ്**
**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര വ്യോമയാന വികസനത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിലൂടെ കൈവരിക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**<u>മെട്രോ റെയിൽ ആരംഭിക്കാൻ നടപടി</u>**

31 **ശ്രീ. ടി. പി. അഷ്‌റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത കുരുക്ക് രൂക്ഷമായ കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ മെട്രോ റെയിൽ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ജില്ലകളിൽ മെട്രോ റെയിൽ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>കൊച്ചി മെട്രോ</u>**

32 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ അഭിമാന പദ്ധതിയായ കൊച്ചി മെട്രോ നിലവിൽ പ്രതിമാസ നഷ്ടത്തിലാണോ; എങ്കിൽ നഷ്ടം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) കൊച്ചി മെട്രോ പ്രവർത്തനം ആരംഭിച്ച ശേഷം ഓരോ സാമ്പത്തിക വർഷവും ഉണ്ടായ പ്രവർത്തന നഷ്ടത്തിന്റെയും ലാഭത്തിന്റെയും വിശദാംശം നൽകുമോ;

(സി) കൊച്ചി മെട്രോ മൂലമുണ്ടായ സാമൂഹിക-സാമ്പത്തിക നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>കല്ല്യാശ്ശേരി മണ്ഡലത്തിലെ സുൽത്താൻ കനാൽ സംരക്ഷണ പ്രവൃത്തികളുടെ പുരോഗതി</u>**

33 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ സുൽത്താൻ കനാൽ സംരക്ഷണ പ്രവൃത്തിയുടെ പുരോഗതിയെ സംബന്ധിച്ച വിശദാംശങ്ങൾ

ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ ?

## പി.ആർ.ഡി.യിലെ പുറംകരാറുകൾ

34 **ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് വിവിധ പദ്ധതികളുടേയും ജനസമ്പർക്ക പ്രവർത്തനങ്ങളുടേയും പ്രചരണത്തിന്റെ ഭാഗമായി പബ്ലിക് റിലേഷൻസ് വകുപ്പിനു പുറമേയുള്ള ഏതെങ്കിലും ഇവന്റ് മാനേജ്മെൻറ് /പരസ്യ സ്ഥാപനങ്ങൾക്ക് കരാറുകൾ നൽകിയിരുന്നോ; വിശദമാക്കാമോ;

(ബി) ഇത്തരം സ്വകാര്യ സ്ഥാപനങ്ങൾക്ക് കരാർ നൽകുന്നതിന് പബ്ലിക് റിലേഷൻസ് വകുപ്പ് സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് അറിയിക്കാമോ; കരാർ ലഭിച്ച സ്ഥാപനത്തിന്റെയും ഉടമയുടെയും വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ റീലുകൾ/സോഷ്യൽ മീഡിയ കണ്ടന്റ് ക്രിയേഷൻ, പത്രങ്ങൾ, പോസ്റ്ററുകൾ, ഹോർഡിംഗുകൾ എന്നിവയിലൂടെ പരസ്യം നൽകിയ ഇനത്തിൽ ആകെ ചെലവായ തുക എത്രയാണെന്നു വ്യക്തമാക്കാമോ?

## പ്രവാസി ക്ഷേമനിധി പെൻഷൻ

35 **ശ്രീ. ടി. പി. അഷ്റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ക്ഷേമനിധി പെൻഷൻ ലഭിക്കാനുള്ള പ്രായം 60 വയസ്സ് ആകണമെന്ന നിയമം മാറ്റണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ മിനിമം അഞ്ച് വർഷം ക്ഷേമനിധി തുക അടച്ചവരും പ്രവാസ ജീവിതം അവസാനിപ്പിച്ചവരുമായ പ്രവാസികൾക്ക് പ്രായഭേദമന്യേ ക്ഷേമനിധി പെൻഷൻ ലഭിക്കുന്ന രീതിയിൽ നിയമം മാറ്റുന്ന കാര്യം പരിഗണിക്കുമോ?

## നോർക്ക - ഹെല്പ് ഡെസ്ക്

36 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമേഷ്യയിൽ നിലനിൽക്കുന്ന യുദ്ധപ്രതിസന്ധിയിൽ പ്രയാസമനുഭവിക്കുന്ന പ്രവാസികളെ സഹായിക്കുന്നതിന് നോർക്ക എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇതിനായി ഹെൽപ്പ് ഡെസ്ക് ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

## <u>അച്ചടി വകുപ്പിൽ ഓൺലൈൻ സംവിധാനം</u>

37 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേഷനറി വകുപ്പിൽ സർക്കാർ ഓഫീസുകൾക്കുള്ള സ്റ്റേഷനറി ഇനങ്ങൾ വിതരണം ചെയ്യുന്നതിന് നടപ്പിലാക്കിയ ഓൺലൈൻ സംവിധാനമായ ഇ-മിസ്റ്റ് മാതൃകയിൽ ജില്ലാ ഫോറം സ്റ്റോറുകളിൽ നിന്നും വിവിധ സർക്കാർ ഓഫീസുകൾക്കും സ്ഥാപനങ്ങൾക്കും വിതരണം ചെയ്യുന്ന രജിസ്റ്ററുകളും ഫോമുകളുടേയും വിതരണം ഓൺലൈൻ മുഖേനയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ;

(ബി) ഗസറ്റ് വിജ്ഞാപനവുമായി ബന്ധപ്പെട്ട അച്ചടി വകുപ്പ് ഡയറക്ടറേറ്റിലും ജില്ലാ ഫോറം സ്റ്റോറുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) സർക്കാർ ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം നിലവിൽ വന്നതിനുശേഷം നിലവിൽ ഏതെല്ലാം കോമൺ രജിസ്റ്ററുകളും ഫോമുകളുമാണ് ഉപയോഗിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) 2026 ജനുവരിയിൽ വിവിധ സർക്കാർ ഓഫീസുകളിലേക്കാവശ്യമായ ഫോമുകളും രജിസ്റ്ററുകളും അച്ചടിച്ച് ഫോറം സ്റ്റോർ മുഖേന വിതരണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## <u>ശബരിമലയിൽ നടന്ന സ്വർണ്ണക്കൊള്ള കേസിൽ സി. ബി. ഐ. അന്വേഷണം</u>

38 **ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ നടന്ന സ്വർണ്ണക്കൊള്ള അന്വേഷിക്കാൻ സി.ബി.ഐ.യെ ചുമതലപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) സി. ബി. ഐ. അന്വേഷണം നടത്തുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**കളിമൺപാത്ര നിർമാണ സമുദായത്തിന് സംവരണം**

39 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കളിമൺപാത്ര നിർമ്മാണ സമുദായത്തിന് ഹയർ സെക്കന്ററി, പ്രൊഫഷണൽ കോഴ്സ് എന്നിവയ്ക്ക് ലഭിക്കുന്ന ഒരു ശതമാനം സംവരണം പോലെ എല്ലാ കോഴ്സുകളിലും നിലവിൽ സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ മറ്റു കോഴ്സുകൾക്കുകൂടി പ്രസ്തുത സംവരണം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**ഇടുക്കി പാക്കേജ്**

40 **ശ്രീ. അപു ജോൺ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി എത്ര പ്രവൃത്തികൾക്കാണ് നാളിതുവരെ ഭരണാനുമതി നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) ഇടുക്കി പാക്കേജിനായി എത്ര തുകയാണ് നാളിതുവരെ നീക്കിവെച്ചത്; വിശദമാക്കാമോ;

(ഡി) തൊടുപുഴ നിയോജക മണ്ഡലത്തിൽ നിന്നും ഏതൊക്കെ പ്രവൃത്തികളാണ് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയെന്താണെന്നും വിശദമാക്കാമോ?

**താല്ക്കാലിക/കരാർ നിയമനങ്ങൾ**

41 **ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂൺ മാസം മുതൽ 2026 ഏപ്രിൽ മാസം വരെ പി.എസ്.സി വഴി നടത്തിയ നിയമനങ്ങൾ എത്രയെന്ന് വർഷം തിരിച്ച് വിശദമാക്കാമോ;

(ബി) 2021-26 കാലയളവിൽ പി.എസ്.സി-ക്ക് വിട്ട തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ലാതെ, കരാർ അടിസ്ഥാനത്തിലും ദിവസവേതന അടിസ്ഥാനത്തിലും എത്രപേരെ നിയമിച്ചിട്ടുണ്ട്; ഇതിനായി ഖജനാവിൽ നിന്നും പ്രതിമാസം എത്ര തുക ചെലവഴിച്ചിരുന്നു; വിശദാംശങ്ങൾ നൽകാമോ;

(സി) ഇത്തരത്തിൽ താല്ക്കാലികമായി നിയമിക്കപ്പെട്ട എത്രപേരെയാണ് സർവ്വീസിൽ സ്ഥിരപ്പെടുത്തിയത്; ഇതിനായി പ്രത്യേക ചട്ടങ്ങൾ ഭേദഗതി ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) കരാർ നിയമനങ്ങൾ വർദ്ധിച്ചതുമൂലം പി.എസ്.സി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും ജോലി ലഭിക്കാതെ പോയ ഉദ്യോഗാർത്ഥികളുടെ പരാതികൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

## വയോജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ

42 **ശ്രീ. പാറക്കൽ അബ്ദുല്ല**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. എം. റഹ്മത്തുള്ള**
**ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇവ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) വയോജനങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വാക്സിൻ നൽകുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## ശബരി റെയിൽ പാത പൂർത്തീകരണം

43 **ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരി റെയിൽ പാത പൂർത്തീകരണം സാധ്യമാക്കാനായി ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ വിശദമാക്കാമോ?

**<u>മെഡിസെപ്പ് ആരോഗ്യ ഇൻഷുറൻസ് പദ്ധതി</u>**

44 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഏർപ്പെടുത്തിയിട്ടുള്ള മെഡിസെപ്പ് ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഏതൊക്കെ ആശുപത്രികളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഏതൊക്കെ ചികിത്സയ്ക്കാണ് ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതെന്നും വിശദമാക്കാമോ;

(സി) പദ്ധതി നടത്തിപ്പ് ഏത് ഇൻഷുറൻസ് കമ്പനിക്കാണ് നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതി പ്രകാരം അനുവദിക്കുന്ന തുക യഥാസമയം ആശുപത്രികൾക്ക് മാറി നൽകുന്നില്ല എന്ന പരാതിയും , അനുവദിക്കുന്ന തുക സംബന്ധിച്ച് ജീവനക്കാർക്കുള്ള പരാതിയും പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിൽ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത പദ്ധതി സംസ്ഥാന ഇൻഷുറൻസ് വകുപ്പിനെ ഏൽപ്പിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ?

**<u>സാമ്പത്തിക സ്ഥിതി വിലയിരുത്തൽ റിപ്പോർട്ട്</u>**

45 **ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച ധനവകുപ്പിന്റെ ഏറ്റവും പുതിയ വിലയിരുത്തൽ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകളെ കുറിച്ച് വിശദമാക്കാമോ;

(ബി) വിവിധ വകുപ്പുകളുടെ പദ്ധതി വിഹിതം എത്രത്തോളം വിനിയോഗിച്ചിട്ടുണ്ടെന്ന് ധനവകുപ്പ് വിലയിരുത്തൽ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ നിലവിലെ ധനസ്ഥിതി സംബന്ധിച്ച് സമഗ്ര വിലയിരുത്തൽ നടത്തിയിട്ടുണ്ടെങ്കിൽ ആയത് വിശദമാക്കാമോ;

(ഡി) ഈ സർക്കാർ നൽകിയ വാഗ്ദാനങ്ങൾ നടപ്പാക്കുന്നതിനാവശ്യമായ സാമ്പത്തിക ബാധ്യത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>മുൻ സർക്കാർ പരസ്യ ഇനത്തിൽ ചിലവഴിച്ച തുക</u>**

46 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാറിന്റെ കാലത്ത് വിവിധ പ്രചരണങ്ങൾക്കും പരസ്യങ്ങൾക്കും വേണ്ടി പി. ആർ. ഡി. മുഖേനെയും കിഫ്ബി മുഖേനെയും ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പരസ്യങ്ങൾ നൽകിയ വകയിൽ വിവിധ സ്ഥാപനങ്ങൾക്ക് നൽകാനുള്ള തുക കുടിശ്ശിക ഉണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ ?

**<u>പരപ്പനങ്ങാടി എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി സ്ഥാപന ഫണ്ട്</u>**

47 **ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി എന്ന സ്ഥാപനത്തിന് സ്വന്തം ഭൂമിയും കെട്ടിടവും ലഭ്യമാക്കുന്നതിന് 130 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും ആയതിൽ മറ്റൊരു ഉത്തരവു പ്രകാരം ഒരു കോടി രൂപ റിലീസ് ചെയ്യുകയും ചെയ്തിരുന്നു. ഇതിൽ ബാക്കിയുള്ള 129 കോടി രൂപയുടെ അനുമതി ഇപ്പോഴും നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പരപ്പനങ്ങാടി എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി പദ്ധതിയ്ക്ക് അനുവദിച്ച 130 കോടി രൂപ പൂർണമായും

സ്ഥാപനത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

**<u>ആലത്തൂർ മണ്ഡലത്തിൽ സേതുബന്ധൻ സി.ആർ.ഐ.എഫ് പദ്ധതി</u>**

48 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിന്റെ സേതുബന്ധൻ സി.ആർ.ഐ.എഫ് (സെൻട്രൽ റോഡ് ആൻഡ് ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട്) പദ്ധതി പ്രകാരം ആലത്തൂർ മണ്ഡലത്തിൽ ഗായത്രി നദിക്ക് കുറുകെ വെങ്ങാനൂർ പാലം നിർമ്മിക്കുന്നതിന് കേന്ദ്ര അനുമതി ലഭിച്ചിട്ടുണ്ടോ ;എത്ര രൂപയുടെ പദ്ധതിയാണ് ഇതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാനാകുമെന്ന വ്യക്തമാക്കാമോ ; അതിനായി എന്തൊക്കെ നടപടിക്രമങ്ങളാണ് ഇനിയും അവശേഷിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

**<u>ആലത്തൂർ നിയോജക മണ്ഡലത്തിനായി അനുവദിച്ച പദ്ധതികൾ</u>**

49 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ 2025 വരെയുള്ള സംസ്ഥാന ബജറ്റുകളിൽ ആലത്തൂർ നിയോജക മണ്ഡലത്തിനായി അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണ്; അനുവദിച്ച തുക അടക്കം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരണത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ പ്രവൃത്തികളിൽ ഇതുവരെയും ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയാണ് ; ഇവയ്ക്ക് ഭരണാനുമതി ലഭിക്കുന്നതിനായി ഇനിയും എന്തൊക്കെ നടപടി ക്രമങ്ങൾ അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

**<u>നാട്ടിക നിയോജക മണ്ഡലത്തിൽ അനുവദിച്ച പ്രവർത്തികൾ</u>**

50 **ശ്രീമതി ഗീതാ ഗോപി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ 2026 വരെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നാട്ടിക നിയോജക മണ്ഡലത്തിൽ അനുവദിച്ച പ്രവർത്തികൾ ഏതെല്ലാമെന്ന് സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക അനുവദിച്ച പ്രവർത്തികൾ ഏതെല്ലാമെന്നും ഓരോ പ്രവർത്തിക്കും അനുവദിച്ച തുകയും പദ്ധതിയുടെ നിലവിലെ പുരോഗതിയും തരം തിരിച്ച് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

**<u>കേന്ദ്ര സർക്കാരിൽ നിന്നും വിവിധ പദ്ധതികൾക്ക് അനുവദിച്ച തുക</u>**

51 **ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 10 വർഷത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ഏതെല്ലാം പദ്ധതികൾക്ക് തുക അനുവദിച്ചുവെന്നും ഓരോന്നിനും എത്ര തുക ലഭിച്ചുവെന്നും വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിക്കാനുള്ള തുക ഇനി ലഭിക്കാനുണ്ടോ; എങ്കിൽ തുക ലഭ്യമാകേണ്ട പദ്ധതികൾ, ലഭിക്കാനുള്ള തുക എന്നിങ്ങനെ വേർതിരിച്ച് വിശദാംശം ലഭ്യമാക്കുവാൻ സാധിക്കുമോ ;

(സി) പ്രസ്തുത പദ്ധതികളിൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകാത്തതിനാലും കേന്ദ്രഫണ്ട് ചെലവഴിച്ചത് സംബന്ധിച്ച റിപ്പോർട്ടുകൾ നൽകാത്തതിനാലും തുക ലഭിക്കാത്ത പദ്ധതികൾ ഉണ്ടോ; ഉണ്ടെങ്കിൽ ഇനം , തുക എന്നിവ വേർതിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ ?

**<u>നവകേരളസദസ്സ്</u>**

52 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരളസദസ്സിന്റെ ഭാഗമായി ഓരോ നിയമസഭാ മണ്ഡലങ്ങളിലും അനുവദിക്കപ്പെട്ട ഏഴ് കോടി രൂപയുടെ പദ്ധതികളിൽ ഭരണാനുമതി

ലഭിക്കാത്ത പദ്ധതികൾക്ക് ഭരണാനുമതി നൽകുമോയെന്ന വിശദമാക്കാമോ ?

**<u>സംസ്ഥാനത്തിന്റെ പൊതുകടത്തിലുണ്ടായ വർദ്ധനവ്</u>**

53 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021,2021-2026 കാലയളവിൽ സംസ്ഥാനത്തിന്റെ പൊതുകടം എത്ര രൂപയായാണ് വർധിച്ചത് എന്ന് വിശദമാക്കാമോ ; വർദ്ധനവിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഈ കാലയളവിൽ കടമെടുത്ത തുകയിൽ വികസന പ്രവർത്തനങ്ങൾക്കും ദൈനംദിന ചെലവുകൾക്കും വിനിയോഗിച്ച തുകയുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്തിന്റെ റവന്യൂ കമ്മിയിലുണ്ടായ വർദ്ധനവ് എത്രയാണ്; വർദ്ധനവിന്റെ പ്രധാന കാരണങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്തിന്റെ കടം-ജി.ഡി.പി. അനുപാതത്തിലുണ്ടായിട്ടുള്ള വർദ്ധനവ് എത്രയാണെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഇ) കിഫ്ബി ഉൾപ്പെടെയുള്ള മറ്റ് ഓഫ്-ബജറ്റ് വായ്പകൾ കൂടി ചേർത്തുള്ള സംസ്ഥാനത്തിന്റെ നിലവിലെ കടബാധ്യത എത്രയായാണ്; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(എഫ്) വിവിധ പദ്ധതികളിലായി കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ച ഫണ്ട് പൂർണമായും വിനിയോഗിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; ഇപ്രകാരം വിനിയോഗിക്കാതെ വന്ന ഫണ്ടിൽ തിരികെ ലഭിക്കാത്ത വിധം നഷ്ടമായ ആകെ തുക എത്രയാണ്; ഏതൊക്കെ പദ്ധതികളിലായി എത്ര രൂപ വീതം നഷ്ടമായി എന്നതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

**<u>മന്ത്രി മന്ദിരങ്ങളുടെ അറ്റകുറ്റപ്പണികൾ</u>**

54 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ മന്ത്രിസഭയുടെ സത്യപ്രതിജ്ഞാ ചടങ്ങിനും അനുബന്ധ ഒരുക്കങ്ങൾക്കുമായി ചെലവായ തുക ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പുതിയ മന്ത്രിസഭ അധികാരമേറ്റ ശേഷം വിവിധ മന്ത്രി മന്ദിരങ്ങൾ മോടി പിടിപ്പിക്കുന്നതിന് എത്ര തുക വീതം അനുവദിച്ചുവെന്ന് തരം തിരിച്ചു വ്യക്തമാക്കാമോ;

(സി) മന്ത്രിമാരുടെ ഔദ്യോഗിക വസതിയികളിലേയ്ക്ക് സാധന സാമഗ്രികൾ വാങ്ങുന്നതിന് ചെലവായ തുക എത്രയാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## അഴീക്കോട് മണ്ഡലത്തിലെ ബജറ്റ് പ്രവൃത്തികൾ

55 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ 2022 മുതൽ 2026 വരെയുള്ള വർഷങ്ങളിൽ ബജറ്റിൽ ഇരുപത് ശതമാനം അനുവദിച്ച പ്രവൃത്തികളും ആയതിന്റെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(ബി) ഏതെങ്കിലും പ്രവൃത്തി ആരംഭിക്കുന്നതിനോ പൂർത്തിയാക്കുന്നതിനോ എന്തെങ്കിലും തടസങ്ങൾ ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

## ധവള പത്രം

56 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കിക്കൊണ്ട് നിയമസഭയിൽ സമർപ്പിച്ച ധവളപത്രത്തിലെ പ്രധാന കണ്ടെത്തലുകളും സാമ്പത്തിക നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ (പി.എസ്.ഇ ) പുനരുദ്ധരിക്കുന്നതിനായി ധവളപത്രം മുന്നോട്ടുവെക്കുന്ന നിർദ്ദേശങ്ങളും എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം വലിയ തോതിൽ വർദ്ധിച്ചതായി ധവളപത്രത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള സാഹചര്യത്തിൽ, സാമ്പത്തികമായി നിലനിൽപ്പില്ലാത്ത 'നോൺ-സ്ട്രാറ്റജിക്' സ്ഥാപനങ്ങളിൽ ഡിസ് ഇൻവെസ്റ്റ്മെന്റ്, ലയനം, പുനഃക്രമീകരണം തുടങ്ങിയ നടപടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കെ.എസ്.ആർ.ടി.സി., കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി തുടങ്ങിയ പൊതുജനസേവനസ്ഥാപനങ്ങൾ ഖജനാവിന് ബാധ്യതയാകാത്ത രീതിയിൽ അവയെ സ്വയംപര്യാപ്തമാക്കുന്നതിന് വേണ്ടി എന്തൊക്കെ അടിയന്തര പരിഷ്കരണങ്ങളാണ് സർക്കാരിന്റെ പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളുടെ പരിഷ്കരണ വേളയിൽ അവിടെ ജോലി ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ സുരക്ഷയും ജീവനക്കാരുടെ ആനുകൂല്യങ്ങളും സംരക്ഷിക്കുന്നതിന് സർക്കാർ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## <u>ധവള പത്രം</u>

57 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ആകെ കടബാധ്യത അഞ്ച് ലക്ഷം കോടി രൂപ കടന്നതായും റവന്യൂ വരുമാനത്തിന്റെ വലിയൊരു പങ്ക് പ്രതിബദ്ധതാ ചെലവുകൾ (കമ്മിറ്റഡ് എക്സ്പെന്റീച്ചർ) ക്കായി വിനിയോഗിക്കുന്നതായി ധവളപത്രത്തിൽ വ്യക്തമാക്കിയ സാഹചര്യത്തിൽ സാമ്പത്തിക ഭദ്രത കൈവരിക്കുന്നതിനും മൂലധന നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) ബഡ്ജറ്റിന് പുറത്തുള്ള കടമെടുപ്പുകൾവഴി മുൻകാലങ്ങളിൽ ഉണ്ടായ സുതാര്യതക്കുറവും സാമ്പത്തിക ബാധ്യതയും പരിഹരിക്കാൻ കിഫ്ബി പോലുള്ള സ്ഥാപനങ്ങളുടെ ഘടനയിലും പ്രവർത്തനത്തിലും എന്തൊക്കെ മാറ്റങ്ങളാണ് വിഭാവനം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(സി) റവന്യൂ വരുമാനത്തിന്റെ എഴുപത്തിയേഴ് ശതമാനത്തോളം ശമ്പളം, പെൻഷൻ, പലിശ എന്നിവയ്ക്കായി മാറ്റിവെക്കേണ്ടി വരുന്നതുവഴി വികസന-ക്ഷേമ പ്രവർത്തനങ്ങൾക്ക് (മൂലധന ചെലവ് ) പണം തികയാതെ വരുന്നത് പരിഹരിക്കുന്നതിനായി, നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വരുമാന വർദ്ധനവിനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

## <u>സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി</u>

58 **ശ്രീ. വിഷ്ണു മോഹൻ**

**ശ്രീ. ഉല്ലാസ് കോവൂർ**

**ശ്രീ. വി. കുഞ്ഞികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് അവലോകനം നടത്തിയിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) സാമ്പത്തിക സ്ഥിതി പ്രതിസന്ധിയിലാണെങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ പത്തുവർഷ കാലയളവിനുള്ളിൽ സംസ്ഥാനത്തിന്റെ പൊതുകടം ക്രമാതീതമായി വർധിച്ചതിനുള്ള കാരണങ്ങൾ പരിശോധിക്കുമോ; വ്യക്തമാക്കാമോ;

(ഡി) സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന മാർഗ്ഗങ്ങളെന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## <u>മുൻ സർക്കാരിന്റെ കാലത്തെ സാമ്പത്തിക കുടിശ്ശിക</u>

59 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലാവധി അവസാനിച്ചപ്പോൾ വിവിധ ആരോഗ്യസുരക്ഷാ പദ്ധതികൾ, ഉച്ചഭക്ഷണ പദ്ധതി, സർക്കാർ കരാറുകാർക്ക് നൽകാനുള്ള തുക, ജീവനക്കാരുടെയും പെൻഷൻകാരുടെയും ക്ഷാമബത്തയും മറ്റ് ആനുകൂല്യങ്ങളും, ലൈഫ് പദ്ധതി, മറ്റ് പദ്ധതികൾ എന്നിവ ഉൾപ്പെടെ വിവിധ ഇനങ്ങളിലായി എത്ര രൂപയുടെ കുടിശ്ശികയുണ്ട്; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഈ കുടിശ്ശിക തുക സംസ്ഥാനത്തിന്റെ കടബാധ്യതയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കടം വാങ്ങിയാണ് ഈ ചെലവുകൾ കണ്ടെത്തേണ്ടി വരുന്നതെങ്കിൽ സംസ്ഥാനത്തിന്റെ കടബാധ്യതയിൽ ഇത് കൂടി ഉൾപ്പെടുത്തേണ്ട സാഹചര്യം ഉണ്ടാവുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) മുൻ സർക്കാർ വരുത്തിവെച്ച കുടിശ്ശികയുടെ കട ബാധ്യതകൂടി ഏറ്റെടുക്കേണ്ടി വരുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തികാവസ്ഥയെ വീണ്ടും ഗുരുതരമായി ബാധിക്കുമെന്ന് കരുതുന്നില്ലേ; വ്യക്തമാക്കാമോ;

(ഡി) ജീവനക്കാർക്ക് അനുവദിച്ച ക്ഷാമബത്തയുടെ കുടിശ്ശിക ഏത് തീയതി മുതലാണ് വിതരണം ചെയ്യാനുള്ളത്; എത്ര തുകയാണ് ഇതിനായി ആവശ്യമുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) 2011-2016, 2016-2021 സർക്കാരുകളുടെ കാലയളവിലെ ധൂർത്തും ധനകാര്യ മാനേജ്മെന്റിലെ പിഴവുമാണ് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ ദോഷകരമായി ബാധിച്ചതെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

## സംസ്ഥാനത്തിന്റെ അടുത്ത അഞ്ച് വർഷത്തെ കടബാധ്യത

60 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ അടുത്ത അഞ്ച് വർഷങ്ങളിലായി അടയ്ക്കേണ്ടി വരുന്ന വിവിധ കടബാധ്യതകൾ ഏതൊക്കെയാണെന്നും ഓരോ വർഷവും എത്ര തുക വീതമാണ് വിവിധ ഇനങ്ങളിൽ തിരിച്ചടയ്ക്കേണ്ടി വരുന്നത് എന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) കിഫ്ബി, കേരള സാമൂഹ്യ സുരക്ഷ പെൻഷൻ ലിമിറ്റഡ് തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന ബജറ്റിന് പുറത്തുള്ള കടമെടുപ്പ് വഴി ഓരോ സ്ഥാപനത്തിനും നിലവിലുള്ള കടബാധ്യത എത്രയാണെന്നും, ഈ സ്ഥാപനങ്ങൾ ഓരോന്നും അടുത്ത അഞ്ച് വർഷം വിവിധ കടബാധ്യതകളുടെ ഇനത്തിൽ തിരിച്ചടയ്ക്കേണ്ടി വരുന്ന തുക എത്ര വീതമെന്നും, സ്ഥാപനവും ഇനവും തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(സി) നിലവിലെ സാമ്പത്തിക കണക്കുകളുടെ അടിസ്ഥാനത്തിൽ അടുത്ത അഞ്ച് വർഷം സംസ്ഥാനത്തിന് കടമെടുക്കാവുന്ന തുക, ഓരോ വർഷവും എത്ര വീതമാണെന്നുള്ള വിശദാംശം ലഭ്യമാക്കാമോ?

## സംസ്ഥാനത്തിന്റെ വരുമാന അടിത്തറ വിപുലീകരണം

61 **ശ്രീ. തോമസ് ഉണ്ണിയാടൻ**
**ശ്രീ. വർഗ്ഗീസ് മാമ്മൻ**
**ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നിർബന്ധിത ചെലവുകളുടെ തോത് ഉയർന്നുനിൽക്കുന്നത്, വികസന, അടിസ്ഥാന സൗകര്യ മേഖലകളിലെ

സർക്കാർ ചെലവിന്റെ ഗുണപരതയെ ദോഷകരമായി ബാധിക്കുന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ നിർബന്ധിത ചെലവുകളിലെ ഏത് ഇനമാണ് സാമ്പത്തിക മുൻഗണനകൾ നിശ്ചയിക്കുന്നതിന് കൂടുതൽ വെല്ലുവിളി ഉയർത്തുന്നതെന്ന് വിശദമാക്കാമോ;

(സി) ജി.എസ്.ഡി.പി.യുടെ ശതമാന കണക്കിൽ സംസ്ഥാനത്തിന്റെ മൂലധന ചെലവ് എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ; ഇത് ദേശീയ ശരാശരിയുമായും മറ്റ് തെന്നിന്ത്യൻ സംസ്ഥാനങ്ങളുമായും താരതമ്യപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) നിലവിൽ മൂലധന ചെലവ് കുറയുന്നത് ഭാവിയിലെ നികുതി വരുമാനത്തിലെ ഇടിവിനും തൽഫലമായി വീണ്ടും മൂലധനചെലവിലെ ക്ഷയത്തിനും കാരണമാകുമെന്നിരിക്കെ ഈ പ്രതിസന്ധിയെ എങ്ങനെ മറികടക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ;

(ഇ) സംസ്ഥാനത്തിന്റെ വരുമാന അടിത്തറ വിപുലീകരിക്കുന്നതിനായി ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സേവനമേഖലയെ വികസിപ്പിക്കുന്നതിനും പദ്ധതിയുണ്ടോ; വിശദമാക്കാമോ?

## <u>ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിലെ കാലതാമസം</u>

62 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ ക്ഷേമപെൻഷൻ വിതരണത്തിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ കാലതാമസത്തിനിടയായ കാരണം വ്യക്തമാക്കാമോ;

(ബി) എത്ര മാസത്തെ കുടിശ്ശികയാണ് ഇപ്രകാരം വിതരണം ചെയ്യുന്നതിൽ കാലതാമസമുണ്ടായതെന്ന് അറിയിക്കുമോ;

(സി) സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ സാമ്പത്തിക പ്രതിസന്ധി മൂലം കാലതാമസം നേരിട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആകെ എത്ര രൂപയുടെ ആനുകൂല്യങ്ങളാണ് കുടിശ്ശികയായുള്ളത്; ഏതൊക്കെ

ആനുകൂല്യങ്ങളാണ് വിതരണം ചെയ്യാതെ കുടിശ്ശികയായുള്ളത് എന്ന് വ്യക്തമാക്കാമോ?

## സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിന് കർമ്മപദ്ധതി

63 **ശ്രീ. വി. ടി. ബൽറാം**
**ശ്രീ. മനോജ് മൂത്തേടൻ**
**ശ്രീ. ടോണി ചമ്മണി**
**ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിലെ തെറ്റായ ധനകാര്യ മാനേജ്മെന്റിന്റെയും ധൂർത്തിന്റെയും ഫലമായി സംസ്ഥാനം കടുത്ത ധനകാര്യ സമ്മർദ്ദം നേരിടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ അനന്തരഫലങ്ങൾ കഴിഞ്ഞ പത്ത് വർഷത്തെ പദ്ധതി ചെലവുകളിൽ എങ്ങനെ പ്രതിഫലിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ പത്ത് വർഷം പദ്ധതി ചെലവുകളിൽ വെട്ടിക്കുറവ് വരുത്തിയതിനാൽ പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ബി.സി, ന്യൂനപക്ഷ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള സമൂഹത്തിന്റെ ക്ഷേമ വിഹിതത്തിൽ വലിയ കുറവ് സംഭവിച്ചത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(സി) വിഭവങ്ങളുടെ നീതിയുക്തമായ വിതരണത്തിന് അനുയോജ്യമായ രീതിയിൽ സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിന് കർമ്മപദ്ധതി ആവിഷ്കരിക്കുമോ; വ്യക്തമാക്കാമോ?

## സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയും സർക്കാരിന്റെ ബാധ്യതകളും

64 **ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. വി. ടി. സൂരജ്**
**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ പൊതുഖജനാവിൽ ലഭ്യമായ തുകയും സർക്കാരിലേയ്ക്ക് വന്ന ചേർന്ന ബാധ്യതകളും കുടിശികകളുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) സർക്കാർ സാമ്പത്തികഞെരുക്കം അഭിമുഖീകരിക്കേണ്ടിവരുമെന്ന് വിലയിരുത്തുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

**<u>മുൻ സർക്കാരിന്റെ നേട്ടങ്ങളുടെ പ്രചാരണത്തിനായി കിഫ്ബി ഫണ്ട്</u>**

65 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പരസ്യം നൽകുന്നതിനായി കിഫ്ബിയുടെ ഫണ്ട് ഉപയോഗിച്ചിട്ടുണ്ടോ; ഇതിനായി ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ തുക ചെലവഴിക്കുന്നത് നിയമപ്രകാരം അനുവദനീയമാണോ; അല്ലെങ്കിൽ ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>കിഫ്ബിയിലെ നിയമനങ്ങൾ</u>**

66 **ശ്രീ. ഉല്ലാസ് കോവൂർ**
**ശ്രീ. വിഷ്ണു മോഹൻ**
**ശ്രീ. വി. കുഞ്ഞികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ കിഫ്ബിയിൽ നടത്തിയിട്ടുള്ള നിയമനങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ കിഫ്ബിയിൽ നിയമിക്കപ്പെട്ടവർക്ക് മാനദണ്ഡം പാലിക്കാതെ ഉയർന്ന ശമ്പളം നൽകിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ നിയമിക്കപ്പെട്ടവർക്ക് യാതൊരു മാനദണ്ഡവും പാലിക്കാതെ ഭാരിച്ച ശമ്പളം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>കിഫ്ബി പദ്ധതികൾ</u>**

67 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർദ്ദേശിക്കപ്പെട്ട പ്രവർത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ നിയോജകമണ്ഡലം തിരിച്ച് വിശദമാക്കാമോ;

(ബി) അവയിൽ ഏതൊക്കെ പ്രവർത്തികളാണ് പൂർത്തീകരിച്ചത് എന്ന് വിശദമാക്കാമോ;

(സി) നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ഡി) ഇനിയും നടപ്പിലാക്കാനുള്ള പ്രവർത്തികൾ സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് പദ്ധതി തിരിച്ച് വിശദമാക്കാമോ?

## പുനലൂർ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

68 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജക മണ്ഡലത്തിൽ നിലവിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള കിഫ്ബി പ്രവൃത്തികൾ ഏതെല്ലാമെന്നും ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുക എത്രയെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത കിഫ്ബി പ്രവൃത്തികളുടെ നിർവ്വഹണ ചുമതല ആർക്കാണെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

## കിഫ്ബി വായ്പകളുടെ തിരിച്ചടവ്

69 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ**

**ശ്രീ. സി. കെ. കാസിം**

**ശ്രീ. പി. കെ. നവാസ്**

**ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി എടുക്കുന്ന വായ്പകളുടെ തിരിച്ചടവിനായി ഏതെല്ലാം രീതിയിലാണ് തുക കണ്ടെത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ബഡ്ജറ്റിന് പുറത്തുനിന്നുള്ള ഇത്തരം കടമെടുപ്പുകൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്താറുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഓഫ് ബഡ്ജറ്റ് കടമെടുപ്പുമൂലം ഖജനാവിനുണ്ടാകുന്ന അധിക ബാധ്യത സാമ്പത്തിക പ്രതിസന്ധിക്കു കാരണമാകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>കിഫ്ബി മൂലമുണ്ടായ സാമ്പത്തിക ബാധ്യത</u>**

70 **ശ്രീ. അൻവർ സാദത്ത്**

**ശ്രീ. നീലകണ്ഠൻ**

**ശ്രീ. സന്ദീപ് വാര്യർ**

**ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ കിഫ്ബിക്ക് നല്കിയ ആകെ തുകയെത്രയെന്ന് വ്യക്തമാക്കാമോ; കിഫ്ബിക്ക് വകയിരുത്തിയ ബജറ്റ് വിഹിതം, കിഫ്ബിക്കു വേണ്ടി എടുത്ത കടം എന്നിവയുടെ വിശദാംശങ്ങൾ നല്കാമോ;

(ബി) കിഫ്ബി സി.എ.ജി. യുടെ ഓഡിറ്റിന് വിധേയമായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓഡിറ്റിലെ നിരീക്ഷണങ്ങൾ വിശദമാക്കാമോ;

(സി) കിഫ്ബി വഴി സർക്കാരിനുണ്ടായ ബാധ്യതകൾ പരിഹരിക്കാനും കിഫ്ബി പദ്ധതി തുടരാനും ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള മാർഗ്ഗങ്ങളും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളും വ്യക്തമാക്കാമോ?

**<u>കോതമംഗലം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ</u>**

71 **ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളും അവയുടെ നിലവിലുള്ള അവസ്ഥയും വിശദീകരിക്കാമോ;

(ബി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള തങ്കളം - കാക്കനാട് നാലുവരിപ്പാത പൂർത്തീകരിക്കുന്നതിന് സ്വീകരിക്കാൻ കഴിയുന്ന നടപടികൾ വിശദീകരിക്കാമോ?

**<u>കിഫ്ബി ഫണ്ട് വിതരണത്തിലെ അസന്തുലിതാവസ്ഥയും അടിസ്ഥാനസൗകര്യ വികസനവും</u>**

72 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി ഉഷ വിജയൻ**
**ശ്രീ. കെ. എം. അഭിജിത്ത്**
**ശ്രീ. കെ. പ്രവീൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാണോ; വ്യക്തമാക്കാമോ;

(ബി) കിഫ്ബി പദ്ധതികളിലെ ഫണ്ട് വിതരണത്തിൽ ജില്ലാ അടിസ്ഥാനത്തിലുള്ള അസന്തുലിതാവസ്ഥയും എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് അർഹമായ വിഹിതം നിഷേധിക്കപ്പെട്ടു എന്ന ആക്ഷേപത്തിന്റെ നിജസ്ഥിതിയും വ്യക്തമാക്കാമോ;

(സി) അധിക സാമ്പത്തിക ബാധ്യത ലഘൂകരിക്കുന്നതിനൊപ്പം അടിസ്ഥാന സൗകര്യവികസന പദ്ധതികൾ മുന്നോട്ട് കൊണ്ടുപോകുന്നതിന് എന്ത് നടപടികളാണ് പരിഗണനയിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) കിഫ്ബിയുടെ സാമ്പത്തിക പദവിയിലും അധികാരപരിധിയിലും എന്തെങ്കിലും മാറ്റങ്ങൾ കൊണ്ടുവരാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആ മാറ്റങ്ങൾ എത്രത്തോളം ഗുണകരമാവും എന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

73 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികളെക്കുറിച്ച് വിശദീകരിക്കാമോ; പദ്ധതിയിൽ ഉൾപ്പെട്ട പെരുമ്പാവൂർ ബൈപ്പാസിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

## ആലത്തൂർ ബൈപ്പാസ് നിർമ്മാണം

74 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ പദ്ധതികളാണ് മുൻസർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി കിഫ്‌ബി മുഖേനയാണോ നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ ഇതുവരെ ഏതൊക്കെ പ്രവൃത്തികൾക്കായി എത്ര രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ;

(ഇ) കിഫ്‌ബി മുഖേന ഇനിയും എത്ര രൂപയുടെ ധനസഹായമാണ് ടി പദ്ധതിക്ക് ലഭിക്കുവാനുള്ളത് എന്ന് വ്യക്തമാക്കാമോ?

## കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കിഫ്‌ബി പദ്ധതികൾ

75 **ശ്രീ. വി. പി. സജീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ കിഫ്‌ബി പദ്ധതികളെക്കുറിച്ച് വിശദീകരിക്കാമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ കിഫ്‌ബി പ്രവൃത്തികൾ

76 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ചങ്ങനാശ്ശേരി മണ്ഡലത്തിൽ കിഫ്‌ബി മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്കാണ് കിഫ്‌ബി അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; അംഗീകാരം നൽകാനുള്ള പ്രവൃത്തികൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ;

(സി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## തൃശ്ശൂർ ജില്ലയിൽ കിഫ്‌ബി മുഖേന നടപ്പിലാക്കിയ പദ്ധതികൾ

77 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ കിഫ്ബി മുഖേന നടപ്പിലാക്കിയ പദ്ധതികളിൽ ഇനിയും പൂർത്തീകരിക്കാനുള്ളതും, പ്രാരംഭ ദിശയിൽ തന്നെ അവശേഷിക്കുന്നതുമായ ഏതെല്ലാം പദ്ധതികളാണ് ഉള്ളതെന്ന് മണ്ഡലം തിരിച്ച് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനു വേണ്ടി പ്രവർത്തിക്കുന്ന കിഫ്ബി-യെ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## <u>കിഫ്ബി നടത്തിയ ഇടപാടുകളെക്കുറിച്ച് അന്വേഷണം</u>

78 **ശ്രീ. ടി. ജെ. വിനോദ്**

**ശ്രീമതി ഉഷ വിജയൻ**

**ശ്രീ. കെ. എം. അഭിജിത്ത്**

**ശ്രീ. കെ. പ്രവീൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021, 2021-2026 സർക്കാരുകളുടെ കാലഘട്ടത്തിൽ കിഫ്ബി നടത്തിയ ഇടപാടുകളെക്കുറിച്ച് അന്വേഷിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(ബി) കിഫ്ബിയിൽ ക്രമക്കേട്, ഫണ്ട് വകമാറ്റൽ, ബന്ധു നിയമനം, ധൂർത്ത് എന്നിവ നടന്നതായുള്ള ആരോപണത്തെക്കുറിച്ച് അന്വേഷിക്കുമോ;

(സി) മസാല ബോണ്ട് വിതരണ ചെലവുകൾ, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് വഴിയുള്ള കൺസൾട്ടൻസി പേയ്മെന്റുകൾ, വായ്പയെടുത്ത ഫണ്ടുകൾ ബാങ്കുകളിൽ തന്നെ തിരികെ നിക്ഷേപിച്ച സംഭവങ്ങൾ എന്നിവ കൂടി ഉൾപ്പെടുത്തി കിഫ്ബിയിൽ സമഗ്ര ഓഡിറ്റിങ് നടപ്പാക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>കിഫ്ബി പദ്ധതികൾ</u>

79 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതികൾ ഏതൊക്കെ സ്ഥാപനങ്ങൾ മുഖേനയാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) കിഫ്ബി പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിനു കില-യ്ക്കുള്ള സാങ്കേതിക പരിചയം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) കിഫ്ബി പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര ജീവനക്കാർ കില-യിൽ ജോലി ചെയ്യുന്നുണ്ട്; ഇവരുടെ നിയമനരീതി എങ്ങനെയാണെന്നും ഇവർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്ന ഇനത്തിൽ എത്ര രൂപ ചിലവ് വരുന്നുണ്ടെന്നും വ്യക്തമാക്കാമോ?

## <u>വളാഞ്ചേരി നഗരസഭാ കെട്ടിട നിർമ്മാണം</u>

80 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമായിട്ടുള്ള കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭാ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ പുതുക്കിയ സാമ്പത്തികാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോ; പ്രവൃത്തി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇനി എന്തെല്ലാം നടപടികളാണ് അവശേഷിക്കുന്നതെന്ന് അറിയിക്കുമോ; പ്രവൃത്തി എത്രയും വേഗം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

## <u>കുറ്റ്യാടി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ</u>

81 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ നിർമ്മാണം തുടങ്ങിയവയും ഇനി തുടങ്ങാനുള്ളതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) നിർമ്മാണം തുടങ്ങിയവയുടെ പുരോഗതി വിശദമാക്കാമോ;

(ഡി) നിർമ്മാണം തുടങ്ങിയവ വേഗത്തിൽ പൂർത്തിയാക്കുന്നതിനും നിർമ്മാണം ആരംഭിക്കാത്തവ വേഗത്തിൽ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>പതിനാറുങ്ങൽ വെന്നിയൂർ ബൈപ്പാസ് റോഡ് നിർമ്മാണം</u>

82 **ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പതിനാറുങ്ങൽ വെന്നിയൂർ ബൈപ്പാസ് റോഡ് നിർമ്മാണത്തിന് കിഫ്ബി ബോർഡിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ അനുമതി ലഭ്യമാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് അനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ ടി പദ്ധതിയുടെ നിർവഹണ ഏജൻസിയായ കെ.ആർ.എഫ്.ബി.(കേരള റോഡ് ഫണ്ട് ബോർഡ്) കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

## <u>പുതുക്കാട് മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ</u>

83 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ പുതുക്കാട് മണ്ഡലത്തിൽ നടപ്പാക്കുന്ന പുതുക്കാട് റെയിൽവേ ഓവർ ബ്രിഡ്ജ്, പുതുക്കാട് -മുപ്ലിയം - കോടാലി റോഡ്, മലയോര ഹൈവേ വിളങ്ങന്നൂർ മുതൽ വെള്ളിക്കുളങ്ങര വരെയുള്ള ഭാഗം, നിർമ്മാണം തുടങ്ങിയ പ്രവൃത്തികളുടെ നിർമ്മാണം ഉടൻ ആരംഭിയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ചവ ഏതെല്ലാമാണ്; അവയുടെ എഗ്രിമെന്റ് നടപടികൾ പൂർത്തിയാക്കുന്നതിനും നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## തലശ്ശേരി നിയോജക മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

84 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖാന്തിരമുള്ള പദ്ധതികളിൽ ഇനീയും പൂർത്തിയാകാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്ന് ആയതിന്റെ തുകയുൾപ്പെടെ വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ഇതുവരെ എന്തൊക്കെ നടപടിക്രമങ്ങൾ ആണ് സ്വീകരിച്ചിട്ടുള്ളത്; ആയത് പൂർത്തീകരിക്കുന്നതിന് ഇനിയും എന്തൊക്കെ നടപടിക്രമങ്ങളാണ് ഉള്ളതെന്ന് ക്രമംതിരിച്ച് വ്യക്തമാക്കാമോ?

## മുതലമട മാംഗോ ഹബ്ബ്

85 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ മുതലമട മാംഗോ ഹബ്ബിന്റെ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## നാട്ടിക നിയോജക മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്

86 **ശ്രീമതി ഗീതാ ഗോപി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-26 കാലയളവിൽ നാട്ടിക നിയോജക മണ്ഡലത്തിൽ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തികൾക്കും അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ പുരോഗതി എന്താണെന്നും വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## മാനന്തവാടി മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികൾ

87 **ശ്രീമതി ഉഷ വിജയൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് മാനന്തവാടി നിയോജകമണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ,

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

**<u>തിരുവല്ല നിയോജക മണ്ഡലത്തിലെ പദ്ധതികൾ</u>**

88 **ശ്രീ. വർഗ്ഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം മുതൽ 2025-26 സാമ്പത്തിക വർഷം വരെ തിരുവല്ല നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ട്, സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട് തുടങ്ങിയവയിൽ എത്ര രൂപ അനുവദിച്ചു; ചെലവായ തുകയുടെ വിവരങ്ങളും പ്രസ്തുത പദ്ധതികളുടെ പട്ടിക തിരിച്ചുള്ള വിവരങ്ങളും ലഭ്യമാക്കാമോ?

**<u>അഴിക്കോട് മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് പ്രവൃത്തികൾ</u>**

89 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിക്കോട് മണ്ഡലത്തിൽ 2024-25, 2025-26 സാമ്പത്തിക വർഷത്തിൽ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന നിധി എന്നിവ ഉപയോഗിച്ച് ശിപാർശ ചെയ്ത പ്രവൃത്തികൾ ഏതൊക്കെയെന്നും ഓരോന്നിന്റെയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിൽ ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ?

**<u>നെന്മാറ നിയോജക മണ്ഡലത്തിലെ ആസ്തിവികസന ഫണ്ട്</u>**

90 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിന് അനുവദിച്ച ആസ്തിവികസന ഫണ്ട് മുഖേന നടത്തിയ പ്രവൃത്തികളുടെ ടെൻഡർ-സേവിംഗ്സ് ഇനത്തിൽ എത്ര തുകയാണ് ബാക്കിയുള്ളതെന്ന് വിശദമാക്കുമോ?

**തലശ്ശേരി നിയോജക മണ്ഡലത്തിലെ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട്**

91 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24, 2024-25 കാലയളവിൽ തലശ്ശേരി നിയോജക മണ്ഡലത്തിലെ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് പ്രത്യേകാനുമതി നൽകാനുള്ളതെന്നും പ്രത്യേകാനുമതി നൽകുന്നതിന് എന്തൊക്കെ നടപടിക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

**തലശ്ശേരി നിയോജക മണ്ഡലം എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട്**

92 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിലെ എം.എൽ.എ-യുടെ ആസ്തിവികസന ഫണ്ടിൽ, 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിലെ എന്തൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് വേണ്ടി ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ആയത് പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഉള്ളതെന്നും ഓരോന്നും പ്രത്യേകം വ്യക്തമാക്കാമോ?

**അഴീക്കോട് മണ്ഡലത്തിലെ ആസ്തിവികസന ഫണ്ട്**

93 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ എം.എൽ.എ. യുടെ ആസ്തിവികസന ഫണ്ട്, പ്രത്യേക വികസന നിധി എന്നിവ ഉപയോഗിച്ച് ശിപാർശ ചെയ്ത പ്രവൃത്തികളിൽ ഫിനാൻസ് നോഡൽ - സി, നോഡൽ - ബി എന്നീ

സെക്ഷനുകളിൽ പ്രത്യേകാനുമതിക്കായുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും ആയതിന്റെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(ബി) ഇവയ്ക്ക് പ്രത്യേകാനുമതി നൽകുന്നതിന് എന്തെങ്കിലും തടസങ്ങൾ നിലനിൽക്കുന്നുണ്ടോ; വിശദമാക്കുമോ?

**<u>നാട്ടിക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ</u>**

94 **ശ്രീമതി ഗീതാ ഗോപി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നാട്ടിക നിയോജക മണ്ഡലത്തിൽ എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയും പദ്ധതിയുടെ നിലവിലെ പുരോഗതിയും വ്യക്തമാക്കാമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

**<u>മാനന്തവാടി മണ്ഡലത്തിലെ പ്രാദേശിക വികസന പ്രവൃത്തികൾ</u>**

95 **ശ്രീമതി ഉഷ വിജയൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ മാനന്തവാടി നിയോജക മണ്ഡലത്തിൽ എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമെന്നു വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

**<u>ഗവൺമെൻറ് ഇ-മാർക്കറ്റ് പ്ലെയ്സിന്റെ (ജി.ഇ.എം) അപ്രായോഗികത</u>**

96 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെൻറ് ഇ-മാർക്കറ്റ് പ്ലെയ്സിന്റെ (ജി.ഇ.എം.) പോർട്ടലിൽ നിന്ന് തന്നെ വാങ്ങണം എന്നുള്ള നിർദ്ദേശം മൂലം എം.എൽ.എ.യുടെ പ്രാദേശിക വികസന നിധിയിൽ നിന്ന് അനുവദിക്കുന്ന തുകയ്ക്കുള്ള വാഹനങ്ങൾ, ആംബുലൻസുകൾ, മറ്റ് ഉപകരണങ്ങൾ, സാമഗ്രികൾ

എന്നിവ പ്രസ്തുത പോർട്ടലിൽ ലഭ്യമല്ലാത്തതിനാൽ അവ വിതരണം ചെയ്യുന്നതിനുള്ള തടസ്സം നീക്കുന്നതിനുള്ള നടപടി ധനവകുപ്പിന്റെ ഭാഗത്ത് നിന്നുണ്ടാകുമോ എന്ന് വ്യക്തമാക്കാമോ;

(ബി) മുൻകാലങ്ങളിൽ ചെയ്തിരുന്നത് പോലെ ടെൻഡറുകൾ ക്ഷണിച്ച് എം.എൽ.എ.യുടെ പ്രാദേശിക വികസന നിധിയിൽ നിന്ന് വാഹനങ്ങൾ, ആംബുലൻസുകൾ, മറ്റ് ഉപകരണങ്ങൾ, സാമഗ്രികൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള ഉത്തരവ് ഉണ്ടാകുമോ എന്ന് വ്യക്തമാക്കാമോ;

(സി) ഗവൺമെൻറ് ഇ-മാർക്കറ്റ് പ്ലെയ്സിന്റെ (ജി.ഇ.എം.) പോർട്ടലിൽ ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ള വാഹനങ്ങൾ, ആംബുലൻസുകൾ, മറ്റു ഉപകരണങ്ങൾ, മറ്റ് സാമഗ്രികൾ തുടങ്ങിയവ കൂടുതൽ ഗുണനിലവാരത്തിലും പോർട്ടലിൽ നിഷ്കർഷിച്ചിരിക്കുന്ന വിലയേക്കാൾ കുറച്ചും പുറമേനിന്ന് വാങ്ങുവാൻ കഴിയുമെന്ന വസ്തുത ധനവകുപ്പിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) എം.എൽ.എ. മാരുടെ പ്രാദേശിക വികസന നിധിയിലൂടെ ഗവൺമെൻറ് ഇ-മാർക്കറ്റ് പ്ലെയ്സിന്റെ (ജി.ഇ.എം.) പോർട്ടലിൽ ലിസ്റ്റ് ചെയ്യപ്പെട്ടവ മാത്രമേ ലഭ്യമാക്കാവൂ എന്ന നിർദ്ദേശം പ്രാദേശിക വികസന നിധിയുടെ വിനിയോഗത്തിൽ പ്രായോഗികമല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) എം.എൽ.എ. മാരുടെ പ്രാദേശിക വികസന നിധിയിൽ നിന്ന് വാഹനങ്ങൾ, ആംബുലൻസുകൾ, മറ്റു ഉപകരണങ്ങൾ, മറ്റ് സാമഗ്രികൾ തുടങ്ങിയവ ആവശ്യാനുസരണം ലഭ്യമാക്കുന്നതിന് ടെൻഡറുകൾ ക്ഷണിച്ച് ഫലപ്രദമായി നടപ്പിലാക്കിയിരുന്ന മുൻകാല രീതികൾക്ക് മാറ്റം വരുത്തി ഗവൺമെൻറ് ഇ-മാർക്കറ്റ് പ്ലെയ്സിന്റെ (ജി.ഇ.എം.) പോർട്ടലിൽ കൂടി മാത്രമേ ഇക്കാര്യങ്ങൾ നിർവഹിക്കാവൂ എന്ന നിർദ്ദേശത്തിന്റെ കാരണം വ്യക്തമാക്കാമോ?

<u>**പാറശ്ശാല നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ**</u>

97 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജക മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് (അസറ്റ്

ഡവലപ്മെന്റ് ഫണ്ട്), പ്രാദേശിക വികസന ഫണ്ട് (ലോക്കൽ ഡവലപ്മെന്റ് ഫണ്ട്), മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് വികസന പദ്ധതി എന്നിവ വിനിയോഗിച്ച് അനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഓരോന്നിന്റെയും നിലവിലെ സ്ഥിതി (ഭരണാനുമതി / സാങ്കേതികാനുമതി / ടെൻഡർ നടപടികൾ / നിർമ്മാണത്തിൽ / പൂർത്തിയായവ) തരം തിരിച്ചു വ്യക്തമാക്കാമോ;

(സി) അനുവദിക്കപ്പെട്ട പ്രവൃത്തികളിൽ പൂർത്തിയാകാത്തവ ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നും കാലതാമസത്തിനുള്ള കാരണങ്ങൾ എന്താണെന്നും തരം തിരിച്ച് വിശദമാക്കാമോ?

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്**

98 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ചങ്ങനാശ്ശേരി മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ചങ്ങനാശ്ശേരി മണ്ഡലത്തിൽ സ്പെഷ്യൽ ഡെവലപ്പ്മെന്റ് ഫണ്ടിൽ എത്ര രൂപയുടെ പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അതിൽ എത്ര രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

**പങ്കാളിത്ത പെൻഷൻ പദ്ധതി വിഹിത**

99 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടായിരത്തി പതിമൂന്നിന് ശേഷം സർവീസിൽ പ്രവേശിച്ച സർക്കാർ ജീവനക്കാർക്ക് ഏർപ്പെടുത്തിയ പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്ന കാര്യത്തിൽ നിലപാട് എന്താണെന്ന് അറിയിക്കാമോ;

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട എത്ര ജീവനക്കാർ നിലവിൽ ഉണ്ടെന്നും പ്രസ്തുത ജീവനക്കാരുടെ പെൻഷൻ വിഹിതവും

സർക്കാർ വിഹിതവും പ്രതിമാസം എത്രരൂപയാണെന്നും വ്യക്തമാക്കാമോ;

(സി) ഇപ്രകാരം ലഭിക്കുന്ന തുക ഓരോ മാസവും എവിടെയാണ് നിക്ഷേപിക്കുന്നതെന്നും പ്രസ്തുത അക്കൗണ്ടിൽ നാളിതുവരെ എത്ര തുക നിക്ഷേപിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## മെഡിസെപ്പ് പരിഷ്കരണം

100 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു സർക്കാർ ജീവനക്കാരൻ മെഡിസെപ്പ് പദ്ധതിയിൽ അംഗമാകുമ്പോൾ ആ വ്യക്തിക്കും കുടുംബത്തിനും ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ കിട്ടുന്ന സാഹചര്യത്തിൽ ആ കുടുംബത്തിലെ പരിരക്ഷ ലഭിക്കുന്ന മറ്റ് സർക്കാർ ജീവനക്കാരിൽ നിന്നും മെഡിസെപ്പ് പ്രീമിയം ഈടാക്കുന്നത് ഒഴിവാക്കുമോ എന്ന് വ്യക്തമാക്കാമോ;

(ബി) മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടാത്ത ആശുപത്രികളിൽ നിന്ന് സർക്കാർ ജീവനക്കാർ ചികിത്സ തേടുന്നതിന് മറ്റൊരു ഇൻഷുറൻസ് പദ്ധതിയിൽ കൂടി ചേരേണ്ടി വരുന്ന സാഹചര്യം പരിഗണിച്ചുകൊണ്ട് മറ്റ് ആരോഗ്യ ഇൻഷുറൻസുകൾ എടുത്തിട്ടുള്ളവർക്ക് മെഡിസെപ്പിൽ നിന്ന് ഒഴിവാകുന്നതിനുള്ള അവസരം ലഭ്യമാക്കുമോ ;

(സി) മെഡിസെപ്പ് പദ്ധതി നടപ്പിലാക്കിയിട്ടുള്ള ആശുപത്രികളിൽ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും പൂർണ്ണമായും പണരഹിത ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## പുനലൂർ മണ്ഡലത്തിലെ ബജറ്റിൽ അനുവദിച്ച പ്രവൃത്തികൾ .

101 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജക മണ്ഡലത്തിൽ 2021 - 22, 2022 - 23, 2023 - 24, 2024 - 25, 2025 - 26 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഇരുപത് ശതമാനം തുക വകയിരുത്തി ബഡ്ജറ്റിൽ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും, ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുക എത്രയെന്നും, നിർവ്വഹണ വകുപ്പ് ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) മേൽ സൂചിപ്പിച്ച സാമ്പത്തിക വർഷങ്ങളിൽ ഇരുപത് ശതമാനം തുക വകയിരുത്തി ബഡ്ജറ്റിൽ അനുവദിച്ച പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും നാളിതുവരെ ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ ഇരുപത് ശതമാനം തുക വകയിരുത്തി ബഡ്ജറ്റിൽ അനുവദിച്ച പ്രവൃത്തികളിൽ ഏതെങ്കിലും പ്രവൃത്തികൾ ഒഴിവാക്കി പകരം നൽകുകയോ, പ്രവൃത്തികളുടെ പേരിൽ മാറ്റം വരുത്തുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് ധനകാര്യ വകുപ്പ് ബജറ്റ് വിഭാഗം നൽകിയിട്ടുള്ള ഉത്തരവ് ലഭ്യമാക്കാമോ?

## <u>സംസ്ഥാന സർക്കാരിന്റെ ചെലവുകൾ</u>

102 **ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 3999 വരെയുള്ള മുഖ്യ ശീർഷകങ്ങളിൻ കീഴിൽ 01 (ശമ്പളം) മുതൽ 99 വരെയുള്ള ഡീറ്റൈൽഡ് ശീർഷകങ്ങളിൽ 2016-2017 സാമ്പത്തിക വർഷം മുതൽ 2025-2026 വരെയുള്ള ചിലവ് തുക (charged /voted non plan/ plan) സാമ്പത്തിക വർഷം തിരിച്ച് നൽകാമോ;

(ബി) ഏതൊക്കെ സർക്കാർ /സർക്കാർ ഇതര സാമ്പത്തിക ബാധ്യതകളുടെ പലിശയാണ് ബഡ്ജറ്റ് ചിലവിൽ ഉൾപ്പെടുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) 2016-2017 മുതൽ 2025-2026 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ വിവിധ ഇനങ്ങളിലുള്ള പലിശ ഇനത്തിൽ ചെലവായ തുക ആയതിന്റെ ഡെബിറ്റ് ശീർഷകത്തിൽ തിരിച്ച് നൽകാമോ?

## <u>കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പദ്ധതികൾ</u>

103 **ശ്രീ. വി. പി. സജീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ (പത്ത് വർഷങ്ങളിൽ) കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ ബഡ്ജറ്റിൽ 20% ടോക്കൺ പ്രൊവിഷൻ ലഭിച്ച പദ്ധതികൾ ഏതൊക്കെയാണ് ; ഇവയിൽ പൂർത്തീകരിക്കാത്ത പദ്ധതികൾ ഏതൊക്കെയെന്ന് വിശദീകരിക്കാമോ;

(ബി) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളും അവയുടെ നിലവിലുള്ള അവസ്ഥയും വിശദീകരിക്കാമോ?

**കോതമംഗലം നിയോജകമണ്ഡലത്തിലെ പദ്ധതികൾ**

104 **ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷത്തെ കാലയളവിൽ കോതമംഗലം നിയോജക മണ്ഡലത്തിൽ ബജറ്റിൽ 20% ടോക്കൺ പ്രൊവിഷൻ ലഭിച്ച പദ്ധതികൾ ഏതൊക്കെയാണ്; ഇവയിൽ പൂർത്തീകരിക്കാത്ത പദ്ധതികളെ കുറിച്ച് വിശദമാക്കാമോ?

**പെരുമ്പാവൂരിലെ പൂർത്തീകരിക്കാത്ത ബഡ്ജറ്റ് പദ്ധതികൾ**

105 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷ കാലയളവിൽ പെരുമ്പാവൂർ നിയോജക മണ്ഡലത്തിൽ ബഡ്ജറ്റിൽ ഇരുപത് ശതമാനം ടോക്കൺ പ്രൊവിഷൻ ലഭിച്ച പദ്ധതികളിൽ പൂർത്തീകരിക്കാത്ത പദ്ധതികളെ കുറിച്ച് വിശദീകരിക്കാമോ?

**മാവേലിക്കര നിയോജക മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ**

106 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ 2024-25, 2025-26, 2026-27 സാമ്പത്തിക വർഷങ്ങളിൽ മാവേലിക്കര നിയോജക മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ തൽസ്ഥിതി വിവരം ലഭ്യമാക്കുമോ?

**തലശ്ശേരി നിയോജക മണ്ഡലത്തിൽ ബജറ്റിൽ അനുവദിച്ച പദ്ധതികൾ**

107 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിൽ 2023-24, 2024-25, 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണ്; പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണത്തിന് ഇതുവരെ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണ്; ഓരോന്നിനും അനുവദിച്ച തുകയടക്കം വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തികളിൽ ഇതുവരെ ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയ്ക്ക് ഭരണാനുമതി ലഭിക്കുന്നതിന് എന്തൊക്കെ നടപടിക്രമങ്ങൾ ഉണ്ടെന്നും വ്യക്തമാക്കാമോ?

## <u>സാമ്പത്തിക പ്രതിസന്ധി</u>

108 **ശ്രീ. വി. പി. സജീന്ദ്രൻ**
**ശ്രീ. സേനാപതി വേണു**
**ശ്രീ. അബിൻ വർക്കി കോടിയാട്ട്**
**ശ്രീ. സി. വി. ശാന്തകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും എത്ര ദിവസം വേയ്സ് ആൻഡ് മീൻസ് അഡ്വാൻസസ് സംവിധാനത്തെ ആശ്രയിച്ചതായും എത്ര ദിവസം ഓവർഡ്രാഫ്റ്റിൽ ആയിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) തുടർച്ചയായ ഓവർഡ്രാഫ്റ്റ് നിയന്ത്രണങ്ങൾ കാരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടുകൾ, കരാറുകാരുടെ ബില്ലുകൾ എന്നിവ യഥാസമയം മാറാൻ കഴിയാതെ വന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം പ്രതിസന്ധികൾ ആവർത്തിക്കാതിരിക്കാൻ വേണ്ടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

## <u>കൊണ്ടോട്ടിയിൽ കെ.എസ്.എഫ്.ഇ. ബ്രാഞ്ച്</u>

109 **ശ്രീ. ടി. പി. അഷ്റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. യുടെ ബ്രാഞ്ച് കൊണ്ടോട്ടിയിൽ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കെ.എസ്.എഫ്.ഇ. യുടെ ബ്രാഞ്ച് കൊണ്ടോട്ടിയിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>സർക്കാർ കേസുകൾക്ക് വേണ്ടി നിയമിതരായ അഭിഭാഷകർ</u>**

110 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹൈക്കോടതിയിൽ സർക്കാറിന് വേണ്ടി കേസുകൾ വാദിക്കാൻ 2016 മെയ് മാസം മുതൽ 2026 ഏപ്രിൽ 30 വരെ നിയമിതരായിട്ടുള്ള പ്ലീഡർമാരുടെ വിവരവും അവർക്ക് ശമ്പള ഇനത്തിലും മറ്റുതരത്തിലും ലഭ്യമാക്കിയിട്ടുള്ള തുകയുടെ വിവരവും പ്രത്യേകം ലഭ്യമാക്കാമോ;

(ബി) സുപ്രീം കോടതിയിൽ സർക്കാറിന് വേണ്ടി കേസുകൾ വാദിക്കാൻ 2016 മെയ് മാസം മുതൽ 2026 ഏപ്രിൽ 30 വരെ നിയമിതർ ആയിട്ടുള്ള സർക്കാർ അഭിഭാഷകരുടെയും കൗൺസിൽമാരുടെയും വിവരവും അവർക്ക് ശമ്പള ഇനത്തിലും മറ്റുതരത്തിലും ലഭ്യമാക്കിയിട്ടുള്ള തുകയുടെ വിവരവും പ്രത്യേകം ലഭ്യമാക്കാമോ;

(സി) സുപ്രീംകോടതിയിലും ഹൈക്കോടതിയിലും മറ്റു കോടതികളിലും വിവിധ കേസുകൾ വാദിക്കുന്നതിന് 2016 മെയ് മാസം മുതൽ 2026 ഏപ്രിൽ 30 വരെ സർക്കാർ നിയമിച്ചിട്ടുള്ള പബ്ലിക് പ്രോസിക്യൂട്ടർമാർ, സ്പെഷ്യൽ പ്രോസിക്യൂട്ടർമാർ, മറ്റ് അഭിഭാഷകർ എന്നിവരുടെ വിവരവും, അവർക്ക് സർക്കാർ ശമ്പളയിനത്തിലും മറ്റ് തരത്തിലും ലഭ്യമാക്കിയിട്ടുള്ള തുകയുടെ വിവരവും പ്രത്യേകം ലഭ്യമാക്കാമോ;

(ഡി) സർക്കാർ നിയമിച്ചിട്ടുള്ള അഭിഭാഷകർക്ക് പുറമേ കേസുകൾ വാദിക്കാൻ സുപ്രീംകോടതി, ഹൈക്കോടതി, മറ്റ് കോടതികൾ എന്നിവിടങ്ങളിൽ അഭിഭാഷകരെ 2016 മെയ് മാസം മുതൽ 2026 ഏപ്രിൽ 30 വരെ നിയോഗിച്ചിട്ടുണ്ടെങ്കിൽ ഏതെല്ലാം കേസുകൾക്ക് വേണ്ടിയാണ് അതെന്നും അതിനുവേണ്ടി നിയോഗിക്കപ്പെട്ട അഭിഭാഷകർക്ക് ഫീസിനത്തിലും യാത്രാപടിയായും മറ്റുതരത്തിലും നൽകിയിട്ടുള്ള തുക എത്രയാണെന്നും പ്രത്യേകം അറിയിക്കാമോ?

**<u>കൊണ്ടോട്ടിയിൽ മുൻസിഫ് കോടതി</u>**

111 **ശ്രീ. ടി. പി. അഷ്റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി താലൂക്കിൽ മുൻസിഫ് കോടതി ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മുൻസിഫ് കോടതി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇല്ലെങ്കിൽ, ഒരു കോടതി പോലും നിലവിലില്ലാത്ത കൊണ്ടോട്ടി താലൂക്കിൽ മുൻസിഫ് കോടതി ആരംഭിക്കുന്ന കാര്യം അടിയന്തിരമായി പരിഗണിക്കുമോ?

## മഞ്ചേശ്വരം താലൂക്ക് മുൻസിഫ് കോടതി

112 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ മുൻസിഫ് കോടതി തുടങ്ങുന്നത് പരിഗണനയിൽ ഉണ്ടോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ?

## നിലമ്പൂർ കോടതി സമുച്ചയത്തിലെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം

113 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ കോടതി സമുച്ചയത്തിൽ ആവശ്യത്തിനുള്ള സ്ഥലസൗകര്യം ഇല്ലാത്തതിനാൽ ജെ. എഫ്. സി. എം. കോടതിയും മുൻസിഫ് മജിസ്ട്രേറ്റ് കോടതിയും ഒട്ടനവധി കേസുകൾ തീർപ്പാക്കാൻ ഉണ്ടെങ്കിലും ആഴ്ചയിൽ മൂന്ന് ദിവസം വീതം മാത്രമാണ് പ്രവർത്തിക്കുന്നതെന്നും സ്ഥലപരിമിതി മൂലം പോക്സോ കോടതി, കുടുംബ കോടതി (ക്യാമ്പ് സിറ്റിംഗ്) തുടങ്ങിയവ പ്രസ്തുത സമുച്ചയത്തിന് പുറത്താണ് പ്രവർത്തിക്കുന്നതെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലമ്പൂർ കോടതി സമുച്ചയത്തിലെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി എന്തെങ്കിലും തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ കെട്ടിട നിർമ്മാണം ആരംഭിക്കുവാൻ കാലതാമസം വരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

## അജാനൂർ ഫിഷിങ് ഹാർബർ

114 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അജാനൂർ ഫിഷിങ് ഹാർബർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളും ഏജൻസികളും നടത്തിയ പഠനങ്ങൾ, തയ്യാറാക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവയുടെ വിശദാംശങ്ങളും പകർപ്പുകളും ലഭ്യമാക്കാമോ;

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട് പി. എം. എം. എസ്. വൈ. സ്വീകരിച്ച നടപടികളുടേയും നൽകിയ റിപ്പോർട്ടുകളുടേയും വിശദാംശങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ?

**<u>തുറമുഖ വകുപ്പിന് കീഴിലുള്ള നിഷ്ക്രീയ ആസ്തികൾ വികസിപ്പിക്കുന്നതിന് നടപടി</u>**

115 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖ വകുപ്പിന് കീഴിലുള്ള നിഷ്ക്രിയ ആസ്തികൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

**<u>കേരള തീരത്ത് നോൺ മേജർ തുറമുഖങ്ങളിൽ ആരംഭിക്കുന്ന പദ്ധതികൾ</u>**

116 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തീരത്ത് നോൺ മേജർ തുറമുഖങ്ങൾ ബന്ധിപ്പിച്ചുള്ള ചരക്ക് ഗതാഗതം ആരംഭിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) നോൺ മേജർ തുറമുഖങ്ങളിൽ സ്വദേശ - വിദേശ കപ്പലുകൾ കയറ്റ് ഇറക്കുമതി സുഗമമാക്കാൻ എന്തെല്ലാം സൗകര്യങ്ങളാണ് നിലവിലുള്ളതെന്നും ഇതിനായി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

**<u>അഴീക്കൽ പോർട്ടിലെ പ്രവർത്തനങ്ങൾ</u>**

117 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 - 26 കാലഘട്ടത്തിൽ അഴീക്കൽ പോർട്ടിൽ നടത്തിയ പ്രവൃത്തികൾ, തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ആരംഭിച്ച പ്രവൃത്തികൾ, പൂർത്തിയായവ, ആരംഭിക്കാനുള്ളവ എന്നിവ തരം തിരിച്ച് ലഭ്യമാക്കാമോ?

**മിഷൻ സമുദ്ര**

118 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. നീലകണ്ഠൻ**
**ശ്രീ. സന്ദീപ് വാര്യർ**
**ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശത്തെയും നദികളെയും കായലുകളെയും രാജ്യാന്തര വിമാനത്താവളങ്ങളെയും ബന്ധിപ്പിക്കുന്ന 'മിഷൻ സമുദ്ര' എന്ന പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പദ്ധതി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ?

**ബേപ്പൂർ തുറമുഖ നവീകരണ പദ്ധതികൾ**

119 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ തുറമുഖത്തിന്റെ സമഗ്ര നവീകരണത്തിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) തുറമുഖത്തിന്റെ ഡ്രഡ്ജിംഗിനായി അനുവദിച്ച പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും ടി പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**സർക്കാരിന്റെ പുതിയ പദ്ധതികൾ**

120 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. രമേഷ് പിഷാരടി**
**ശ്രീ. സുമേഷ് അച്യുതൻ**
**ശ്രീ. രാജൻ. ജെ. പല്ലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ പുതുയുഗത്തിലേക്ക് നയിക്കാൻ മുന്നോട്ടുവെച്ച പുതിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) കേരളത്തെ ഒരു തുറമുഖ നഗരമാക്കി മാറ്റുവാൻ പദ്ധതികളുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) വിഴിഞ്ഞത്തെ ദക്ഷിണേഷ്യയിലെ ഏറ്റവും മാതൃകാപരമായ സുസ്ഥിര തുറമുഖമാക്കി മാറ്റുവാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ?

**തുറമുഖ നഗര പദ്ധതി**

121 **ശ്രീ. ടി. വി. ഇബ്രാഹിം**

**ശ്രീ. കുറുക്കോളി മൊയ്തീൻ**

**ശ്രീ. പി .എം. എ. സമീർ**

**ശ്രീ. കല്ലട്ര മാഹിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അന്താരാഷ്ട്ര രുറമുഖങ്ങൾ, കണ്ടെയ്നർ ടെർമിനലുകൾ, ഇടത്തരം തുറമുഖങ്ങൾ എന്നിവയെ സംയോജിപ്പിച്ച് കേരളത്തെ ഒരു തുറമുഖ നഗരമാക്കി മാറ്റുന്നതിന് ഏതെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) റോഡിലൂടെയുള്ള ചരക്ക് നീക്കത്തിന്റെ എത്ര ശതമാനം കടൽവഴിയാക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയിൽ ക്രൂയിസ് ഷിപ്പിംഗ് ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതിയിൽ നദികളെ സംയോജിപ്പിച്ചുള്ള ടൂറിസം പദ്ധതികൾ ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കാമോ?

**അഴീക്കോട് മാരിടൈം കോളേജിന്റെ പ്രവർത്തന വിപുലീകരണം സംബന്ധിച്ച്**

122 **ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ അഴീക്കോട് മാരി ടൈം കോളേജിൽ നിലവിലുള്ള കോഴ്സുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ കോഴ്സുകൾ നടത്തുന്നതിന് ആവശ്യമായ കെട്ടിട സൗകര്യങ്ങളും സാങ്കേതിക ഉപകരണങ്ങളും പൂർണ്ണമായും കോളേജിൽ ലഭ്യമാണോയെന്നും ഓരോ കോഴ്സിലും എത്ര വിദ്യാർഥികളാണ് നിലവിൽ പഠിച്ച് വരുന്നതെന്നും വിശദമാക്കാമോ;

(സി) നിലവിലുള്ള ഏതെങ്കിലും കെട്ടിടത്തിന് തകരാറുകൾ സംഭവിച്ചിട്ടുണ്ടോ എന്നും അതിൻറെ അറ്റകുറ്റപ്പണികൾക്കായോ പുതിയ കെട്ടിടത്തിനായോ ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ഡി) മാരിടൈം കോളേജ് തുടങ്ങിയതിനുശേഷം ആകെ എത്ര വിദ്യാർത്ഥികൾ കോഴ്സ് പൂർത്തീകരിച്ചിട്ടുണ്ട്; വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ഇ) മാരിടൈം കോളേജ് വിപുലീകരിക്കുന്നതിനും പുതിയ കോഴ്സുകൾ തുടങ്ങുന്നതിനും എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ?

## <u>നേമം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>

123 **ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിൽ ദേവസ്വം വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ പ്രവർത്തന പുരോഗതി എന്നിവ അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തിയാക്കും എന്ന വിവരം അറിയിക്കാമോ?

## <u>ദേവസ്വം സ്ഥാപനങ്ങളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും നടപടി</u>

124 **ശ്രീമതി ഉമ തോമസ്**

**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**

**ശ്രീ. എ. ഡി. തോമസ്**

**ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ അവസരസമത്വം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രധാന തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന എന്തെങ്കിലും പദ്ധതികൾ ആലോചനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) കേരളത്തിലെ പ്രധാന ആചാരങ്ങളെയും ഉത്സവങ്ങളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള സാംസ്കാരിക ടൂറിസത്തിന്റെ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; അതിനായി വിനോദസഞ്ചാര വകുപ്പുമായി ചേർന്നു പ്രത്യേകം പദ്ധതികൾ ആലോചിക്കുന്നുണ്ടോ; വിശദീകരിക്കാമോ?

**<u>ആഗോള അയ്യപ്പ സംഗമം പരിപാടി നടത്തിപ്പിലെ ക്രമക്കേടുകളുടെ അന്വേഷണം</u>**

125 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 സെപ്റ്റംബറിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് നടത്തിയ ആഗോള അയ്യപ്പ സംഗമത്തിന് എത്ര തുക ചെലവായി; ഇതിൽ സ്പോൺസർഷിപ്പിനത്തിൽ എത്ര തുക ലഭിച്ചു; ദേവസ്വം ബോർഡ് നേരിട്ട് എത്ര രൂപ ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ബി) ആഗോള അയ്യപ്പ സംഗമത്തിനായി തുക ചെലവഴിച്ചതിൽ ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടന്നിട്ടുണ്ടോ; ക്രമക്കേട് നടത്തിയതിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>ചിറങ്ങരയിൽ ശബരിമല ഇടത്താവള നിർമ്മാണം</u>**

126 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ ചിറങ്ങരയിലെ ശബരിമല ഇടത്താവളത്തിന്റെ നിർമ്മാണം നിലവിൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി നിലവിൽ എത്ര ശതമാനം പൂർത്തീകരിച്ചുവെന്നും എന്നത്തേക്ക് നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയുമെന്നും

വ്യക്തമാക്കുമോ?

**<u>ദേവസ്വം ബോർഡുകൾക്ക് കീഴിൽ കഴകം ജോലി ചെയ്യുന്നവരുടെ വേതനം പരിഷ്കരിക്കൽ</u>**

127 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ദേവസ്വം ബോർഡുകൾക്ക് കീഴിൽ കഴകം ജോലി ചെയ്യുന്നവരുടെ നാമമാത്രമായ വേതനം പരിഷ്കരിക്കുന്നതിനും കാലാനുസൃതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) നിലവിൽ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ പൂവിന് വളരെ തുച്ഛമായ തുക മാത്രമാണ് നിശ്ചയിച്ചിട്ടുള്ളത് എന്നതിനാൽ കഴകക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടും വലിയ നഷ്ടവും ഒഴിവാക്കുന്നതിനായി പൂവിന്റെ വില പുതുക്കി നിശ്ചയിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

**<u>കഴക്കൂട്ടം മഹാദേവക്ഷേത്രത്തിലെ ശബരിമല ഇടത്താവള നിർമ്മാണം</u>**

128 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ഇടത്താവളം നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പദ്ധതികൾക്കാണ് 2016 - 2026 കാലഘട്ടത്തിൽ അനുമതി നൽകിയിട്ടുള്ളത്; അവയിൽ എത്രയെണ്ണം ആരംഭിച്ചു എന്നത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കഴക്കൂട്ടം മഹാദേവ ക്ഷേത്രത്തിൽ നിർമ്മാണ പ്രവൃത്തികൾക്കായി അനുവദിച്ച തുക എത്രയാണെന്നും ഇതിൽ എത്ര രൂപ ചെലവഴിച്ചുവെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ക്ഷേത്രത്തിൽ എത്തുന്ന ഭക്തർക്ക് ആവശ്യമായ സൗകര്യങ്ങൾ പൂർണ്ണ തോതിൽ ഏർപ്പെടുത്താതെയാണ് പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം സംഘടിപ്പിച്ചത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഭക്തർക്ക് ആവശ്യമായ സൗകര്യങ്ങൾ പൂർണ്ണമായും ഏർപ്പെടുത്തുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും ഇതിന് എത്ര സമയം വേണ്ടി വരുമെന്നും വിശദമാക്കുമോ?

**നേമം മണ്ഡലത്തിൽ  നടപ്പിലാക്കി വരുന്ന ആരോഗ്യ വകുപ്പ് പദ്ധതികൾ**

129 **ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം മണ്ഡലത്തിൽ ആരോഗ്യവകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക , നിലവിലെ പ്രവർത്തന പുരോഗതി എന്നിവ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തിയാക്കും എന്ന വിവരം അറിയിക്കാമോ?

**ജീവിത ശൈലി രോഗ സ്ക്രീനിംഗ്**

130 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജീവിതശൈലീ രോഗ നിർണ്ണയത്തിനായി പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ 'ശൈലി ആപ്പ്' വഴിയുള്ള സ്ക്രീനിംഗിന്റെ നിലവിലെ പുരോഗതിയും രോഗസാധ്യത കണ്ടെത്തിയവർക്ക് നൽകിവരുന്ന തുടർചികിത്സാ സൗകര്യങ്ങളും വ്യക്തമാക്കാമോ;

(സി) ശൈലി ആപ്പ് പദ്ധതിയുടെ ഭാഗമായി ഇതിനോടകം എത്ര പേർക്ക് സ്ക്രീനിംഗ് നടത്തിയിട്ടുണ്ടെന്നും അതിൽ അർബുദം, പ്രമേഹം, ഹൃദ്രോഗം എന്നിവയ്ക്ക് സാധ്യതയുള്ളവരായി കണ്ടെത്തിയവർക്ക് വേണ്ടി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് ശൈലി ആപ്പ് പദ്ധതി വിജയകരമായി നടപ്പാക്കാൻ സാധിച്ചിട്ടുണ്ടോയെന്നറിയിക്കാമോ?

**പെരിന്തൽമണ്ണ ജില്ലാ ആശുപത്രി വികസനം**

131 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ നിലവിലുള്ള മാതൃശിശു വിഭാഗം പ്രത്യേക മാതൃശിശു ആശുപത്രിയായി ഉയർത്തേണ്ടതിന്റെ അനിവാര്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ പ്രത്യേക മാതൃശിശു ആശുപത്രി ആരംഭിക്കുന്നത് മലപ്പുറം ജില്ലയിലെ ആരോഗ്യ രംഗത്ത് വലിയ മുന്നേറ്റമുണ്ടാക്കുമെന്ന കാര്യം ഗൗരവത്തിലെടുക്കുമോയെന്ന് വിശദമാക്കാമോ?

**<u>സംസ്ഥാനത്തെ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ</u>**

132 **ശ്രീ. വിഷ്ണു മോഹൻ**
**ശ്രീ. ഉല്ലാസ് കോവൂർ**
**ശ്രീ. വി. കുഞ്ഞികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ താലൂക്ക്, ജനറൽ, ജില്ലാ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രികളിൽ ആധുനിക രോഗ നിർണ്ണയ സൗകര്യങ്ങൾക്കും ചികിത്സയ്ക്കും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>ഷിഗല്ല വ്യാപനം</u>**

133 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഷിഗല്ല രോഗ വ്യാപനം തുടരുന്ന സാഹചര്യത്തിൽ ഇത് പ്രതിരോധിക്കാൻ എന്തെല്ലാം മാർഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ:

(ബി) പാലാ നിയോജകമണ്ഡലത്തിൽ ഷിഗല്ല രോഗവ്യാപനം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>എം.ബി.ബി.എസ്. വിദ്യാർത്ഥികളിൽനിന്ന് ഈടാക്കിയ അധിക ഫീസ് തിരിച്ചു നൽകാൻ നടപടി</u>**

134 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എം.ബി.ബി.എസ്. വിദ്യാർത്ഥികളിൽനിന്ന് സ്വകാര്യ മെഡിക്കൽ കോളേജുകൾ ഈടാക്കിയ അഞ്ചാം വർഷ അധിക ഫീസ് തിരികെ നൽകുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് മെഡിക്കൽ കമ്മീഷന്റെ നിർദ്ദേശം ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ ടി അധിക തുക വാങ്ങിയത് വിദ്യാർത്ഥികൾക്ക് തിരിച്ച് നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>മഞ്ചേരി മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി എന്നിവിടങ്ങളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കൽ</u>**

135 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്കരിക്കാത്തത് മൂലം മെഡിക്കൽ കോളേജുകളുടെയും സർക്കാർ ആശുപത്രികളുടെയും പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മഞ്ചേരി മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ വിവിധ ഡിപ്പാർട്ട്മെന്റുകളിലായി അനുവദിക്കപ്പെട്ട ഡോക്ടർമാരുടേയും നഴ്സ്, പാരാമെഡിക്കൽ സ്റ്റാഫ് ഉൾപ്പടെയുള്ള മറ്റ് ജീവനക്കാരുടേയും അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണവും പ്രസ്തുത തസ്തികകളിൽ ഇപ്പോൾ നിലവിലുള്ള ഒഴിവുകളുടെ എണ്ണവും ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) മഞ്ചേരി മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി എന്നിവിടങ്ങളിലെ സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്കരിക്കുന്നതിനും ഒഴിവുകളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ?

**<u>കാസർഗോഡ് ജില്ലയിലെ ആരോഗ്യ വകുപ്പിലെ ഒഴിവുകൾ</u>**

136 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ജില്ലാ ആശുപത്രി ഉൾപ്പെടെ ആരോഗ്യവകുപ്പിൽ അനുവദിക്കപ്പെട്ട തസ്തികകൾ ഓഫീസ് തിരിച്ച് വിശദാംശം നൽകാമോ;

(ബി) ആയതിൽ ഓരോ തസ്തികയിലും ഉള്ള ഒഴിവുകൾ ഓഫീസ് തിരിച്ച് വിശദമാക്കാമോ?

## പുനലൂർ താലൂക്ക് ആശുപത്രി ജനറൽ ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ .

137 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ താലൂക്ക് ആശുപത്രി ജനറൽ ആശുപത്രി പദവിയിലേക്ക് ഉയർത്തണമെന്ന ജനങ്ങളുടെ ദീർഘകാലമായുള്ള ആവശ്യവും അത് സംബന്ധിച്ച ജനപ്രതിനിധികൾ നൽകിയിട്ടുള്ള നിവേദനങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സുപ്രധാനമായ ഈ ആവശ്യം പരിഗണിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പാവപ്പെട്ട ആദിവാസി ജനവിഭാഗങ്ങൾക്കും തോട്ടം തൊഴിലാളികൾക്കും മലയോര കർഷകർക്കും ആശ്രയമായ പുനലൂർ താലൂക്ക് ആശുപത്രി ജനറൽ ആശുപത്രി പദവിയിലേക്ക് ഉയർത്തി ആവശ്യമായ ചികിത്സാ സൗകര്യങ്ങളൊരുക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസങ്ങളുണ്ടോ; എങ്കിൽ പ്രസ്തുത തടസങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

## മലപ്പുറം ജില്ലയിൽ ജനറൽ ഹോസ്പിറ്റൽ

138 **ശ്രീ. ടി. പി. അഷ്റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012 -ൽ മഞ്ചേരി ശിഹാബ് തങ്ങൾ ജനറൽ ആശുപത്രി മെഡിക്കൽ കോളേജാക്കി അപ്ഗ്രേഡ് ചെയ്ത സാഹചര്യത്തിൽ ജില്ലയിൽ ജനറൽ ഹോസ്പിറ്റൽ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ജനറൽ ആശുപത്രി അനുവദിക്കുന്ന കാര്യത്തിൽ സത്വര നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ, ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ലയിൽ ആധുനിക സൗകര്യങ്ങളോടെയുള്ള ഒരു ജനറൽ ആശുപത്രി

അനുവദിക്കേണ്ടത് അത്യാവശ്യമാണെന്ന കാര്യം പരിഗണിച്ച് നടപടി സ്വീകരിക്കുമോ?

## മെഡിക്കൽ കോളജുകളുടെയും സർക്കാർ ആശുപത്രികളുടെയും ഫിറ്റ്നസ്

139 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് 1 മുതൽ 2026 ഏപ്രിൽ 30 വരെ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലും ഉള്ള കെട്ടിടങ്ങളുടെ ഫിറ്റ്നസ് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിവരം പ്രത്യേകം പ്രത്യേകമായി ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലും ഉള്ള കെട്ടിടങ്ങളുടെ ഫിറ്റ്നസ് പരിശോധിക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്ന സ്ഥാപനം ഏതാണെന്ന വിവരം ലഭ്യമാണോ; എങ്കിൽ അത് അറിയിക്കാമോ;

(സി) മെഡിക്കൽ കോളേജുകളുടെയും മറ്റ് സർക്കാർ ആശുപത്രികളുടെയും ഫിറ്റ്നസ് പരിശോധിക്കാനുള്ള സംവിധാനങ്ങൾ നിലവിലില്ലായെങ്കിൽ അതിനായുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള നടപടി ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിൽ ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടങ്ങളിൽ പ്രസ്തുത ആശുപത്രികളിലെ ഏതെങ്കിലും വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അവ അവിടെ നിന്നും മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലും ഉള്ള കെട്ടിടങ്ങളിൽ 2016 മുതൽ 2026 വരെയുള്ള കാലയളവിൽ പൂർണ്ണമായോ ഭാഗികമായോ തകർന്ന കെട്ടിടങ്ങളുടെ വിവരം ലഭ്യമാണോ; എങ്കിൽ അത് നൽകാമോ;

(എഫ്) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലും 2016 മുതൽ 2026 വരെയുള്ള കാലയളവിൽ പൂർണ്ണമായോ ഭാഗികമായോ കെട്ടിടങ്ങൾ തകർന്ന സംഭവങ്ങളിൽ മരണപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും വിവരം ലഭ്യമാണോ; എങ്കിൽ അത് നൽകാമോ?

## പൊതുജനാരോഗ്യ മേഖലയെ സംബന്ധിച്ച അവമതിപ്പ് പരിഹരിക്കുന്നതിന് നടപടി

140 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ഡോക്ടർമാരുടെ അഭാവം, വിദഗ്ധരുടെ കുറവ്, സർക്കാർ ആശുപത്രികളിൽ മരുന്നുകളുടെയും ഉപകരണങ്ങളുടെയും വിതരണം തടസ്സപ്പെടുന്നുവെന്ന റിപ്പോർട്ടുകൾ, ചികിത്സാപിഴവുകൾ, ആശുപത്രി കെട്ടിടങ്ങൾ തകർന്ന് വീഴുക എന്നിവ പൊതുജനാരോഗ്യ മേഖലയിലുള്ള ജനവിശ്വാസം ദുർബലമാക്കിയിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കാലയളവിൽ ചികിത്സാപിഴവുകൾ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുള്ള എത്ര കേസുകൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ചികിത്സാപിഴവ് മൂലം മരണങ്ങൾ ഉണ്ടായിട്ടുള്ളതായി ആരോപിച്ച് ലഭിച്ചിട്ടുള്ള പരാതികൾ, ചികിത്സാപിഴവ് കണ്ടെത്തിയിട്ടുള്ള കേസുകൾ എന്നിവ എത്രയുണ്ട്; ഈ വിഷയത്തിൽ ഡോക്ടർമാർ, ആരോഗ്യ വകുപ്പ് ജീവനക്കാർ എന്നിവർക്ക് എതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ, എത്ര പേർക്കെതിരെ, ഏതെല്ലാം കേസുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രോഗികൾക്കും പൊതുസമൂഹത്തിനും സംസ്ഥാനത്തെ പൊതുജനാരോഗ്യ മേഖലയെ സംബന്ധിച്ച് ഉണ്ടായിട്ടുള്ള അവമതിപ്പ് ഇല്ലാതാക്കുന്നതിനും ആരോഗ്യ മേഖലയെ ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

## സർക്കാർ ആശുപത്രികളിലെ രോഗി പരിചരണം

141 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്**
**ശ്രീ. വി. കെ. സനോജ്**
**ശ്രീ. എം. എസ്. അരുൺ കുമാർ**
**ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരുടേയും നഴ്സുമാരുടെയും ഒഴിവുകൾ രോഗി പരിചരണത്തെ ബാധിച്ചതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സർക്കാർ ആശുപത്രികളിൽ അവശ്യ മരുന്നുകളുടെ ലഭ്യതക്കുറവ് സംബന്ധിച്ച് ജില്ലാതലത്തിലുള്ള പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ആരോഗ്യവകുപ്പിലെ സമീപകാല സ്ഥലം മാറ്റങ്ങൾ ചികിത്സാ സേവനങ്ങളെ ബാധിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയ പകർച്ചവ്യാധികൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ പ്രത്യേക പ്രവർത്തന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## <u>നവകേരള സദസ്സ് കെട്ടിട നിർമ്മാണം ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച്</u>

142 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സ് പദ്ധതി പ്രകാരം താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ( സി.എച്ച്.സി.) മൂന്നാം ഘട്ട വികസന പ്രവർത്തനങ്ങൾക്ക് ഏഴ് കോടി രൂപയുടെ ഭരണാനുമതിയ്ക്കായി ലഭിച്ച ഡിറ്റെയൽഡ് പ്രോജക്ട് റിപ്പോർട്ടിന്മേൽ (ഡി.പി.ആർ.) സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി എന്ന് നൽകാനാവുമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആരോഗ്യ വകുപ്പ് ഡയറക്ടർ ആരോഗ്യ വകുപ്പിലേക്ക് 21.02.26 ൽ സമർപ്പിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ചും ആയതിന്റെ ഫയൽ വിശദാംശങ്ങളും ലഭ്യമാക്കാമോ?

## <u>അമീബിക് മസ്തിഷ്ക ജ്വരം</u>

143 **ശ്രീ. പി .എം. എ. സമീർ**

**ശ്രീമതി ഫാത്തിമ തഹിലിയ**

**ശ്രീ. ഫൈസൽ ബാബു**

**ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരം വർദ്ധിച്ച വരുന്നതിന്റെ കാരണങ്ങൾ പരിശോധിക്കുമോ;

(ബി) മലിനമായ ജലാശയങ്ങളിൽ കുളിക്കുന്നത് രോഗബാധയ്ക്ക് കാരണമാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) രോഗബാധ തടയുന്നതിന് എന്തെല്ലാം പ്രതിരോധ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ?

**<u>ആരോഗ്യ മേഖലയുടെ പുനരുജ്ജീവനത്തിന് സമഗ്രമായ പദ്ധതി</u>**

144 **ശ്രീ. ആര്യാടൻ ഷൗക്കത്ത്**
**ശ്രീ. സുധീർഷാ പാലോട്**
**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് മുൻപ് നിർമാർജ്ജനം ചെയ്ത പകർച്ച വ്യാധികൾ വീണ്ടും റിപ്പോർട്ട് ചെയ്യുകയും ചികിത്സാ പിഴവുകൾ നിരന്തരം ആവർത്തിക്കപ്പെടുകയും ചെയ്ത സാഹചര്യത്തിൽ ആരോഗ്യ മേഖലയുടെ പുനരുജ്ജീവനത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ആരോഗ്യ മേഖലയുടെ പുനരുജ്ജീവനത്തിനായി സമഗ്രമായ പദ്ധതി തയ്യാറാക്കുന്നതിന് പൊതുജനാഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ആരോഗ്യരംഗത്തെ കേരള മോഡൽ തിരിച്ച കൊണ്ടുവരുന്നതിന് കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

**<u>ഏറ്റുമാനൂർ മണ്ഡലത്തിൽ തുക അനുവദിച്ച പദ്ധതികൾ</u>**

145 **ശ്രീ. നാട്ടകം സുരേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏറ്റുമാനൂർ മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികൾക്കാണ് വകുപ്പ് തുക അനുവദിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) തുക അനുവദിക്കപ്പെട്ട ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

## സ്കൂൾ ഹെൽത്ത് സേവനങ്ങൾ

146 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പ് സ്കൂളുകളിൽ സ്കൂൾ ഹെൽത്ത് സേവനങ്ങൾ ലഭ്യമാക്കുന്നുണ്ടോ; വിശദമാക്കാമോ?

## മഴക്കാലങ്ങളിലെ പകർച്ചവ്യാധി വ്യാപനം തടയുന്നതിനുള്ള നടപടികൾ

147 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷകാലം ആരംഭിച്ച സാഹചര്യത്തിൽ പകർച്ചവ്യാധികൾ വ്യാപിക്കാൻ സാധ്യതയുള്ളതിനാൽ ഇത്തരം സാഹചര്യം തടയാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും താലൂക്ക് ആശുപത്രിയിലും ആവശ്യത്തിന് ഡോക്ടർമാരെയും ജീവനക്കാരെയും നിയമിക്കാൻ ഉത്തരവായിട്ടുണ്ടോ; വിശദമാക്കാമോ?

## പകർച്ചവ്യാധികൾ മൂലമുള്ള മരണം

148 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഷിഗെല്ല, വെസ്റ്റ് നൈൽ തുടങ്ങിയ രോഗങ്ങൾ മൂലമുള്ള മരണങ്ങൾ അടുത്തിടെ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) പകർച്ചവ്യാധികൾ മൂലമുള്ള മരണങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിൽ ചികിത്സാപിഴവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഇത്തരം പരാതികളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ**

149 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

**പാറശ്ശാല താലൂക്ക് ആശുപത്രി പുതിയ കെട്ടിടം പ്രവർത്തന സജ്ജമാക്കുന്നത് സംബന്ധിച്ച്**

150 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല താലൂക്ക് ആശുപത്രിയിൽ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്ത പുതിയ ആശുപത്രി കെട്ടിടത്തിലെ ഓപ്പറേഷൻ തിയേറ്റർ, ലാബ്, ഐ.സി.യു. സൗകര്യങ്ങൾ എന്നിവ ഇതുവരെയും പൂർണ്ണമായും പ്രവർത്തനസജ്ജമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മണ ചുമതല ഏത് ഏജൻസിക്കായിരുന്നുവെന്നും നിർമ്മാണത്തിനായി ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) ഉദ്ഘാടനം നടത്തിയിട്ടും ഓപ്പറേഷൻ തിയേറ്റർ, ലാബ്, ഐ.സി.യു. സൗകര്യങ്ങൾ എന്നിവ പൂർണ പ്രവർത്തനസജ്ജമാകാതിരിക്കാൻ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട എന്തൊക്കെ പ്രവർത്തനങ്ങളാണ് പൂർത്തിയാക്കാനുള്ളത് എന്ന് അറിയിക്കാമോ;

(ഡി) ആശുപത്രിക്ക് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ, സാങ്കേതിക സംവിധാനങ്ങൾ, ജീവനക്കാരുടെ ലഭ്യത എന്നിവ ഉറപ്പാക്കി എപ്പോൾ പൂർണമായും പ്രവർത്തനസജ്ജമാകുമെന്ന് വ്യക്തമാക്കാമോ?

**<u>നെന്മാറ നിയോജകമണ്ഡലത്തിൽ ആരോഗ്യവകുപ്പും നാഷണൽ ഹെൽത്ത് മിഷനും നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ</u>**

151 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-2021 സാമ്പത്തിക വർഷം മുതൽ നാളിതുവരെ നെന്മാറ നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പും നാഷണൽ ഹെൽത്ത് മിഷനും നടപ്പിലാക്കിയ വിവിധ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>ചികിത്സാ പിഴവ് സംഭവിച്ചതുമായി ബന്ധപ്പെട്ട പരാതികൾ</u>**

152 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചികിത്സാ പിഴവ് സംഭവിച്ചതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആയതിന്മേൽ എത്ര അന്വേഷണങ്ങൾ നടന്നു വരുന്നുണ്ടെന്ന് വിശദമാക്കാമോ?

**<u>പൊതുജനാരോഗ്യ സംരക്ഷണം ശക്തിപ്പെടുത്താനുള്ള നടപടികൾ</u>**

153 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. നാട്ടകം സുരേഷ്**
**ശ്രീ. സിറിയക് തോമസ്**
**ശ്രീ. റോജി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ മികച്ച രീതിയിൽ സേവനം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ആരോഗ്യമേഖലയിലെ അടിസ്ഥാന സൗകര്യങ്ങളും മരുന്നുകളുടെ ലഭ്യതയും സംബന്ധിച്ച് നിലവിലെ സ്ഥിതി എന്താണെന്നും അവ

മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്നും വ്യക്തമാക്കാമോ?

**<u>അമീബിക് മസ്തിഷ്ക ജ്വരം</u>**

154 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരം പടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര കേസുകളാണ് ആയതുമായി ബന്ധപ്പെട്ട് റിപ്പോർട്ട് ചെയ്തിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(സി) അമീബിക് മസ്തിഷ്ക ജ്വരത്തെകുറിച്ച് ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**<u>നിപ്പ രോഗം</u>**

155 **ശ്രീമതി ഉമ തോമസ്**

**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**

**ശ്രീ. എ. ഡി. തോമസ്**

**ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിപ്പ രോഗം വീണ്ടും സ്ഥിരീകരിച്ചത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) നിപ്പ രോഗം സംസ്ഥാനത്ത് വീണ്ടും സ്ഥിരീകരിക്കുന്ന സാഹചര്യത്തിൽ രോഗ ഉറവിടം കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) രോഗം പടർന്നു പിടിക്കാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് എടുത്തിട്ടുള്ളത് ; വിശദമാക്കാമോ?

**<u>കോന്നി മണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ നിർമ്മാണ പുരോഗതി</u>**

156 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിൽ നിലവിൽ നിർമ്മാണം പുരോഗമിക്കുന്ന ആരോഗ്യ സ്ഥാപനങ്ങളുടെ നിർമ്മാണപുരോഗതി വ്യക്തമാക്കാമോ?

**സർക്കാർ ആശുപത്രികളിലെ മരുന്ന് ക്ഷാമം**

157 **ശ്രീ. എൻ. ശക്തൻ**

**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**

**ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ മരുന്ന് ക്ഷാമം നിലവിൽ ഉണ്ടോ; വിശദമാക്കാമോ;

(ബി) കേരള മെഡിക്കൽ സർവീസ് കോർപറേഷൻ വഴിയാണോ മുഴുവൻ മരുന്നുകളും വിതരണം ചെയ്യുന്നത്; വ്യക്തമാക്കാമോ; ഈ ഇനത്തിൽ കെ. എം. എസ്. സി. എൽ-ന് കുടിശ്ശിക തുക നൽകാനുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) മരുന്ന് വിതരണം നടത്തിയ ഏജൻസികൾക്ക് കുടിശ്ശിക വിതരണം ചെയ്യാത്തതിനാൽ മുൻ സർക്കാരിന്റെ കാലത്തു അവശ്യ മരുന്നുകളും ചികിത്സ, ശസ്ത്രക്രിയ ഉപകരണങ്ങളും ലഭ്യമാകാതെ സാധാരണക്കാരായ രോഗികൾ പ്രതിസന്ധിയിലായതു പോലെയുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നു വ്യക്തമാക്കുമോ?

**മഞ്ചേരി നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

158 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജക മണ്ഡലത്തിൽ 2016-2026 കാലഘട്ടത്തിൽ ആരോഗ്യ വകുപ്പിന് കീഴിൽ നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിശദ വിവരങ്ങൾ നൽകാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിർവ്വഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ് , ഏജൻസി, അവയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ; ഫണ്ട് അനുവദിച്ചതിന്റെ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

## സർക്കാർ ആശുപത്രികളിലെ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

159 **ശ്രീ. കാരായി രാജൻ**

**ശ്രീ. എൻ. കെ. അക്ബർ**

**ശ്രീ. കെ. കെ. രാമചന്ദ്രൻ**

**ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ രോഗീ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിനായി മുൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നു; വിശദമാക്കാമോ;

(ബി) ആരോഗ്യ മേഖലയിൽ മുൻ സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗമായി കേരളത്തിന്റെ പൊതുജനാരോഗ്യ രംഗത്ത് ഉണ്ടായ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പൊതുജനാരോഗ്യ രംഗത്ത് കേരളത്തിന് ലഭിച്ച ദേശീയ പുരസ്കാരങ്ങളുടേയും അംഗീകാരങ്ങളുടേയും വിശദാംശം ലഭ്യമാക്കാമോ;

(ഡി) മുൻ സർക്കാർ ആരംഭിച്ച വിവിധ ആരോഗ്യ പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## സർക്കാർ ആശുപത്രികളിലെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി

160 **ശ്രീ. നജീബ് കാന്തപുരം**

**ശ്രീ. പി. കെ. ഫിറോസ്**

**ശ്രീ. പി .എം. എ. സമീർ**

**ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ പരിമിതമായ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) രോഗികളെ തറയിൽ കിടത്തി ചികിത്സിക്കേണ്ടി വരുന്നത് ഒഴിവാക്കുന്നതിനായി കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) എല്ലാ സർക്കാർ ആശുപത്രികളിലും ആവശ്യമായ മരുന്നും, ഉപകരണങ്ങളും ലഭ്യമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

**<u>ആലത്തൂർ നിയോജക മണ്ഡലത്തിലെ താലൂക്ക് ആശുപത്രി നവീകരണം</u>**

161 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ താലൂക്ക് ആശുപത്രി നവീകരണത്തിനായി 2021-26 വർഷ കാലയളവിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ;

(ബി) ആലത്തൂർ താലൂക്ക് ആശുപത്രിയിൽ പദ്ധതി പ്രഖ്യാപിച്ച് ഇനിയും ഭരണാനുമതി ലഭിക്കാനുള്ളവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഭരണാനുമതി ലഭ്യമായവയിൽ ഇനിയും പൂർത്തീകരിക്കാത്ത പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

(ഡി) അവയുടെ ഏതൊക്കെ പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കുവാനുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>സമഗ്രവും ഗുണനിലവാരമുള്ളതുമായ ആരോഗ്യ സേവനങ്ങൾ</u>**

162 **ശ്രീ. കെ. രാജൻ**
**ശ്രീ. മുഹമ്മദ് മുഹസിൻ**
**ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ**
**ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ സ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തി എല്ലാവർക്കും താങ്ങാവുന്നതും ഗുണനിലവാരമുള്ളതുമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആർദ്രം മിഷന്റെ ആദ്യ ഘട്ടം മുതൽ തന്നെ ആരോഗ്യ സ്ഥാപനങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും മുൻ സർക്കാർ പ്രത്യേക ശ്രദ്ധ

നൽകിയിരുന്നുവോ; ഇതിന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായും ആരോഗ്യ ഉപകേന്ദ്രങ്ങളെ ജനകീയാരോഗ്യ കേന്ദ്രങ്ങളായും പരിവർത്തനം ചെയ്യുന്നതിന് മുൻ സർക്കാർ നടപടികൾ സ്വീകരിച്ചിരുന്നുവോ; വിശദമാക്കാമോ;

(സി) പരിവർത്തനം ചെയ്യപ്പെടുന്ന ജനകീയാരോഗ്യ കേന്ദ്രങ്ങൾ മുതൽ ജില്ലാ ആശുപത്രികൾ വരെയുള്ള എല്ലാ സ്ഥാപനങ്ങളിലും ഒരുക്കേണ്ട ഭൗതിക സാഹചര്യങ്ങളും സേവനങ്ങളും സംബന്ധിച്ച സ്റ്റാൻഡർഡൈസേഷൻ മാർഗ്ഗരേഖകൾ മുൻ സർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇതുപ്രകാരം എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;വിശദമാക്കാമോ;

(ഡി) സുസ്ഥിര വികസന ലക്ഷ്യമായി കണക്കാക്കപ്പെടുന്ന സമഗ്ര ആരോഗ്യ കവറേജ്, മികച്ച ആരോഗ്യ പരിപാലനം, മരുന്നുകളുടെ ന്യായവില എന്നിവ ഉറപ്പുവരുത്താൻ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## <u>കൊല്ലം മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനവും പുതിയ തസ്തിക സൃഷ്ടിക്കലും</u>

163 **ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തുന്ന അവശരായ രോഗികൾക്കായുള്ള ലിഫ്റ്റ് സൗകര്യം, അപകടങ്ങളിൽപെട്ട് എത്തുന്നവർക്കായുള്ള അടിയന്തര ചികിത്സാ സൗകര്യം, സിസേറിയൻ ഉൾപ്പെടെയുള്ള പ്രസവചികിത്സാ സൗകര്യങ്ങൾ തുടങ്ങിയവ മെച്ചപ്പെടുത്തി ആയതിനെ രാജ്യാന്തര നിലവാരമുള്ള ആശുപത്രിയായി ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) കൊല്ലം മെഡിക്കൽ കോളേജിന്റെ വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) നഴ്സിംഗ് കോളേജിന്റെ സ്ഥലം ഏറ്റെടുക്കൽ വേഗത്തിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്നും സ്ഥലം

ഏറ്റെടുക്കൽ എത്ര ദിവസത്തിനുള്ളിൽ പൂർത്തിയാകുമെന്നും വ്യക്തമാക്കാമോ;

(ഡി) എത്ര പുതിയ തസ്തികകളാണ് സൃഷ്ടിക്കുന്നതെന്നും പുതുതായി സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്ന തസ്തികകൾ, ആവശ്യകത എന്നിവ സംബന്ധിച്ചുള്ള വിവരങ്ങളും ലഭ്യമാക്കാമോ?

**<u>സർക്കാർ മെഡിക്കൽ കോളേജുകളിലെ താൽക്കാലിക നിയമനം</u>**

164 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ഉണ്ടായിട്ടുള്ളതായി ആക്ഷേപമുള്ള ശോചനീയാവസ്ഥയുടെ കാരണങ്ങളെപ്പറ്റി അന്വേഷിച്ച് നടപടി സ്വീകരിക്കുമോ;

(ബി) ആലപ്പുഴ മെഡിക്കൽ കോളേജിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ നടത്തിയിട്ടുള്ള അനധികൃത താത്കാലിക നിയമനങ്ങൾ എത്രയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത താത്കാലിക നിയമനങ്ങൾ റദ്ദ് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത നിയമനങ്ങളുടെ നിയമന അധികാരി ആരാണെന്നും നിയമനങ്ങൾ ആരുടെ നിർദ്ദേശപ്രകാരമാണ് നടത്തിയതെന്നും അന്വേഷിക്കുമോ;

(ഡി) കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജുകളിലെയും താത്കാലിക നിയമനങ്ങൾ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴി നടത്താൻ ഉത്തരവ് നൽകുമോ;

(ഇ) പ്രസ്തുത താത്കാലിക നിയമനങ്ങളിൽ സാമ്പത്തികമായ പരിഗണനയുണ്ടായിട്ടുണ്ടെങ്കിൽ ആയത് അന്വേഷിച്ച് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>ശസ്ത്രക്രിയക്ക് വിധേയയായ സ്ത്രീയുടെ വയറ്റിൽ സിസേഴ്സ് കണ്ടെത്തിയ സംഭവം</u>**

165 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**

**ശ്രീ. ടി. വി. ഇബ്രാഹിം**

**ശ്രീ. കല്ലട മാഹിൻ**

**ശ്രീമതി ഫാത്തിമ തഹിലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഗർഭാശയം നീക്കം ചെയ്യാനുള്ള ശസ്ത്രക്രിയക്ക് വിധേയമായ സ്ത്രീയുടെ വയറ്റിൽ മെറ്റ്സെൻബോം സിസ്സേഴ്സ് കണ്ടെത്തിയ സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോയെന്നറിയിക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ കുറ്റക്കാരായവർ ആരെല്ലാമാണെന്നാണ് കണ്ടെത്തിയിരിക്കുന്നതെന്നറിയിക്കാമോ;

(സി) തുടർച്ചയായുണ്ടാകുന്ന ചികിത്സാ പിഴവുകൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## <u>മെഡിക്കൽ കോളേജ് ആശുപത്രികളിലെ രോഗീ സന്ദർശനത്തിനുള്ള ക്രമീകരണങ്ങൾ</u>

166 **ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീമതി ഫാത്തിമ തഹിലിയ**
**ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിലെ വാർഡുകളിൽ അഡ്മിറ്റ് ചെയ്ത രോഗികളെ കാണുന്നതിന് നിലവിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) രോഗികളെ നേരിട്ടുകണ്ട് രോഗ വിവരങ്ങൾ അറിയാൻ കോവിഡിന് മുമ്പ് അനുവദിച്ചിരുന്നതുപോലെ നിയന്ത്രണങ്ങളിൽ ഇളവ് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) രോഗി സന്ദർശനത്തിന് നിലവിലെ സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

## <u>ലീനിയർ ആക്സിലറേറ്റർ മെഷീൻ വാങ്ങുന്നതിന് നടപടി</u>

167 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മെഡിക്കൽ കോളേജിൽ ലീനിയർ ആക്സിലറേറ്റർ മെഷീൻ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നിർമ്മാണം പുരോഗമിക്കുന്ന കിഫ്ബി പദ്ധതികൾ**

168 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നിർമ്മാണം പുരോഗമിക്കുന്ന കിഫ്ബി പദ്ധതികളായ മദർ & ചൈൽഡ്, സൂപ്പർ സ്പെഷ്യലിറ്റി ബ്ലോക്കുകളുടെ നിലവിലെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത ബ്ലോക്കുകളുടെ നിർമ്മാണം എത്ര മാസത്തിനകം പൂർത്തിയാക്കി പ്രവർത്തനമാരംഭിക്കാനാകുമെന്നാണ് കണക്കാക്കുന്നത്;

(സി) പ്രസ്തുത ബ്ലോക്കുകൾ പ്രവർത്തനസജ്ജമാകുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്ന നടപടികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ഡി) പുതിയ ബ്ലോക്കുകൾ പ്രവർത്തനസജ്ജമാകുന്നതോടെ കൂടുതലായി ആവശ്യമായി വരുന്ന മാനവവിഭവശേഷി ഒരുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ?

**തൃശ്ശൂർ ഗവൺമെന്റ് ഡെന്റൽ കോളേജിലെയും ഗവൺമെന്റ് നേഴ്സിംഗ് കോളേജിലെയും നിർമ്മാണ പ്രവൃത്തികൾ**

169 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഗവൺമെന്റ് ഡെന്റൽ കോളേജിലും ഗവൺമെന്റ് നേഴ്സിംഗ് കോളേജിലും പുരോഗമിച്ചുകൊണ്ടിരിക്കുന്ന വിവിധ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണം എത്ര മാസത്തിനകം പൂർത്തിയാക്കി അവയുടെ പ്രവർത്തനമാരംഭിക്കാനാകുമെന്ന് അറിയിക്കാമോ?

**കാർഡിയോളജി വിഭാഗത്തിലെ കൺസൾട്ടേഷൻ**

170 **ശ്രീ. സുധീർഷാ പാലോട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗത്തിൽ കിടത്തിചികിത്സയിൽ കഴിയുന്ന രോഗികൾക്ക് സൗകര്യപ്രദമായിരുന്ന 401 നമ്പർ മുറിയിലെ കൺസൾട്ടേഷൻ നിർത്തിവയ്ക്കാനുണ്ടായ സാഹചര്യം എന്താണെന്നറിയിക്കാമോ ;

(ബി) പ്രസ്തുത സൗകര്യം നിർത്തലാക്കിയത് മൂലം കിടത്തിചികിത്സയിൽ കഴിയുന്ന രോഗികൾക്ക് ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 401 നമ്പർ മുറിയിൽ ലഭ്യമായിരുന്ന കാർഡിയോളജി വകുപ്പിന്റെ സേവനം അടിയന്തിരമായി പുനഃസ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോയെന്നറിയിക്കാമോ?

**<u>തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കാർഡിയോളജി വാർഡ്</u>**

171 **ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മികച്ച കാർഡിയോളജി വിഭാഗങ്ങളിൽ ഒന്നായ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗത്തിന് സ്വന്തമായി ഒരു കാർഡിയോളജി വാർഡ് ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് മൂലം രോഗികൾക്കും കാർഡിയോളജി വിഭാഗത്തിനും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ വകുപ്പ് തലത്തിൽ പരിശോധിച്ചിട്ടുണ്ടോ; കാർഡിയോളജി വിഭാഗത്തിന് സ്വന്തമായി ഒരു വാർഡ് അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കാമോ?

**<u>താനൂർ സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ ആവശ്യമായ തസ്തിക സൃഷ്ടിക്കൽ</u>**

172 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ സാമൂഹിക ആരോഗ്യ കേന്ദ്രത്തെ താലൂക്ക് ആസ്ഥാന ആശുപത്രിയായി ഉയർത്തുന്നതിന്റെ ഭാഗമായി ആവശ്യമായ തസ്തികൾ സൃഷ്ടിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ നൽകിയ ശുപാർശയിന്മേൽ സ്വീകരിച്ച് വരുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) സമയബന്ധിതമായി തസ്തികൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ചാത്തന്നൂർ മണ്ഡലത്തിലെ നെടുങ്ങോലം രാമറാവു ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനം

173 **ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുങ്ങോലം രാമറാവു താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് നിലവിൽ പരിഗണനയിൽ ഉള്ള പദ്ധതികൾ വിശദമാക്കാമോ;

(ബി) മെഡിക്കൽ,പാരാമെഡിക്കൽ വിഭാഗങ്ങളിലായി പ്രസ്തുത ആശുപത്രിയിൽ എത്ര ജീവനക്കാരുണ്ടെന്നും ഇത് താലൂക്ക് ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചാണോ എന്നും വ്യക്തമാക്കാമോ;

(സി) നെടുങ്ങോലം രാമറാവു താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി ഡിപ്പാർട്ട്മെന്റ് പ്രവർത്തിക്കുന്നുണ്ടോ; പ്രസ്തുത ഡിപ്പാർട്ട്മെന്റ് പ്രവർത്തിക്കാനാവശ്യമായ ഡോക്ടർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;

(ഡി) നെടുങ്ങോലം രാമറാവു ഹോസ്പിറ്റലിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് ഉണ്ടോയെന്ന് അറിയിക്കാമോ?

## സർക്കാർ ആശുപത്രികളിലെ മരുന്നു വിതരണം

174 **ശ്രീ. ഉല്ലാസ് കോവൂർ**
**ശ്രീ. വിഷ്ണു മോഹൻ**
**ശ്രീ. വി. കുഞ്ഞികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ അവശ്യമരുന്നുകൾ എത്തിക്കുന്നതിലും വിതരണം ചെയ്യുന്നതിലും മുൻകാലങ്ങളിൽ വീഴ്ചകൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ ;

(ബി) മെഡിക്കൽ സർവീസ് കോർപറേഷൻ മുഖേന മരുന്ന് വാങ്ങിയത് വഴി കമ്പനികൾക്ക് കുടിശ്ശികയുണ്ടോ; ഇതുമൂലം കമ്പനികൾ മരുന്ന് ലഭ്യമാക്കാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാമോ;

(സി) സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന കാരുണ്യ ഫാർമസികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;കൂടുതൽ കാരുണ്യ ഫാർമസികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

## പാനൂർ താലൂക്ക് ആശുപത്രി നിർമ്മാണം

175 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-ൽ ഭരണാനുമതി ലഭിച്ച പാനൂർ താലൂക്ക് ആശുപത്രി നിർമ്മാണത്തിന്റെ തടസ്സങ്ങൾ നീങ്ങിയിട്ടും പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്തത് സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പാനൂർ താലൂക്ക് ആശുപത്രിയുടെ സ്ഥലമെടുപ്പിന് വേണ്ടി കിഫ്ബി അനുവദിച്ച തുക ഭൂവുടമക്ക് കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(സി) പാനൂർ താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

## കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിൽ അനിവാര്യ തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടി

176 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടത്തിൽ കാഷ്വാലിറ്റി ഉൾപ്പെടെയുള്ള അത്യാവശ്യ സേവനങ്ങൾ ആരംഭിച്ചെങ്കിലും സുഗമമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ അനിവാര്യ തസ്തികകൾ അനുവദിക്കാത്തത് കാരണം പൊതുജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, വിശദമാക്കാമോ;

(ബി) പ്രതിദിനം 1500-ൽപ്പരം രോഗികൾ എത്തുന്ന ആശുപത്രി കൂടുതൽ ജനോപകാരപ്രദമാക്കുന്നതിന് സ്പെഷ്യാലിറ്റി ഡോക്ടർമാരെ ഉൾപ്പെടെ നിയമിക്കുന്ന കാര്യം പരിഗണിക്കാമോ; വിശദമാക്കാമോ;

(സി) ആശുപത്രിയിൽ അടുത്തിടെ ഡ്യൂട്ടി ഡോക്ടർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് നേരെ അക്രമം ഉണ്ടായ സാഹചര്യത്തിൽ ആശുപത്രിയുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ?

**<u>ചെല്ലാനം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനം</u>**

177 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജകമണ്ഡലത്തിലെ തീരദേശവാസികളുടെ പ്രധാന ആശ്രയമായ ചെല്ലാനം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ (എഫ്.എച്ച്.സി) നിലവിലുള്ള ഭൗതിക സാഹചര്യങ്ങളും കെട്ടിട സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള വികസന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**<u>കോട്ടക്കൽ മണ്ഡലത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം</u>**

178 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് ഓരോ മണ്ഡലത്തിലും ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കോട്ടക്കൽ മണ്ഡലത്തിൽ ഐസൊലേഷൻ വാർഡുകളുടെ നിർമാണ പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് വകുപ്പ് തലത്തിൽ സ്വികരിച്ച നടപടികളുടെ വിശാദംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം ആരംഭിക്കാൻ കാലതാമസം വരുന്നതിന്റെ കാരണം എന്തെല്ലാമാണെന്ന് വിശദമാക്കാമോ; നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ; ആയത് അടിയന്തരമായി പരിഹരിച്ച് പ്രവൃത്തി വേഗത്തിലാക്കാൻ നടപടി സ്വീകരിക്കാമോ?

## മഞ്ചേശ്വരം താലൂക്കിൽ ആയുർവേദ ആശുപത്രി

179 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ ആയുർവേദ ആശുപത്രി തുടങ്ങുന്നത് പരിഗണനയിൽ ഉണ്ടോ;വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

## വള്ളിക്കുന്ന് മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങൾ

180 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ ആരോഗ്യ വകുപ്പിലെ അലോപ്പതി വിഭാഗത്തിൽപ്പെട്ട പി.എച്ച്.സി., എഫ്.എച്ച്.സി., സി.എച്ച്.സി, താലൂക്ക് ആശുപത്രി തുടങ്ങിയ വിവിധ ആരോഗ്യ സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിലെ സ്ഥിരം തസ്തികയിലെ ഡോക്ടർമാരടക്കമുള്ള ജീവനക്കാർ,താത്കാലിക/കരാർ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ് എന്നിവിടങ്ങളിൽ നിന്നും നിയമിച്ച ജീവനക്കാർ എന്നിവരുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിലെ സ്ഥിരം തസ്തികകളിൽ ഏതെല്ലാം ഒഴിവ് ഉണ്ടെന്നും അവ എന്നത്തേക്ക് നികത്താനാകുമെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽ കിടത്തി ചികിത്സ സൗകര്യങ്ങളുള്ളത് എവിടെയെല്ലാമാണെന്നും എത്ര ബെഡ് വീതമാണ് ഉള്ളതെന്നും വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും കിടത്തി ചികിത്സയും സ്പെഷ്യലിറ്റി ഡോക്ടർമാരുമുള്ള ഒരു ആശുപത്രിയെങ്കിലും ഉണ്ടെന്നുറപ്പ് വരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ?

## സർക്കാർ ആശുപത്രികളിൽ രോഗികളുടെ എണ്ണത്തിന് ആനുപാതികമായി സ്റ്റാഫുകളെ നിയമിക്കാൻ നടപടി

181 **ശ്രീ. എ. കെ. എം. അഷ്റഫ്**

**ശ്രീ. മഞ്ഞളാംകുഴി അലി**

**ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ രോഗികളുടെ വർദ്ധനവിന് ആനുപാതികമായി ഡോക്ടർമാർ,നേഴ്സുമാർ,പാരാ മെഡിക്കൽ സ്റ്റാഫ് എന്നിവരുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും താലൂക്ക് ആശുപത്രികളിലും സ്പെഷ്യാലിറ്റി ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ;

(സി) ഡോക്ടർമാർ ഉൾപ്പെടെയുള്ളവരുടെ സേവനം 24 മണിക്കൂറും ലഭ്യമാക്കാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

## <u>വടകര ജില്ലാ ആശുപത്രി</u>

182 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര ജില്ലാ ആശുപത്രിയുടെ നിലവിലെ പദവിക്കനുസരിച്ച് സ്റ്റാഫ് പാറ്റേൺ പ്രകാരം അനുവദിച്ചിട്ടുള്ള തസ്തികകൾ ഏതൊക്കെയാണ്;ഡിപ്പാർട്ട്മെന്റ് തിരിച്ചുള്ള തസ്തികകളും അവയുടെ എണ്ണവും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിലെ ഡോക്ടർമാർ,നഴ്സുമാർ,പാരാമെഡിക്കൽ ജീവനക്കാർ, ഓഫീസ് ജീവനക്കാർ എന്നിവരുടെ അംഗീകൃത തസ്തികകളിൽ നിലവിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത ആശുപത്രിയിൽ ഏതൊക്കെ സ്പെഷ്യലിസ്റ്റ് വിഭാഗം ചികിത്സകളാണ് അനുവദിച്ചിട്ടുള്ളത്; ഇതിൽ ഏതൊക്കെ വിഭാഗങ്ങളിലാണ് ഡോക്ടർമാരും മറ്റു സ്റ്റാഫുകളും പൂർണ്ണ തോതിൽ നിലവിലുള്ളത്;

(ഡി) പ്രസ്തുത ആശുപത്രിയിൽ ഫോറൻസിക് സർജൻമാരെയും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെയും മറ്റു മുഴുവൻ സ്റ്റാഫുകളെയും നിയമിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കാമോ?

**<u>തിരൂരങ്ങാടി താലൂക്ക് ഗവൺമെന്റ് ആശുപത്രിയിലെ ഡയാലിസിസ് ബ്ലോക്ക് നിർമ്മാണം</u>**

183 **ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി താലൂക്ക് ഗവൺമെന്റ് ആശുപത്രിയിലെ ഡയാലിസിസ് ബ്ലോക്ക് നിർമ്മാണത്തിന്റെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്; ഈ തടസ്സങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഡയാലിസിസ് ബ്ലോക്കിന്റെ നിർമ്മാണം എന്നേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**<u>പുതുക്കാട് താലൂക്ക് ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗത്തിന്റെ പ്രവർത്തനം.</u>**

184 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം പൂർണ്ണമായ രീതിയിൽ ഇതുവരെ പ്രവർത്തനം ആരംഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ഗൈനക് വിഭാഗം പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ?

**<u>പരപ്പനങ്ങാടി നെടുവ കുടുംബാരോഗ്യ കേന്ദ്രം.</u>**

185 **ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നിലവിലുള്ള കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(സി) ഈ ആശുപത്രിയിൽ പുതിയ കെട്ടിട നിർമാണങ്ങൾക്കായി എന്തെങ്കിലും നടപടികൾ നിലവിൽ സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

**കോതമംഗലം നിയോജകമണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങളിലെ ഒഴിവുള്ള തസ്തികകൾ**

186 **ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്ക് ആശുപത്രി,സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ,പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ,സബ് സെന്ററുകൾ എന്നിവിടങ്ങളിൽ ഡോക്ടർമാർ ഉൾപ്പെടെ എല്ലാ തസ്തികയിലുമുള്ള ഒഴിവുകൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ ; പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്താനുള്ള നടപടികൾ സ്വീകരിക്കാമോ;

(ബി) കോതമംഗലം നിയോജക മണ്ഡലത്തിലെ ആയുർവേദ,ഹോമിയോ ആശുപത്രികളിൽ നിലവിൽ ഒഴിവുള്ള തസ്തികകൾ എതെല്ലാമാണെന്ന് വിശദമാക്കാമോ; പ്രസ്തുത ഒഴിവുകൾ നികത്താൻ ആവശ്യമായ നടപടി സ്വീകരിക്കാമോ?

**പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ ഈവനിംഗ് ഒ.പി.**

187 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഈവനിംഗ് ഒ.പി. അനുവദിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഒ.പി. സമയത്തിന്റെ ദൈർഘ്യത്തിൽ വ്യത്യാസം വരാതെ ഒ.പി. നടത്തുന്ന സമയത്തിൽ വ്യത്യാസം വരുത്താൻ ഡോക്ടറും തദ്ദേശസ്വയംഭരണ ഉദ്യോഗസ്ഥരും തയ്യാറാണെങ്കിൽ ആയതിന് അനുമതി ലഭിക്കുമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

**പെരുമ്പാവൂരിൽ ആരോഗ്യവകുപ്പിലെ ഒഴിവുകൾ നികത്തൽ**

188 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ താലൂക്ക് ആശുപത്രിയിലും, സി.എച്ച്.സി, പി.എച്ച്.സി, സബ് സെൻററുകൾ ഇവയിൽ ഡോക്ടർമാർ ഉൾപ്പെടെ എല്ലാ തസ്തികയിലുമുള്ള ഒഴിവുകൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ ; പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്താനുള്ള നടപടികൾ സ്വീകരിക്കാമോ;

(ബി) പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ ആയുർവേദ, ഹോമിയോ ആശുപത്രികളിൽ നിലവിൽ ഏതെങ്കിലും തസ്തിക ഒഴിവുണ്ടോയെന്നറിയിക്കാമോ; ഉണ്ടെങ്കിൽ പ്രസ്തുത ഒഴിവ് നികത്താൻ ആവശ്യമായ നടപടി സ്വീകരിക്കാമോ?

**<u>പകർച്ച പനികൾ നിയന്ത്രണ വിധേയമാക്കാൻ സ്വീകരിച്ച നടപടികൾ</u>**

189 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ-സ്വകാര്യ ആശുപത്രികളിൽ ഈ മഴക്കാല സീസണിൽ വിവിധ തരം പനികൾ ബാധിച്ച് എത്ര പേർ ഇതുവരെ ചികിത്സ നേടിയിട്ടുണ്ട്;

(ബി) ഏതെല്ലാം തരത്തിലുള്ള പകർച്ച പനികളാണ് സംസ്ഥാനത്ത് പടർന്ന് പിടിച്ചിട്ടുള്ളത്; പകർച്ച പനികൾ നിയന്ത്രണ വിധേയമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

**<u>കുന്നത്തുനാട് മണ്ഡലത്തിൽ നിലവിൽ നടന്ന് വരുന്ന പദ്ധതികൾ</u>**

190 **ശ്രീ. വി. പി. സജീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ, വകുപ്പിന് കീഴിൽ നിലവിൽ നടന്ന് വരുന്ന പദ്ധതികളെക്കുറിച്ച് വിശദീകരിക്കാമോ?

**<u>മലബാർ കാൻസർ സെന്ററിന്റെ അടിസ്ഥാന സൗകര്യ വികസനം</u>**

191 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിലെ മലബാർ കാൻസർ സെന്ററിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2021-മുതൽ നാളിതുവരെ

സ്വീകരിച്ച നടപടികളും,ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയാണെന്നും വിശദമാക്കാമോ;

(ബി) മലബാർ കാൻസർ സെന്ററിന്റെ ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്നും ആയതിന്റെ പൂർത്തീകരണത്തിന് നാളിതുവരെ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

## മാവേലിക്കര ജില്ലാ ആശുപത്രിയിൽ കിഫ്ബി പദ്ധതയിൽ ഉപകരണങ്ങൾ വാങ്ങുന്നത് സംബന്ധിച്ച്

192 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയ്ക്ക് കിഫ്ബി പദ്ധതിയിൽ 132 കോടി രൂപ അനുവദിച്ച പ്രവൃത്തി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിന് കിഫ്ബിയും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡും (കെ.എം.സി.എൽ.) സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഫോറൻസിക് സർജനെ നിയമിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

## പെരിഞ്ഞനം കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിന്റെ പുതിയ കെട്ടിട നിർമ്മാണം

193 **ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിഞ്ഞനം കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിന് പുതിയ കെട്ടിടത്തിനായി ബഡ്ജറ്റിലൂടെ അനുവദിച്ച തുക എത്രയാണെന്നറിയിക്കാമോ;

(ബി) ആയതിന്റെ ഭരണാനുമതി ലഭിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് ഇതുവരെ പൂർത്തീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) ഭരണാനുമതി ലഭിക്കാത്തിന് എന്തെല്ലാം തടസ്സങ്ങളാണ് നിലനിൽക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത കെട്ടിടത്തിന്റെ ഭരണാനുമതി എത്രയും വേഗം നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ

സ്വീകരിക്കാമോ?

## ഷിഗെല്ലാ വ്യാപനം

194 **ശ്രീ. എം. വിജിന്‍** : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് നിലവില്‍ എത്ര പേര്‍ക്ക് ഷിഗെല്ലാ ബാധ സ്ഥിരീകരിച്ചിട്ടുണ്ട്;

(ബി) ഷിഗെല്ലാ വ്യാപനം തടയാന്‍ പി.എച്ച്.സി ,എഫ് .എച്ച്.സി തലത്തില്‍ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;വിശദാംശങ്ങള്‍ ലഭ്യമാക്കാമോ?

## ആറ്റിങ്ങല്‍ വലിയകുന്ന് താലൂക്ക് ആശുപത്രിയിലെ പുതിയ ഒ.പി. മന്ദിര നിര്‍മ്മാണം

195 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ആറ്റിങ്ങല്‍ വലിയകുന്ന് താലൂക്ക് ആശുപത്രിയിലെ പുതിയ ഒ.പി.മന്ദിര നിര്‍മ്മാണ പൂര്‍ത്തീകരണം എന്ന പ്രവൃത്തിക്ക് തുക അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;പ്രസ്തുത പ്രവൃത്തിക്ക് സ്വീകരിച്ച നടപടികള്‍ വിശദമാക്കാമോ?

## കാട്ടാക്കട സി. എച്ച്. സി.

196 **ശ്രീ. ജി. സ്റ്റീഫന്‍** : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നല്‍കുമോ:

(എ) പതിനഞ്ചാം ധനകാര്യകമ്മീഷന്‍ തുകയില്‍ നിന്നും 4 കോടി രൂപ ചെലവഴിച്ച് കാട്ടാക്കട സി.എച്ച്.സി-യില്‍ നിര്‍മ്മിക്കാന്‍ ഉദ്ദേശിക്കുന്ന പുതിയ കെട്ടിടത്തിന്റെ നിലവിലെ നിര്‍വ്വഹണ പുരോഗതി അറിയിക്കാമോ;

(ബി) നിരവധി രോഗികള്‍ ദിനംപ്രതി ചികിത്സയ്ക്കായി എത്തുന്ന ഈ ആശുപത്രിയിലെ അടിസ്ഥാന സൗകര്യമില്ലായ്മ കണക്കിലെടുത്ത് കാലതാമസം കൂടാതെ പണികള്‍ ആരംഭിച്ച് പൂര്‍ത്തിയാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

## മാവേലിക്കര മണ്ഡലത്തിലെ നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുവാൻ നടപടി

197 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനായി എം.എൽ.എ.യുടെ നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസ്, ആരോഗ്യ വകുപ്പ്, കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്നിവ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി വേഗത്തിൽ നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ?

## പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ വിവിധ ആശുപത്രികളിലെ നിർമ്മാണ പ്രവർത്തനങ്ങൾ

198 **ശ്രീ. സെബാസ്റ്റ്യൻ. എം. ജെ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ ഈരാറ്റുപേട്ട കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിട നിർമ്മാണം, എരുമേലി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ പുതിയ മന്ദിരം, കനകപ്പാലം സബ് സെന്റർ നിർമ്മാണം, കാളകെട്ടി സബ് സെന്റർ നിർമ്മാണം, പിണ്ണാക്കനാട് സബ് സെന്റർ, തിടനാട് കുടുംബാരോഗ്യ കേന്ദ്രത്തിലെ മെയിൻ സെന്ററിലെ അനുബന്ധ കെട്ടിട നിർമ്മാണം, തീക്കോയി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കീഴിലെ കല്ലം, ഒറ്റയീട്ടി സബ് സെന്റർ, പറത്താനം പ്രാഥമികാരോഗ്യ കേന്ദ്ര കെട്ടിട നിർമ്മാണം, ചേന്നാട് സബ് സെന്റർ നിർമ്മാണം, ജി. വി. രാജ ആശുപത്രിയിലെ പുതിയ സബ് സെന്റർ നിർമ്മാണം എന്നീ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഡി. പി. ആർ. ലഭിച്ച് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച പദ്ധതികൾ ഏതെല്ലാം; വ്യക്തമാക്കാമോ?

## ബേപ്പൂർ നിയോജക മണ്ഡലത്തിലെ ഫറോക്ക് താലൂക്ക് ഹോസ്പിറ്റലിൽ അംഗീകൃത തസ്തികകളുടെ വിവരങ്ങൾ

199 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജക മണ്ഡലത്തിലെ ഫറോക്ക് താലൂക്ക് ഹോസ്പിറ്റലിൽ അംഗീകൃത തസ്തികകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) നിലവിൽ ഓരോ തസ്തികയിലെയും ഒഴിവുകളുടെ വിശദാംശം അറിയിക്കാമോ;

(സി) അധിക തസ്തിക സൃഷ്ടിക്കുവാനുള്ള പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## പേരാമ്പ്ര നിയോജകമണ്ഡലത്തിലെ സർക്കാർ ആശുപത്രികൾക്ക് ചെലവഴിച്ചിട്ടുള്ള തുക

200 **ശ്രീമതി ഫാത്തിമ തഹിലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിലെ സർക്കാർ ആശുപത്രികളുടെ വികസനത്തിനായി 2016 ഏപ്രിൽ മുതൽ 2026 മാർച്ച് വരെ ചെലവഴിച്ച തുക എത്രയെന്ന് അറിയിക്കുമോ; വർഷം, ആശുപത്രികളുടെ വിവരങ്ങൾ, ഇനം, ചെലവഴിച്ച തുക എന്ന ക്രമത്തിൽ വിശദാംശങ്ങൾ നൽകാമോ?

## സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ

201 **ശ്രീ. ആര്യാടൻ ഷൗക്കത്ത്**
**ശ്രീ. സുധീർഷാ പാലോട്**
**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സർക്കാർ ആശുപത്രികളിൽ ആധുനിക രോഗനിർണ്ണയത്തിനും ചികിത്സക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ആശുപത്രികളിൽ ജനങ്ങൾക്ക് പരാതിയില്ലാത്ത വിധം ചികിത്സ ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>പേരാമ്പ്ര നിയോജകമണ്ഡലത്തിലെ സർക്കാർ സഹകരണ ആശുപത്രികളുടെ വിവരങ്ങൾ</u>**

202 **ശ്രീമതി ഫാത്തിമ തഹിലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിലെ അലോപ്പതി, ആയുർവ്വേദം, ഹോമിയോ എന്നീ വിഭാഗങ്ങളിൽ സർക്കാർ സഹകരണ ആശുപത്രികളുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) 2016 ഏപ്രിൽ മുതൽ 2026 മാർച്ച് വരെ സർക്കാർ സഹകരണ ആശുപത്രികൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദ വിവരം നൽകാമോ;

(സി) പേരാമ്പ്ര നിയോജകമണ്ഡത്തിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ഡോക്ടർമാരുടെ വിന്യാസം ക്രമീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>നിലമ്പൂർ മണ്ഡലത്തിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി</u>**

203 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജക മണ്ഡലത്തിൽ, ആദിവാസികളും പിന്നോക്ക സമുദായക്കാരും കൂടുതലായി അധിവസിക്കുന്ന മൂത്തേടം പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രവും കരുളായി പഞ്ചായത്തിലെ കുടുംബാരോഗ്യ കേന്ദ്രവും കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആയിട്ടുയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) വഴിക്കടവ് പഞ്ചായത്തിൽ കിഡ്നി ഡയാലിസിസ് സെന്റർ തുടങ്ങുവാനുള്ള നടപടി സ്വീകരിക്കുമോ; പ്രസ്തുത പഞ്ചായത്തിലെ

കുടുംബാരോഗ്യ കേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തുമോയെന്നറിയിക്കാമോ?

## നിലമ്പൂർ ജില്ലാ ആശുപത്രിയിൽ കാർഡിയോളജി സെന്റർ

204 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ജില്ലാ ആശുപത്രിയിൽ കാർഡിയോളജി സെന്റർ ആരംഭിക്കുന്നതിലേയ്ക്കായി കെട്ടിടവും എ. സി. മുറികളും ഐ.സി.യു.വും ലഭ്യമാണെങ്കിലും ഉപകരണങ്ങളുടെയും യന്ത്രസാമഗ്രികളുടെയും അഭാവംമൂലം പ്രവർത്തനം തുടങ്ങുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കാർഡിയോളജി സെന്റർ പ്രവർത്തനസജ്ജമാക്കുന്നതിലേയ്ക്കായി ഉപകരണങ്ങളും യന്ത്രസാമഗ്രികളും ലഭ്യമാക്കുവാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## വെറ്റിലപ്പാറ കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം

205 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗോത്ര, തീരദേശ ആരോഗ്യ സ്ഥാപനങ്ങളുടെയും ആശുപത്രികളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ പദ്ധതിയുടെ ഭാഗമായി ചാലക്കുടി നിയോജകമണ്ഡലത്തിലെ വെറ്റിലപ്പാറ കുടുംബാരോഗ്യകേന്ദ്രത്തിന് പുതിയ കെട്ടിടത്തിന് ഭരണാനുമതി നൽകിയത് എന്നാണെന്നും പ്രസ്തുത പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

## മട്ടന്നൂർ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയുടെ നിർമ്മാണ പുരോഗതി

206 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രി പ്രവർത്തനക്ഷമമാകുന്ന വേളയിൽ ആവശ്യമായി വരുന്ന തസ്തികകളുടെ വിശദവിവരങ്ങൾ നൽകാമോ;

(സി) പ്രസ്തുത ആശുപത്രിക്കായി തസ്തികകൾ സൃഷ്ടിക്കുന്നത് പരിഗണനയിലുണ്ടോ; ഏതൊക്കെയെന്ന് വിശദമാക്കാമോ?

**മുല്ലശ്ശേരി ബ്ലോക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്**

207 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ഏറ്റവും വലിയ മണ്ഡലമായ മണലൂരിലെ മുല്ലശ്ശേരി ബ്ലോക്ക് ആശുപത്രിയിൽ ഒരു ഡയാലിസിസ് യൂണിറ്റ് അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ ?

**ലെപ്രസി - ഡോക്ടർ നിയമനം**

208 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ ത്വക്ക് രോഗ വിഭാഗത്തിൽ ഡോക്ടർ തസ്തിക ഒഴിവു വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഒഴിവുള്ള തസ്തികയിൽ ഡോക്ടറെ നിയമിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജ് കോംബൗണ്ടിലെ നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച്**

209 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജ് കോംബൗണ്ടിൽ പൊതുമരാമത്ത് വകുപ്പ് വഴിയും മറ്റു സ്പെഷൽ പർപ്പസ് വെഹിക്കൾ (എസ്.പി.വി.) വഴിയും പുരോഗമിച്ചു വരുന്ന ക്രിട്ടിക്കൽ കെയർ ബ്ലോക്ക്, കീമോ ഡേ കെയർ വെർട്ടിക്കൽ എക്സ്പാൻഷൻ, ഉൾപ്പടെയുള്ള മുഴുവൻ നിർമ്മാണ പ്രവർത്തനങ്ങളുടേയും നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണം എത്ര മാസത്തിനകം പൂർത്തിയാക്കി അവയുടെ പ്രവർത്തനമാരംഭിക്കാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നത്;

(സി) പ്രസ്തുത സംവിധാനങ്ങൾ പ്രവർത്തന സജ്ജമാകുന്നതോടെ കൂട്ടതലായി ആവശ്യമായി വരുന്ന മാനവവിഭവശേഷി ഒരുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ?

**<u>ആരോഗ്യമേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുവദിച്ച ഫണ്ട്</u>**

210 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ മുൻ സർക്കാരുകളുടെ കാലയളവിൽ (2016-21,2021-26 ) ആരോഗ്യ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി അനുവദിച്ച ഫണ്ട് എത്രയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഫണ്ട് അനുവദിച്ച ആശുപത്രികളും അനുവദിച്ച തുകയും വിശദമാക്കാമോ?

**<u>സംസ്ഥാനത്തെ ആശുപത്രികളുടെ സുഗമമായ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട്</u>**

211 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ അനുദിനം വർദ്ധിച്ചുവരുന്ന രോഗികളുടെ എണ്ണത്തിന് അനുപാതികമായി ചികിത്സ ആവശ്യങ്ങളിലേക്ക് ഫണ്ട് അനുവദിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; 2016 - 2025 കാലയളവിൽ ചികിത്സ ആവശ്യത്തിനായി അനുവദിച്ചിട്ടുള്ള തുകയുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ബി) ചികിത്സയ്ക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കമോ?

**<u>പകർച്ചവ്യാധികളുടെ വ്യാപനം തടയുന്നതിന് സ്വീകരിച്ച നടപടികൾ</u>**

212 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഏതാനും വർഷങ്ങളായി സംസ്ഥാനത്ത് പകർച്ചവ്യാധികൾ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ 2016- 2025 കാലയളവിൽ ഇത്തരം രോഗവ്യാപനം തടയുന്നതിനായി സ്വീകരിച്ച പ്രതിരോധ നടപടികൾ വ്യക്തമാക്കുമോ;

(ബി) 2016 മുതൽ 2025 വരെ പകർച്ചവ്യാധി മൂലം മരണമടഞ്ഞവരുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് ഷിഗല്ല ബാക്ടീരിയ ബാധ വ്യാപിക്കുന്നത് തടയുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആരംഭിച്ച തിരുവനന്തപുരം വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ മാരകവും അതിതീവ്ര വ്യാപന ശേഷിയുള്ളതുമായ രോഗങ്ങളുടെ പരിശോധന നടത്തുന്നതിനുള്ള ബയോ സേഫ്റ്റി ലെവൽ 4 ( ബി. എസ്. എൽ. -4) ക്ലിയറൻസ് ലഭിക്കാത്തത് കൊണ്ട് ദേശീയ തലത്തിലുള്ള അംഗീകാരം ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന് ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കി ദേശീയ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>തിരുവല്ല നിയോജകമണ്ഡലത്തിലെ പദ്ധതികൾ</u>

213 **ശ്രീ. വർഗ്ഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ തിരുവല്ല നിയോജകമണ്ഡലത്തിൽ ആരോഗ്യവകുപ്പിന് എത്ര തുക അനുവദിച്ചു; ചിലവാക്കിയ തുക എത്ര; പദ്ധതികളുടെ പട്ടിക തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

## <u>അന്യ സംസ്ഥാനങ്ങളിലെ നഴ്സിംഗ് പഠനം</u>

214 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാനങ്ങളിൽ നഴ്സിംഗ് പഠനം നടത്തുന്ന കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥികളുടെ എണ്ണം സംബന്ധിച്ച കണക്കുകൾ സർക്കാരിന്റെ കൈവശം ലഭ്യമാണോയെന്നറിയിക്കാമോ ;

(ബി) അന്യ സംസ്ഥാനങ്ങളിൽ നഴ്സിംഗ് പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ ഫീസ് നിരക്കും അവർ അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രശ്നങ്ങളും സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോയെന്നറിയിക്കാമോ ;

(സി) മറ്റു സംസ്ഥാനങ്ങളിൽ നഴ്സിംഗ് പഠനം നടത്തുന്ന വിദ്യാർത്ഥികൾ അഭിമുഖീകരിക്കുന്ന ചൂഷണങ്ങളും പീഡനങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ എടുത്ത നടപടികൾ വ്യക്തമാക്കാമോ;

(ഡി) ആക്രമണവും ഭീഷണിയും പീഡനവും നേരിടുന്ന വിദ്യാർത്ഥികൾക്ക് സർക്കാരിൽ പരാതി നൽകി ഉടനടി പരിഹാരം തേടാൻ സാധിക്കുന്ന രീതിയിലുള്ള ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുമോ;

(ഇ) വിദ്യാർത്ഥികളുടെ മൈഗ്രേഷൻ കുറക്കാൻ കേരളത്തിൽ നഴ്സിംഗ് കോളേജുകൾ, സീറ്റുകൾ എന്നിവ വർധിപ്പിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ ?

## <u>എം.ബി.ബി.എസ്. ഹൗസ് സർജൻസിക്ക് പ്രതിമാസ സ്റ്റൈപ്പന്റ് നൽകുന്നതിലെ കുറവ്</u>

215 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. ഹൗസ് സർജൻസി വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രതിമാസ സ്റ്റൈപ്പന്റ് കൃത്യമായി ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് വിദ്യാർത്ഥികൾക്ക് കൃത്യമായി ലഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) സർക്കാർ നിശ്ചയിച്ചിരിക്കുന്ന പ്രസ്തുത സ്റ്റൈപ്പന്റ് തുക ചില കോളേജുകൾ കുറവു വരുത്തി നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തുക വിദ്യാർത്ഥികൾക്ക് കൃത്യമായി ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ സർക്കാർ സംവിധാനങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>കാസർഗോഡ് മെഡിക്കൽ കോളേജിലെ പ്രവൃത്തികൾ</u>

216 **ശ്രീ. കല്ലട മാഹിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മെഡിക്കൽ കോളേജിൽ നഴ്സിംഗ് വിദ്യാർത്ഥികളുടെ ഹോസ്റ്റലും എം.ബി.ബി.എസ്. വിദ്യാർത്ഥികളുടെ മെൻസ് ഹോസ്റ്റലും എപ്പോൾ യാഥാർത്ഥ്യമാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) നഴ്സിംഗ് കോളേജിന് സ്വന്തമായി കെട്ടിടം ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ ഇതിനകം പൂർത്തീകരിച്ചതും പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്നും പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ;

(ഡി) ഡോക്ടർമാരുടെയും ജീവനക്കാരുടെയും നിയമനത്തിൽ അമ്പത് ശതമാനം വിലക്കേർപ്പെടുത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

## <u>സ്വകാര്യ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കിയ അധിക ഫീസ് തിരികെ നൽകുന്നതിനുള്ള നടപടി</u>

217 **ശ്രീ. അപു ജോൺ ജോസഫ്**
**ശ്രീ. ഷിബു തെക്കുംപുറം**
**ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ കോളേജുകൾ എം.ബി.ബി.എസ്. വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കിയ അധിക ഫീസ് തിരികെ നൽകാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് ദേശീയ മെഡിക്കൽ കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഏത് കാലയളവിൽ ഈടാക്കിയ ഫീസ് ആണ് തിരികെ നൽകാൻ നിർദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ;

(സി) എം.ബി.ബി.എസ്. പ്രവേശനം നേടുന്ന വിദ്യാർത്ഥികളിൽ നിന്ന് സ്വകാര്യ മെഡിക്കൽ കോളേജുകൾ കോഴ്സ് കാലയളവിലെ ഫീസ് മാത്രമാണ് വാങ്ങുന്നതെന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനായി നിയമ/ചട്ട ഭേദഗതി ആവശ്യമുണ്ടോ; വിശദീകരിക്കാമോ?

## <u>ആയുർവേദ സർവ്വകലാശാല സ്ഥാപിക്കൽ</u>

218 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ പഠനത്തിന്റെ നിലവാരം ഉയർത്താനും ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കാനും ആയുർവേദത്തെ ആധുനിക ശാസ്ത്രവുമായി ബന്ധിപ്പിച്ച് അടിസ്ഥാന ഗവേഷണങ്ങൾ നടത്തുന്നതിനും മികച്ച പ്രൊഫഷണലുകളെ വാർത്തെടുക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്തും സംസ്ഥാനത്ത് ഒരു ആയുർവ്വേദ സർവ്വകലാശാല സ്ഥാപിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ആയുർവേദ ചികിത്സയ്ക്ക് രാജ്യാന്തര പ്രശസ്തിയാർജ്ജിച്ച കോട്ടക്കൽ കേന്ദ്രീകരിച്ച് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ആയുർവേദ സർവകലാശാല സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിലവിലുള്ള പ്രൊപ്പോസലിന്മേൽ അനുകൂല നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>ആയുഷ് ആശുപത്രി</u>

219 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ആയുഷ് ആശുപത്രികളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

## <u>അരുവിക്കര നിയോജക മണ്ഡലത്തിലെ വിതുര ഹോമിയോ ആശുപത്രി കെട്ടിട നിർമ്മാണം</u>

220 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന വിതുര ഹോമിയോ ആശുപത്രി കെട്ടിട നിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതിക്കായി നൽകിയ പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി എത്രയും വേഗം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## <u>വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാട് സ്മാരക ആയുഷ് ആശുപത്രി കെട്ടിട നിർമ്മാണം</u>

221 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ പത്മഭൂഷൺ വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാട് സ്മാരക ആയുഷ് ആശുപത്രി കെട്ടിടനിർമ്മാണ പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ; നിലവിൽ പ്രസ്തുത പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനത്തിന് ആവശ്യമായ തസ്തികകളുടെ വിശദാംശം നൽകുമോ;

(സി) ആശുപത്രിയുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ?

## <u>കൂത്തുപറമ്പ് റീജിയണൽ അനലിറ്റിക്കൽ ആന്റ് റിസർച്ച് ലബോറട്ടറി</u>

222 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് വലിയവെളിച്ചത്ത് സർക്കാർ അനുവദിച്ച ഒരു ഏക്കർ സ്ഥലത്ത് നിർമ്മിക്കുന്ന റീജിയണൽ അനലിറ്റിക്കൽ ആന്റ് റിസർച്ച് ലബോറട്ടറിയുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത ലബോറട്ടറിയുടെ നിർമ്മാണത്തിന്റെ ഭരണാനുമതി തുക എത്രയാണെന്നും ആയത് പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ?

## <u>സപ്ലൈകോ നവീകരണവും സ്മാർട്ട് മാവേലി സ്റ്റോറുകളും</u>

223 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ ശൃംഖല കൂടുതൽ ജനസൗഹാർദ്ദമാക്കുന്നതിന്റെ ഭാഗമായി മാവേലി സ്റ്റോറുകളെയും സപ്ലൈകോ ഔട്ട്-ലെറ്റുകളെയും 'സ്മാർട്ട്' ആക്കി മാറ്റുന്നതിനും നവീകരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) സപ്ലൈകോ വിൽപ്പനശാലകളിൽ കമ്പ്യൂട്ടറൈസേഷനും ഡിജിറ്റൽ പണമിടപാടുകളും പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) സപ്ലൈകോ ഉൽപ്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴിയും ഹോം ഡെലിവറി വഴിയും ജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള പദ്ധതി

നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) സപ്ലൈകോ ഔട്ട്-ലെറ്റുകളിൽ സബ്സിഡി സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്ത് സപ്ലൈകോ ഔട്ട്-ലെറ്റുകളും റേഷൻ കടകളും പുതുതായി ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

## സുഭിക്ഷ ഹോട്ടലുകൾക്കുള്ള സബ്സിഡി

224 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുഭിക്ഷ ഹോട്ടലുകളുടെ നിലനില്പിന് പുതുതായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ;

(ബി) സുഭിക്ഷ ഹോട്ടലുകൾ വഴി ഊണ് നൽകിയ വകയിൽ ആളൊന്നിന് അഞ്ച് രൂപ നിരക്കിൽ അനുവദിച്ച സബ്സിഡി തുകയുടെ വിതരണം വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സുഭിക്ഷ ഹോട്ടലുകൾ നടത്തിവരുന്ന കുടുംബശ്രീ ഉൾപ്പെടെയുള്ള സംഘങ്ങൾക്ക് യഥാസമയം സബ്സിഡി തുക ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

## പൊതുവിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ

225 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം പരിഷ്കാരങ്ങളാണ് സിവിൽ സപ്ലൈസ് വകുപ്പിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഭക്ഷ്യ പൊതുവിതരണം സംബന്ധിച്ച പരാതികൾ അറിയിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും മന്ത്രിതലത്തിൽ പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് റേഷൻ കടകൾ വഴി മെച്ചപ്പെട്ട ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) വിലക്കയറ്റം പിടിച്ചു നിർത്തുന്നതിൽ വലിയ പങ്ക് വഹിക്കുന്ന പൊതുവിതരണ ശൃംഖലയുടെ നിലനിൽപ്പിന് എന്തെല്ലാം നവീന പരിപാടികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കാമോ?

## പുനലൂർ താലൂക്കിലെ റേഷൻ കടകൾ

226 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന അംഗീകൃത റേഷൻ ലൈസൻസികളുടെ എണ്ണം എത്രയെന്നും എത്ര റേഷൻ കടകളോട് അനുബന്ധമായി കെ - സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പുനലൂർ താലൂക്കിൽ ആകെയുള്ള റേഷൻ കാർഡുകളുടെ എണ്ണം എത്രയെന്നും അതിൽ എ.എ.വൈ (അന്ത്യോദയ അന്ന യോജന), മുൻഗണനാ വിഭാഗം, സ്റ്റേറ്റ് പ്രയോറിറ്റി എന്നിങ്ങനെയുള്ള കാർഡുകളുടെ എണ്ണം എത്രയെന്നും തരംതിരിച്ച് വ്യക്തമാക്കാമോ?

## പ്രധാനമന്ത്രി ഉജ്ജ്വല യോജന പദ്ധതി

227 **ശ്രീ. അപു ജോൺ ജോസഫ്**
**ശ്രീ. ഷിബു തെക്കുംപുറം**
**ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഗുണഭോക്താക്കൾക്ക് കേന്ദ്രസർക്കാരിന്റെ പ്രധാനമന്ത്രി ഉജ്ജ്വല യോജന പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; പദ്ധതിയുടെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) പദ്ധതി ആരംഭിച്ച കാലത്ത് ഗുണഭോക്താക്കൾക്ക് പ്രതിവർഷം സബ്സിഡിയുള്ള എത്ര പാചകവാതക സിലിണ്ടറുകളാണ് നൽകിയിരുന്നതെന്നും പിന്നീട് ഈ എണ്ണത്തിൽ കുറവ് വരുത്തിയിരുന്നോ എന്നുമുള്ള വിവരം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം നിലവിൽ സബ്സിഡിയോടെ എത്ര സിലിണ്ടറുകളാണ് നൽകുന്നത് എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ഡി) പാചകവാതക വിലവർധനവിന്റെയും ലഭ്യതക്കുറവിന്റെയും പശ്ചാത്തലത്തിൽ പ്രധാനമന്ത്രി ഉജ്ജ്വല യോജന പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകൾക്ക് നൽകുന്ന സബ്സിഡി സിലിണ്ടറുകളുടെ എണ്ണം വെട്ടിക്കുറച്ച നടപടി പിൻവലിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടുമോ; വ്യക്തമാക്കാമോ?

**<u>സുഭിക്ഷാ ഹോട്ടലുകൾ</u>**

228 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ സബ്സിഡിയോടുകൂടി പ്രവർത്തിക്കുന്ന എത്ര സുഭിക്ഷാ ഹോട്ടലുകൾ നിലവിൽ ഉണ്ട്;

(ബി) ഇവർക്ക് ലഭിക്കേണ്ട സബ്സിഡി തുക കൃത്യമായി ലഭിക്കുന്നുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

**<u>ഭക്ഷ്യഭദ്രത</u>**

229 **ശ്രീ. ജി. ആർ. അനിൽ**

**ശ്രീ. പി. പ്രസാദ്**

**ശ്രീമതി ഗീതാ ഗോപി**

**ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിദാരിദ്ര്യ നിർമ്മാർജനത്തിന്റെ ഏറ്റവും ശക്തമായ അടിത്തറ ഭക്ഷ്യഭദ്രതയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് അതിദരിദ്രരില്ല എന്ന് ഉറപ്പുവരുത്തുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികളിൽ ഭക്ഷ്യഭദ്രതയ്ക്ക് മുൻഗണന നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഒരു ഭക്ഷ്യക്കമ്മി സംസ്ഥാനമായിട്ടുകൂടി ഭക്ഷ്യമിച്ചോല്പാദക സംസ്ഥാനങ്ങൾക്ക് പോലും കഴിയാതിരുന്ന നേട്ടം മുൻ സർക്കാരിന്റെ കാലത്ത് കൈവരിക്കാനായതിന് കാര്യക്ഷമമായ പൊതുവിതരണ സംവിധാനം സഹായകരമായിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഭക്ഷ്യധാന്യങ്ങൾ മാത്രമല്ല, മറ്റ് അവശ്യ നിത്യോപയോഗ വസ്തുക്കളും ന്യായ വിലക്ക് തടസ്സമില്ലാതെ ജനങ്ങൾക്ക് ലഭിക്കുന്നു എന്നത് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സർക്കാരിന്റെ പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ?

## ഭക്ഷ്യപൊതുവിതരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

230 **ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിൽ ഭക്ഷ്യപൊതുവിതരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ പേര്; അനുവദിച്ച തുക; നിലവിലെ പ്രവർത്തന പുരോഗതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തിയാക്കും എന്ന വിവരം അറിയിക്കാമോ?

## കെ-സ്റ്റോറുകൾ

231 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ എത്ര കെ-സ്റ്റോറുകൾ ആരംഭിച്ചു; വിശദമാക്കാമോ;

(ബി) എന്തെല്ലാം സേവനങ്ങൾ ആണ് ഉപഭോക്താക്കൾക്ക് കെ-സ്റ്റോറിൽ നിന്ന് ലഭിച്ചു വരുന്നതെന്ന് വിശദമാക്കാമോ;

(സി) കൂടുതൽ കെ-സ്റ്റോറുകൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## ബി.പി.എൽ കാർഡുകൾ ലഭ്യമാക്കാൻ നടപടി

232 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ അനുവദിക്കപ്പെട്ട ബി.പി.എൽ കാർഡുകളുടെ എണ്ണം വ്യക്തമാക്കാമോ; കേന്ദ്ര മാനദണ്ഡങ്ങൾ പ്രകാരം സംസ്ഥാനത്ത് പുതുതായി എത്ര പേർക്ക് കൂടി കാർഡ് നൽകാൻ സാധിക്കുമെന്ന് വിശദമാക്കാമോ;

(ബി) അടിസ്ഥാന സൗകര്യം മാത്രം ഉറപ്പാക്കിക്കൊണ്ട് നിർമ്മിച്ച വീടുകളുടെ വിസ്തീർണ്ണം 1000 സ്ക്വയർ ഫീറ്റിൽ ഒരടി പോലും കൂടിയാൽ ഓൺലൈനായി ആളുകൾക്ക് ബി.പി.എൽ കാർഡ് അപേക്ഷിക്കാൻ സാധിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) രോഗികൾ ഉൾപ്പെടെയുള്ള ഇത്തരം ആളുകൾക്ക് ബി.പി.എൽ കാർഡ് ലഭ്യമാകുന്നതിന് വീടിന്റെ വിസ്തീർണ്ണത്തിൽ ചെറിയ തോതിലെങ്കിലും ഇളവ് അനുവദിക്കുന്ന കാര്യം ഗൗരവമായി പരിശോധിക്കുമോ; വിശദമാക്കാമോ?

## <u>അന്ത്യോദയ അന്നയോജന</u>

233 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്ത്യോദയ അന്നയോജന മഞ്ഞ കാർഡ് ഉടമകൾക്ക് ഒരു മാസത്തിൽ എത്ര കിലോ അരിയാണ് നൽകുന്നതെന്നത് വ്യക്തമാക്കാമോ?

## <u>പൊതു വിഭാഗം സബ്സിഡി കാർഡുകളുടെ സ്പെഷ്യൽ അരി വിതരണം</u>

234 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പൊതുവിഭാഗം സബ്സിഡി കാർഡായ നീല കാർഡുടമകൾക്ക് വിതരണം ചെയ്തിരുന്ന സ്പെഷ്യൽ അരി നിർത്തലാക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ;

(ബി) കാലവർഷക്കെടുതികളും അതിനോടനുബന്ധിച്ചുള്ള തൊഴിൽ നഷ്ടവും കണക്കിലെടുത്ത് സ്പെഷ്യൽ അരി വിതരണം പുനരാരംഭിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) സ്പെഷ്യൽ അരി വിതരണം നിർത്തലാക്കിയത് എത്ര ലക്ഷം നീല കാർഡുടമകളെയാണ് ദോഷകരമായി ബാധിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

## <u>താനൂർ മണ്ഡലത്തിലെ റേഷൻകടകൾ</u>

235 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ മണ്ഡലത്തിൽ നിലവിൽ എത്ര റേഷൻകടകൾ പ്രവർത്തിക്കുന്നുവെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വിശദീകരിക്കാമോ;

(ബി) മണ്ഡലത്തിലെ തീരദേശ മേഖലയിൽ കൂടുതൽ റേഷൻകടകളും മാവേലി സ്റ്റോറുകളും അനുവദിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**കെ-സ്റ്റോർ**

236 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകളെ കെ-സ്റ്റോറുകളാക്കി മാറ്റുന്ന പദ്ധതി വ്യാപിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

**റേഷൻ വിതരണം**

237 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 ജൂൺ മാസം വിതരണം നടത്തേണ്ട ഭക്ഷ്യധാന്യങ്ങളുടെ വിതരണം എൻ.എഫ്.എസ്.എ (നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട്) കോൺട്രാക്ടർമാർ റേഷൻ കടകളിൽ നടത്തിയിട്ടില്ല എന്നും ഇത് കാരണം മിക്ക റേഷൻ കടകളിലും ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്ക് ഇല്ലായെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

**പൊതു വിതരണ സംവിധാനം**

238 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ കേരളത്തിൽ 12 ഔൺസ് റേഷൻ നിലവിലുണ്ടോ;

(ബി) ഇപ്പോൾ നിലവിലുള്ള റേഷൻ സംവിധാനത്തിന്റെ വിശദവിവരങ്ങൾ വ്യക്തമാക്കാമോ;

(സി) ഓരോ വിഭാഗത്തിനും റേഷനരി നൽകുമ്പോൾ ഓരോ കിലോയ്ക്കും ഈടാക്കുന്ന തുകയെത്രയാണെന്ന് അറിയിക്കാമോ;

(ഡി) ഈ വില കുറയ്ക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഇ) കേന്ദ്രത്തിൽ നിന്നും സൗജന്യ നിരക്കിൽ അരി നൽകുന്നുണ്ടോ; എങ്കിൽ മാസം എത്ര ടൺ വീതമെന്നുള്ള വിവരം അറിയിക്കാമോ;

(എഫ്) കേന്ദ്രത്തിൽ നിന്നും വിലയ്ക്ക് വാങ്ങുന്ന അരിയുടെ വിലയും അളവും വ്യക്തമാക്കാമോ;

(ജി) റേഷൻ വിതരണത്തിന് ഇപ്പോൾ കേരളത്തിൽ സ്റ്റോക്കുള്ള അരിയുടെ വിവരം നൽകാമോ; കേന്ദ്രം നൽകുന്ന അരിയുടെ ഗുണമേന്മ സംബന്ധിച്ചുള്ള വിശദ വിവരം നൽകാമോ?

## <u>ന്യായവില സാധനങ്ങളുടെ ലഭ്യത</u>

239 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലക്കയറ്റം തടയുന്നതിനും ജനങ്ങൾക്ക് ന്യായവിലയ്ക്ക് സാധനങ്ങൾ ലഭ്യമാക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

## <u>പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് സൗജന്യ റേഷൻ</u>

240 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കെടുതി മൂലം ദുരിതമനുഭവിക്കുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന ജനവിഭാഗങ്ങൾക്ക് സൗജന്യ റേഷൻ അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) നോൺ പ്രയോറിറ്റി സബ്സിഡി (എൻ.പി.എസ്.) വിഭാഗക്കാർക്ക് മുൻ സർക്കാർ അനുവദിച്ചിരുന്ന സ്പെഷ്യൽ അരിയ്ക്കുള്ള സബ്സിഡി നിർത്തലാക്കിയത് പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) അന്ത്യോദയ അന്ന യോജന (എ.എ.വൈ.) കാർഡുടമകൾക്ക് നൽകിയിരുന്ന പഞ്ചസാര വിതരണം പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നത് സംബന്ധിച്ച വിവരം വ്യക്തമാക്കാമോ?

## സ്പെഷ്യൽ അരി വിതരണം

241 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നീല - വെള്ള റേഷൻ കാർഡ് ഉടമകൾക്ക് ഉത്സവ ആഘോഷവേളകളിൽ എത്ര തവണ എത്ര കിലോഗ്രാം വീതം സ്പെഷ്യൽ അരി വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കാർഡ് ഉടമകൾക്ക് ഉത്സവ ആഘോഷവേളകളിൽ ഇപ്രകാരം സ്പെഷ്യൽ അരി നൽകാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മുഖാന്തരമുള്ള പ്രവൃത്തികൾ

242 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മുഖാന്തരം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലയളവിൽ ചങ്ങനാശ്ശേരി മണ്ഡലത്തിൽ എത്ര മുൻഗണനാ റേഷൻ കാർഡുകൾ അനുവദിച്ചിട്ടുണ്ടെന്നുള്ള വിവരം വ്യക്തമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ റേഷൻ റൈറ്റ് കാർഡ് വിതരണം ചെയ്തിട്ടുണ്ടോ; വിശദവിവരം നൽകാമോ;

(ഡി) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ എത്ര സപ്ലൈകോ മാവേലി സ്റ്റോറുകൾ നിലവിൽ പ്രവർത്തിപ്പിക്കുന്നുണ്ട്;

(ഇ) മുൻ സർക്കാരിന്റെ കാലത്ത് പുതിയ സപ്ലൈകോ, മാവേലി സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ?

## പൊതുവിതരണ കേന്ദ്രങ്ങൾ മുഖേനയുള്ള ഭക്ഷ്യധാന്യ വിതരണം

243 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പൊതുവിതരണ കേന്ദ്രങ്ങൾ മുഖേന വിതരണം ചെയ്തു വന്നിരുന്ന ഭക്ഷ്യധാന്യങ്ങൾ കാർഡ് ഉടമകൾക്ക് നൽകുന്നതിൽ കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വിഭാഗത്തിലുള്ള കാർഡുടമകൾക്ക് എത്ര അളവാണ് കുറവ് വരുത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ?

**<u>രണ്ടുമാസത്തെ റേഷൻ ഒരുമിച്ച് നൽകുന്നത്</u>**

244 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമേഷ്യൻ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കേന്ദ്ര നിർദ്ദേശപ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കിയ രണ്ടുമാസത്തെ റേഷൻ വിഹിതം ഒരുമിച്ച് നൽകുന്ന രീതി പെട്ടന്ന് നിർത്തലാക്കാനും ജൂൺ മാസം മുതൽ ഓരോ മാസത്തെ വിഹിതം മാത്രമായി ചുരുക്കാനും ഭക്ഷ്യ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വിശദമാക്കാമോ;

(ബി) ഏപ്രിൽ, മെയ് മാസങ്ങളിൽ രണ്ടുമാസത്തെ വിഹിതം ഒരുമിച്ച് നൽകിയപ്പോൾ സപ്ലൈകോ ഗോഡൗണുകളിൽ നിന്നും റേഷൻകടകളിൽ കൃത്യ സമയത്ത് സാധനങ്ങൾ എത്തിക്കാൻ കഴിയാത്തതും 'ഇ - പാസ്സ് ' മെഷീനുകളുടെ സാങ്കേതിക തകരാറുമാണ് ഈ പിൻമാറ്റത്തിന് കാരണമെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; റേഷൻ വിതരണത്തിലെ ഈ പാളിച്ചകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) റേഷൻ ഒരുമിച്ച് നൽകുന്നത് നിർത്തിയതിനൊപ്പം നീല (മുൻഗണനേതര വിഭാഗം) കാർഡുടമകൾക്ക് നൽകിയിരുന്ന അധിക അരി വിതരണവും സർക്കാർ പൂർണ്ണമായും നിർത്തലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പൊതുവിപണിയിൽ വിലക്കയറ്റം രൂക്ഷമായ സാഹചര്യത്തിൽ പാവപ്പെട്ട ഉപഭോക്താക്കൾക്ക് വലിയ തിരിച്ചടിയാകുന്ന നടപടി

പുനഃപരിശോധിക്കുമോ; വിശദമാക്കാമോ?

## നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധനവ് തടയുവാൻ നടപടി

245 **ശ്രീ. വി. കുഞ്ഞികൃഷ്ണൻ**
**ശ്രീ. ഉല്ലാസ് കോവൂർ**
**ശ്രീ. വിഷ്ണു മോഹൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിക്കടിയുണ്ടാകുന്ന ഇന്ധന വിലക്കയറ്റം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെ ദോഷകരമായി ബാധിക്കും എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(ബി) നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധനവ് തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇടനിലക്കാരെ ഒഴിവാക്കി ഉൽപ്പാദക സംസ്ഥാനങ്ങളിൽ നിന്നും നിത്യോപയോഗ സാധനങ്ങൾ നേരിട്ടെത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## വില നിയന്ത്രണത്തിനുള്ള നടപടികൾ

246 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില നിയന്ത്രണം ഉറപ്പുവരുത്താൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ;

(ബി) വില നിയന്ത്രണത്തിനായി ഇടപെടേണ്ട സിവിൽ സപ്ലൈസ് കോർപറേഷന് മുൻ സർക്കാർ കോടികളുടെ സാമ്പത്തിക ബാധ്യത വരുത്തിയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ ഇതു പരിഹരിക്കാനും വില നിയന്ത്രണം ഉറപ്പുവരുത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

## ഗ്യാസ് വിലവർദ്ധനവ് കാരണം ഭക്ഷ്യ വസ്തുക്കൾക്ക് അമിത വില

247 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്യാസ് വിലവർദ്ധനവിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പല ഹോട്ടലുകളിലും ചായക്കും മറ്റു ഭക്ഷ്യ വസ്തുക്കൾക്കും അമിത വില ഈടാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനും വില ഏകോപിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിപണി ഇടപെടൽ

248 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 -12 സാമ്പത്തിക വർഷം മുതൽ 2025-26 സാമ്പത്തിക വർഷം വരെ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപറേഷന് വിപണി ഇടപെടൽ ഇനത്തിൽ എത്ര രൂപ ചെലവായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്കായി പ്രസ്തുത കാലയളവിൽ ബജറ്റിൽ വകയിരുത്തിയ തുക; അനുവദിച്ച തുക എന്നിവ എത്രയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷന് വിപണി ഇടപെടൽ ഇനത്തിൽ ചെലവായ തുകയിൽ സർക്കാരിൽ നിന്നും ലഭിക്കാനുള്ള കുടിശിക തുക എത്രയാണെന്നുള്ള വിശദവിവരം 2011 മുതലുള്ള മൂന്ന് സർക്കാരുകളുടെ കാലയളവ് തിരിച്ചും വർഷം തിരിച്ചും ലഭ്യമാക്കാമോ?

## കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഓഡിറ്റ്

249 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഏതു വർഷം വരെയുള്ള ഓഡിറ്റ് പൂർത്തിയായിരുന്നു; നിലവിൽ ഏതു വർഷം വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ഓഡിറ്റ് പൂർത്തിയാക്കപ്പെട്ട വർഷങ്ങളിലും പൂർത്തിയാകാത്ത വർഷങ്ങളിലും ഉൾപ്പെടെ സർക്കാർ സപ്ലൈകോയ്ക്ക് വിപണി ഇടപെടൽ ഇനത്തിൽ നാളിതുവരെ നൽകാനുള്ള കുടിശിക വേർതിരിച്ച് നൽകാമോ?

## ബേപ്പൂർ നിയോജക മണ്ഡലത്തിലെ സപ്ലൈകോ ഔട്ട്ലെറ്റുകൾ, കെ-സ്റ്റോറുകൾ

250 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജക മണ്ഡലത്തിൽ നിലവിൽ എത്ര സപ്ലൈകോ ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുന്നു; അവ ഏതൊക്കെയെന്ന് വിശദമാക്കാമോ; മണ്ഡലത്തിൽ പുതിയ ഔട്ട്ലെറ്റുകൾ തുടങ്ങുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) ബേപ്പൂർ നിയോജകമണ്ഡലത്തിൽ നിലവിൽ എത്ര കെ-സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന വിവരം പഞ്ചായത്ത് / മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ വിശദമാക്കാമോ; പുതിയ കെ-സ്റ്റോറുകൾ അനുവദിക്കുന്നത് പരിഗണനയിൽ ഉണ്ടോ; വ്യക്തമാക്കാമോ?

## സപ്ലൈകോ സ്ഥാപനങ്ങളുടെ ശാക്തീകരണം

251 **ശ്രീ. ആര്യാടൻ ഷൗക്കത്ത്**

**ശ്രീ. സുധീർഷാ പാലോട്**

**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വഴി വിതരണം ചെയ്യുന്ന ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) സബ്സിഡി ഇനത്തിൽ ലഭ്യമാകുന്ന സാധനങ്ങളുടെ ലിസ്റ്റിൽ എന്തെങ്കിലും പരിഷ്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) സബ്സിഡി ഇനത്തിൽ സപ്ലൈകോയ്ക്ക് ലഭ്യമാകേണ്ട തുകയിൽ കുടിശ്ശിക വന്നിട്ടുണ്ടോ; വ്യക്തമാക്കാമോ?

## പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മാവേലി സ്റ്റോറുകൾ

252 **ശ്രീ. സെബാസ്റ്റ്യൻ. എം. ജെ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്ഥലങ്ങളിൽ മാവേലി സ്റ്റോർ, ലാഭം മാർക്കറ്റ്, സൂപ്പർ മാർക്കറ്റ്, ഹൈപ്പർ മാർക്കറ്റ് എന്നിവ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

## നെല്ല് സംഭരണം

253 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണ പദ്ധതി പ്രകാരം, 2011-2012 സാമ്പത്തിക വർഷം മുതൽ 2025-2026 സാമ്പത്തിക വർഷം വരെ സംസ്ഥാനത്ത് കർഷകരിൽ നിന്നും എത്ര മെട്രിക്ക് ടൺ നെല്ല് സംഭരിച്ചു എന്ന് വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ബി) ഈ ഇനത്തിൽ സംഭരണ വിലയായി കർഷകർക്ക് വിതരണം ചെയ്ത തുക (മിനിമം സപ്പോർട്ട് പ്രൈസും സംസ്ഥാന പ്രോത്സാഹന ബോണസും വേർതിരിച്ച്) വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(സി) സംഭരിച്ച നെല്ലിന് കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാകേണ്ട മിനിമം സപ്പോർട്ട് പ്രൈസ് അടക്കമുള്ള തുകകൾ, കേന്ദ്രസർക്കാരിൽ നിന്നും ഈ ഇനത്തിൽ ലഭിച്ച തുക, ലഭിക്കാൻ ബാക്കിയുള്ള തുക എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) സംസ്ഥാന പ്രോത്സാഹന ബോണസ്സിനത്തിൽ ബജറ്റിൽ വകയിരുത്തിയ തുക, നൽകിയ തുക, സപ്ലൈകോയ്ക്ക് ഈയിനത്തിൽ സംസ്ഥാന സർക്കാർ നൽകാനുള്ള കുടിശികയുടെ വിവരങ്ങൾ എന്നിവ വർഷം തിരിച്ച് ലഭ്യമാക്കാമോ?

## ആലത്തൂർ നിയോജക മണ്ഡലത്തിലെ നിറ പദ്ധതി

254 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ നെൽകൃഷിയുടെയും കർഷകരുടെയും അഭിവൃദ്ധി ലക്ഷ്യം വെച്ച് നടപ്പിലാക്കിയ നിറ പദ്ധതിയുടെ ഭാഗമായി ഭക്ഷ്യപൊതുവിതരണ വകുപ്പ് സപ്ലൈക്കോ മുഖേന നടത്തിയ ഇടപാടുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രതിസന്ധികളാണ് വകുപ്പ് അഭിമുഖീകരിക്കുന്നത്; അത് ഏത് തരത്തിൽ മറികടക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) നെൽകർഷകരുടെ ഉത്പന്നങ്ങൾ കർഷകർക്ക് ലാഭകരമായ രീതിയിൽ സംഭരിക്കുന്നതിനുള്ള നയം തന്നെയാണോ ഈ സർക്കാർ സ്വീകരിക്കുക എന്നറിയിക്കാമോ;

(ഡി) അതിനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

## <u>പുതിയ റേഷൻ കടകൾ</u>

255 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) മടിക്കൈ മലപ്പച്ചേരിയിൽ റേഷൻ കട അനുവദിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

## <u>കുപ്പിവെള്ളത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് നടപടി</u>

256 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിനറൽ വാട്ടർ, പാക്കേജ് ഡ്രിങ്കിംഗ് വാട്ടർ എന്നിങ്ങനെ പല പേരുകളിലായി എത്തുന്ന കുടിവെള്ളത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## <u>പുനലൂർ താലൂക്ക് ആശുപത്രയിലെ കാത്ത് ലാബ്</u>

257 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരളം പദ്ധതിയുമായി ബന്ധപ്പെട്ട് പുനലൂർ നിയോജക മണ്ഡലത്തിൽ പുനലൂർ താലൂക്ക് ആശുപത്രിയിൽ കാത്ത് ലാബ് സ്ഥാപിക്കുന്നതിനായി 7 കോടി രൂപ അനുവദിച്ചതിന്റെ ഭരണാനുമതി ഉത്തരവ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ചുമതല ഏത് വകുപ്പിനാണെന്നും ആയത് ഏറ്റെടുത്ത ഏജൻസി ഏതാണെന്നും വ്യക്തമാക്കാമോ;

(സി) പുനലൂർ താലൂക്ക് ആശുപത്രിയിലെ കാത്ത് ലാബ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയ ജനക്ഷേമ പദ്ധതികൾ</u>**

258 **ശ്രീ. സജി ചെറിയാൻ**

**ശ്രീ. വി. ജോയി**

**പ്രൊഫ. സി. രവീന്ദ്രനാഥ്**

**ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിവരുന്ന പ്രധാന ജനക്ഷേമ പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ പുരോഗതി എന്താണെന്നും വ്യക്തമാക്കാമോ;

(ബി) ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ, കോർപ്പറേഷനുകൾ എന്നിവയുടെ പദ്ധതി നിർവ്വഹണശേഷി വർദ്ധിപ്പിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) തദ്ദേശസ്ഥാപനങ്ങളുടെ സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നടപ്പിലാക്കിയ ഇ-ഗവേണൻസ് സംവിധാനങ്ങളുടെ നിലവിലെ സ്ഥിതി എന്താണ്; വ്യക്തമാക്കാമോ;

(ഡി) മാലിന്യ സംസ്കരണ രംഗത്ത് തദ്ദേശസ്ഥാപനങ്ങൾ കൈവരിച്ച നേട്ടങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

**<u>ജീവനക്കാരുടെ സ്ഥലം മാറ്റം</u>**

259 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ജീവനക്കാരെ സ്ഥലം മാറ്റികൊണ്ട് എത്ര ഉത്തരവുകൾ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ജീവനക്കാരെ സ്ഥലം മാറ്റിയതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

**നഗരങ്ങളുടെയും റോഡുകളുടെയും പാലങ്ങളുടെയും സൗന്ദര്യവൽക്കരണം**

260 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ നഗരങ്ങളുടേയും റോഡുകളുടേയും പാലങ്ങളുടേയും സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി സ്ഥാപിക്കുന്ന അലങ്കാര വിളക്കുകളുടെ പരിപാലനം അവയുടെ ഡി.എൽ.പി. കാലാവധിക്ക് ശേഷം നിർവ്വഹിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുന്നത് പരിഗണിക്കാമോ;

(ബി) പ്രസ്തുത അലങ്കാര വിളക്കുകളുടെ വൈദ്യുതി ബില്ല് തനത് ഫണ്ടിൽ നിന്നും ചെലവാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നത് പരിഗണിക്കാമോ?

**നേമം മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

261 **ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ പ്രവർത്തന പുരോഗതി എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

**ഗ്രാമപഞ്ചായത്തുകളിലെ ഒഴിവുകൾ**

262 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഞ്ചായത്ത് വകുപ്പിൽ പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) 2026 ഏപ്രിൽ, മെയ് മാസങ്ങളിൽ പ്രസ്തുത തസ്തികകളിൽ നിന്നും എത്ര പേർ വിരമിച്ചു എന്ന് അറിയിക്കാമോ;

(സി) വിരമിക്കൽ മൂലം ഉണ്ടായിട്ടുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിവരങ്ങൾ അറിയിക്കാമോ;

(ഡി) പ്രസ്തുത ഒഴിവുകൾ എപ്പോൾ നികത്തും എന്ന് അറിയിക്കാമോ?

## ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ സ്പാർക്ക് അധിഷ്ഠിത പ്ലാറ്റ്ഫോം

263 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ ഉൾപ്പെടുന്ന മുഴുവൻ ജീവനക്കാർക്കും സ്പാർക്ക് അധിഷ്ഠിത പ്ലാറ്റ്ഫോം, ഏകീകൃത പി.എഫ്. എന്നിവ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ;

(ബി) സ്പാർക്ക് അധിഷ്ഠിത പ്ലാറ്റ്ഫോം, ഏകീകൃത പി.എഫ്. എന്നിവ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിലേക്ക് നൽകിയ ശിപാർശ പരിഗണനയിലുണ്ടോ; പ്രസ്തുത ശിപാർശയിന്മേൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## തെരുവുനായ ശല്യം പരിഹരിക്കുന്നതിന് നടപടി

264 **ശ്രീ. ഉല്ലാസ് കോവൂർ**
**ശ്രീ. വി. കുഞ്ഞികൃഷ്ണൻ**
**ശ്രീ. വിഷ്ണു മോഹൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ എണ്ണം വർധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എ.ബി.സി പദ്ധതി ഫലപ്രദമായി നടപ്പാക്കാതിരുന്നതാണ് ഇതിനുള്ള ഒരു പ്രധാന കാരണമായിട്ടുള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തെരുവുനായ്ക്കളുടെ ജനന നിയന്ത്രണ യൂണിറ്റുകൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നുണ്ടോ; തെരുവുനായ്ക്കളുടെ

വർധനവിന് അനുസൃതമായി പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) അപകടകാരികളായ തെരുവുനായ്ക്കളുടെ ദയാവധം സംബന്ധിച്ച് സുപ്രീം കോടതി വിധി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള നിർമ്മാണ പ്രവൃത്തികൾ**

265 **ശ്രീ. വി. കുഞ്ഞികൃഷ്ണൻ**
**ശ്രീ. വിഷ്ണു മോഹൻ**
**ശ്രീ. ഉല്ലാസ് കോവൂർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള നിർമ്മാണ പ്രവൃത്തികളുടെയും അറ്റകുറ്റപ്പണികളുടെയും ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നടപടിക്രമങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും പരിശോധന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**കേരളോത്സവം പരിപാടിയ്ക്കായി ചെലവഴിക്കാൻ കഴിയുന്ന പരമാവധി തുക**

266 **ശ്രീ. ടി. പി. അഷ്റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവതീ യുവാക്കളുടെ കലാ കായിക ഉന്നമനം ലക്ഷ്യമാക്കി നടത്തുന്ന കേരളോത്സവം പരിപാടിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കി വെക്കാൻ സാധിക്കുന്ന പരമാവധി തുക വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ചെലവഴിക്കാൻ കഴിയുന്ന പരമാവധി തുക ഒന്നര ലക്ഷം രൂപ എന്നത് രണ്ടര ലക്ഷം രൂപയാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇല്ലെങ്കിൽ ഫണ്ടിന്റെ അപര്യാപ്തത കാരണം കേരളോത്സവം പരിപാടി നല്ല രീതിയിൽ നടത്താൻ സാധിക്കാത്തതിനാൽ ചെലവഴിക്കാൻ കഴിയുന്ന പരമാവധി തുക ഒന്നര ലക്ഷം രൂപ എന്നത് മാറ്റി രണ്ടര ലക്ഷം രൂപ വരെ ചെലവഴിക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കാമോ?

## എ .ബി. സി. പദ്ധതി

267 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. പി. കെ. ഫിറോസ്**
**ശ്രീ. എം. റഹ്മത്തുള്ള**
**ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ്ക്കളുടെ എണ്ണം കുറയ്ക്കാൻ ലക്ഷ്യമിട്ട എ.ബി.സി. പദ്ധതി പ്രകാരം തെരുവുനായ്ക്കളുടെ എണ്ണം കുറയ്ക്കാൻ കഴിയുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എല്ലാ പഞ്ചായത്തുകളിലും ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കാൻ നിർദ്ദേശം നൽകുമോ;

(സി) തെരുവുനായ്ക്കളുടെ എണ്ണം കുറയ്ക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; വിശദമാക്കാമോ?

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിന് നടപടി

268 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കൂടുതൽ ജനകീയവും സേവനങ്ങൾ എളുപ്പത്തിൽ എല്ലാവരിലേക്കും എത്തിക്കുന്നതിനുമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കഴിഞ്ഞ കാലങ്ങളിൽ എടുത്തു മാറ്റിയ അധികാരങ്ങൾ തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഗ്രാമസഭകളിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനാസ്ഥമൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ**

269 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഭരണഘടനാപരവും നിയമപരവുമായ ഉത്തരവാദിത്വങ്ങൾ ഫലപ്രദമായി നിർവ്വഹിക്കാത്തതുകാരണം ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**നിയമപരമായ ചുമതലകൾ നിർവ്വഹിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി**

270 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമ പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കാതെ നഗര-ഗ്രാമ ജനങ്ങളുടെ ജീവിതം ദുരിതമയമാക്കുന്ന വകുപ്പുദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ?

**കേരള മിഷനിലെ ജീവനക്കാരുടെ സർവ്വീസ് സംബന്ധിച്ച വിഷയങ്ങൾ**

271 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാരുടെ സർവ്വീസുമായി ബന്ധപ്പെട്ട ഫയലിൽ (EG1/52/2022-LSGD) എന്തൊക്കെ നടപടികളാണ് മുൻസർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇൻഫർമേഷൻ കേരള മിഷനിലെ സർവ്വീസ് സംബന്ധമായ വിഷയങ്ങളിൽ ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തുന്നത് പരിഗണിക്കുമോ;

(സി) ഐ. കെ. എം. ജീവനക്കാരുടെ ശമ്പള പരിഷ്കരണം, സർവ്വീസ് റൂൾസ്, ശമ്പള പരിഷ്കരണ അനോമലി തുടങ്ങിയ വിഷയങ്ങളിൽ എന്തെല്ലാം

നടപടികൾ സ്വീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

**<u>തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗം കാര്യക്ഷമമാക്കുന്നതിന് നടപടി</u>**

272 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) പുതിയ കാലത്തിനനുസരിച്ചുള്ള നിർമിതികൾക്കായി, ആധുനിക നിർമാണരീതികളും പ്രീ-ഫാബ്രിക്കേഷൻ നിർമാണ സംവിധാനങ്ങൾ ഉൾപ്പെടെ നിർമിക്കുന്നതിനും ഇതിനായി ഡിസൈൻ, ആർക്കിടെക്ട് വിഭാഗങ്ങൾ കൂടി വകുപ്പിന് കീഴിൽ സജ്ജമാക്കുന്നതിനാവശ്യമായ നടപടികൾ ആലോചിച്ച് നടപ്പാക്കുമോ?

**<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതുവരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ</u>**

273 **ശ്രീ. എൻ. ശക്തൻ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തനതുവരുമാനം വർദ്ധിപ്പിക്കാനുള്ള സാധ്യതകളെ കുറിച്ചാലോചിച്ചിട്ടുണ്ടോ; അതിനായി ഏതെങ്കിലും പദ്ധതികളോ നയങ്ങളോ വിഭാവനം ചെയ്യുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രാദേശിക തലത്തിലെ വ്യവസായ, ടൂറിസം സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തനതുവരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ;

(സി) നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ?

**മാനന്തവാടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ**

274 **ശ്രീമതി ഉഷ വിജയൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന മാനന്തവാടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രവൃത്തികളുടെ നിലവിലെ സ്ഥിതി, ചെലവഴിച്ച തുക എന്നിവ വ്യക്തമാക്കുമോ; ഇതിന്റെ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

**കൂത്തുപറമ്പ് ബസ്സ്റ്റാന്റ് ടെർമിനൽ നിർമ്മാണം**

275 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നഗരസഭയിൽ ആധുനിക രീതിയിലുള്ള ബസ്സ്റ്റാന്റ് ടെർമിനൽ നിർമ്മിക്കാൻ നഗരസഭയുടെ കണ്ണായ സ്ഥലത്ത് 10.75 ഏക്കർ സ്ഥലം നഗരസഭ വില കൊടുത്ത് വാങ്ങിയെങ്കിലും ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കണ്ണൂർ വിമാനത്താവളം, കൊട്ടിയൂർ, മൈസൂർ, ഊട്ടി, കുടക്, വയനാട് തുടങ്ങിയ മേഖലകളിലേക്ക് എത്തിപ്പെടുന്നതിന് കൂടുതൽ പേർ ആശ്രയിക്കുന്ന കൂത്തുപറമ്പിൽ ആധുനിക സൗകര്യങ്ങളുള്ള ബസ്സ്റ്റാന്റ് ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ മികവുറ്റതും സൗകര്യപ്രദവും പാർക്കിംഗ് സൗകര്യത്തോടുകൂടിയുമുള്ള അത്യാധുനിക രീതിയിലുള്ള ബസ്സ്റ്റാന്റ് ടെർമിനൽ നിർമ്മാണത്തിന് പ്രത്യേക ഫണ്ട് അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**ചിറയിൻകീഴ് നിയോജക മണ്ഡലത്തിൽ വിവിധമേഖലകളിൽ നടപ്പിലാക്കിയ പ്രവൃത്തികൾ**

276 **ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ചുവർഷകാലയളവിൽ വകുപ്പുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിൽ

ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭിച്ച പദ്ധതികളിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്ന പ്രവൃത്തികളും ആരംഭിക്കാത്ത പ്രവൃത്തികളും തരം തിരിച്ച് ലഭ്യമാക്കാമോ;

(ബി) സാങ്കേതിക അനുമതി ലഭിക്കാത്തതിനാൽ മുടങ്ങി കിടക്കുന്ന പദ്ധതികൾ ഉണ്ടോ; എങ്കിൽ വിശദമാക്കാമോ?

**<u>തിരുവല്ല നിയോജക മണ്ഡലത്തിലെ പദ്ധതികൾ</u>**

277 **ശ്രീ. വർഗ്ഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ തിരുവല്ല നിയോജക മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന് എത്ര തുക അനുവദിച്ചു; ചിലവാക്കിയ തുക എത്ര; പദ്ധതികളുടെ പട്ടിക തിരിച്ചുള്ള വിവരങ്ങൾ എന്നിവ ലഭ്യമാക്കാമോ?

**<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആർജ്ജിക്കുന്ന ആസ്തികൾ</u>**

278 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ**

**ശ്രീ. സി. കെ. കാസിം**

**ശ്രീ. കല്ലട മാഹിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വികസന ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി കാലാകാലങ്ങളിൽ ആർജ്ജിക്കുന്ന ആസ്തികളിൽ പലതും നിഷ്ക്രിയമായി മാറുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ആസ്തികൾ നിഷ്ക്രിയമായി മാറുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു ലഭിക്കുന്ന ഫണ്ടുകൾ ജനോപകാരപ്രദമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ?

**<u>തച്ചനാട്ടുകര പഞ്ചായത്ത് റോഡ് മെയിന്റനൻസ്</u>**

279 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ തച്ചനാട്ടുകര പഞ്ചായത്തിൽ ചെത്തല്ലൂർ 14-ാം വാർഡിൽ ഉൾപ്പെട്ട കലാലയം - പള്ളിപ്പുറം റോഡ്, പൂതൻ കോടൻ തേക്കും തൊടി റോഡ്, പൂതൻ കോടൻ - കൊടലി പറമ്പ് റോഡ് എന്നിവ പഞ്ചായത്തിന്റെ മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്യുന്നതിനുള്ള അനുമതി ആവശ്യപ്പെട്ടു കൊണ്ട് പാലക്കാട് തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർക്ക് പഞ്ചായത്ത് സെക്രട്ടറി കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

## <u>ഏറ്റുമാനൂർ മണ്ഡലത്തിലെ പദ്ധതികൾ</u>

280 **ശ്രീ. നാട്ടകം സുരേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏറ്റുമാനൂർ മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികൾക്കാണ് തദ്ദേശസ്വയംഭരണ വകുപ്പ് തുക അനുവദിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണെന്ന് അറിയിക്കാമോ;

(സി) തുക അനുവദിച്ച പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## <u>പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ വിവിധ പ്രവൃത്തികൾ</u>

281 **ശ്രീ. സെബാസ്റ്റ്യൻ. എം. ജെ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ നടന്നു വരുന്ന വിവിധ പ്രവൃത്തികൾ ഏതെല്ലാം; വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

## <u>കണ്ണൂർ കോർപ്പറേഷനിലെ വികസന പദ്ധതികൾ</u>

282 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-26 കാലഘട്ടത്തിൽ അഴീക്കോട് മണ്ഡലത്തിലെ ബജറ്റിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തി, എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ട്,

പ്രത്യേക വികസന നിധി എന്നീ വിഭാഗങ്ങളിൽ നിന്നും കണ്ണൂർ കോർപ്പറേഷൻ പരിധിയിൽ അനുവദിച്ചിട്ടുള്ള പദ്ധതികളേതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) കണ്ണൂർ കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന മേൽ സൂചിപ്പിച്ച വിധത്തിലുള്ള പദ്ധതികൾ എന്തൊക്കെയാണെന്നും നിലവിൽ ആയതിന്റെ പുരോഗതിയും അറിയിക്കുമോ;

(സി) പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസങ്ങളുണ്ടോ; വിശദമാക്കാമോ?

## <u>നെന്മാറ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ</u>

283 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം മുതൽ നെന്മാറ മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ; പഞ്ചായത്ത് തിരിച്ച് മേൽ പദ്ധതികളുടെ വിശദാംശം നൽകാമോ;

(ബി) 2021-22 സാമ്പത്തിക വർഷം മുതലുള്ളതും 20% ബജറ്റ് പ്രൊവിഷൻ ലഭിച്ചതും തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നെന്മാറ മണ്ഡലത്തിൽ നടപ്പിലാക്കുന്നതുമായ പ്രവൃത്തികളുടെ പേര്, തുക എന്നിവ തരംതിരിച്ച് വിശദമാക്കാമോ; പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

## <u>യുവശ്രീ പദ്ധതി</u>

284 **ശ്രീ. വി. ടി. ബൽറാം**
**ശ്രീ. മനോജ് മൂത്തേടൻ**
**ശ്രീ. ടോണി ചമ്മണി**
**ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടുംബശ്രീ മാതൃകയിൽ യുവാക്കൾക്കായി യുവശ്രീ പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വ്യക്തമാക്കാമോ;

(സി) യുവശ്രീക്ക് കീഴിൽ യുവാക്കൾക്കായി തൊഴിൽ സംരംഭങ്ങൾ ഏർപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**ലൈഫ് മിഷൻ പദ്ധതി**

285 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതി മുഖേന സംസ്ഥാനത്ത് എത്ര വീടുകളുടെ നിർമ്മാണമാണ് നാളിതുവരെ പൂർത്തിയാക്കിയത്; എത്ര വീടുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു; വിശദമാക്കാമോ;

(ബി) 2017 മുതൽ നടപ്പാക്കി വരുന്ന ലൈഫ് മിഷൻ പദ്ധതി നിർത്തലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

**ലൈഫ് ഭവന പദ്ധതി-പാറശ്ശാല മണ്ഡലം**

286 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതി ആരംഭിച്ചത് മുതൽ ഇതുവരെ പാറശ്ശാല നിയമസഭാ മണ്ഡലത്തിൽ എത്ര ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഇതുവരെ എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് താക്കോൽ കൈമാറിയിട്ടുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) നിലവിൽ എത്ര വീടുകളുടെ നിർമ്മാണമാണ് വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുകൊണ്ടിരിക്കുന്നത്; നിർമ്മാണം തടസ്സപ്പെട്ട വീടുകൾ ഉണ്ടെങ്കിൽ അവ പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) ഭൂമിയില്ലാത്ത ഭവനരഹിതർക്കായി പാറശ്ശാല മണ്ഡലത്തിൽ പുതിയ ലൈഫ് ഭവന സമുച്ചയങ്ങൾ (Life Towers)നിർമ്മിക്കാൻ പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കാമോ?

**ലൈഫ് മിഷൻ-വടക്കാഞ്ചേരി മണ്ഡലം**

287 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ 2026 വരെ വടക്കാഞ്ചേരി മണ്ഡലത്തിലെ തെക്കുംകര, മുളങ്കുന്നത്തുകാവ് , അവണൂർ, കോലഴി, കൈപ്പറമ്പ്, അടാട്ട്, തോളൂർ ഗ്രാമപഞ്ചായത്തുകളിലും വടക്കാഞ്ചേരി നഗരസഭയിലുമായി എത്ര വീതം വീടുകളുടെ നിർമ്മാണം ലൈഫ് മിഷൻ വഴി പൂർത്തിയാക്കിയിട്ടുണ്ടെന്ന് പട്ടിക തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റിയിലുമായി എത്ര വീതം ഭവനങ്ങളുടെ നിർമ്മാണം നിലവിൽ ലൈഫ് മിഷനു കീഴിൽ പുരോഗമിക്കുന്നുണ്ടെന്ന് പട്ടിക തിരിച്ച് വിവരം ലഭ്യമാക്കാമോ;

(സി) ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകിയ ലൈഫ് മിഷൻ പദ്ധതി സംസ്ഥാന സർക്കാർ തുടരുമോ;വിശദമാക്കുമോ?

## <u>തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രവർത്തനം</u>

288 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധവള പത്രം ഇറക്കിയ സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചു വന്നിരുന്ന ഗ്രാന്റുകളും പദ്ധതിവിഹിതവും വെട്ടിച്ചുരുക്കാൻ ആലോചനയുണ്ടോ; വിശദമാക്കാമോ;

(ബി) മുൻ സർക്കാർ ലൈഫ് മിഷൻ ഭവന പദ്ധതി പ്രകാരം ആകെ അനുവദിച്ച 604046 വീടുകളിൽ 500364 വീടുകൾ പൂർത്തികരിക്കുകയും ബാക്കിയുള്ള 103682 വീടുകൾ നിർമാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതി എങ്ങനെ തുടരാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ; ലൈഫ് ഭവന പദ്ധതി നിർത്താൻ ആലോചനയുണ്ടോ;

(സി) ഉറവിട മാലിന്യ സംസ്കരണമുൾപ്പെടെ മാലിന്യ സംസ്കരണ രംഗത്ത് സംസ്ഥാനം പ്ലാൻ ചെയ്തു നടപ്പിലാക്കിരുന്ന ഒട്ടേറെ മാതൃകാപരമായ പദ്ധതികൾ തുടരുന്നുണ്ടോ;എങ്ങനെ തുടരാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് പുനഃപരിശോധിക്കാൻ ആലോചനയുണ്ടോ; വിശദമാക്കാമോ?

**<u>സാമൂഹിക സുരക്ഷ പെൻഷൻ കേന്ദ്ര വിഹിതം</u>**

289 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള സാമൂഹിക സുരക്ഷ പെൻഷനുകളിൽ ഓരോന്നിലും കേന്ദ്ര വിഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ കേന്ദ്ര വിഹിതം കുടിശ്ശികയായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര മാസത്തെ കുടിശ്ശിക എന്ന് വ്യക്തമാക്കാമോ?

**<u>തെരുവ് നായ ആക്രമണം</u>**

290 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായ ആക്രമണത്തിൽ കൊല്ലപ്പെട്ടവർക്കും പരുക്കേറ്റവർക്കും നഷ്ടപരിഹാരം കൃത്യമായി നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തുക നൽകുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുമോ;

(ബി) തെരുവുനായ ശല്യത്തിൽനിന്നുള്ള സംരക്ഷണത്തിന് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; മനുഷ്യ ജീവന് ഭീഷണിയായ തെരുവു നായ്ക്കളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം മാർഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

**<u>തെരുവുനായ ശല്യം - പരിഹാരം</u>**

291 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2025 കാലഘട്ടത്തിൽ തെരുവുനായ ആക്രമണത്തിൽ എത്രപേർക്ക് പരിക്കേറ്റിട്ടുണ്ടെന്നും എത്രപേർക്ക് മരണം സംഭവിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) തെരുവുനായ ശല്യത്തിന് പരിഹാരമാർഗമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള എബിസി പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എബിസി പദ്ധതിയിലൂടെ തെരുവുനായ ശല്യം കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ടോ ;വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**തെരുവ് നായ്ക്കളുടെ ദയാവധം**

292 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്രമാസക്തവും അപകടകാരികളും മാരകരോഗങ്ങളോ പരിക്കുകളോ വന്ന് കടുത്ത വേദന അനുഭവിക്കുന്നതുമായ തെരുവ് നായ്ക്കളെ ദയാവധത്തിന് വിധേയമാക്കണമെന്ന സുപ്രീംകോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സർക്കാർ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെ;വിശദമാക്കാമോ?

**അക്രമകാരികളായ നായ്ക്കളെ കൊല്ലാനുള്ള നടപടികൾ**

293 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി വിധിപ്രകാരം അക്രമകാരികളായ നായ്ക്കളെ കൊല്ലാൻ സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;വിശദമാക്കാമോ;

(ബി) ഏതു മാനദണ്ഡപ്രകാരമാണ് നായ്ക്കളുടെ ദയാവധം നടപ്പിലാക്കുന്നത് ;ഇതിനായി സർക്കാർ എന്തെങ്കിലും മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കാമോ?

**തെരുവുനായ്ക്കളുടെ ശല്യം**

294 **ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ്ക്കളുടെ നിയന്ത്രണവും സംരക്ഷണവും പുനരധിവാസവും സംബന്ധിച്ച ബഹു. സുപ്രീം കോടതിയുടെ വിധിയെക്കുറിച്ച് പഠിച്ച് സർക്കാർ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) സ്കൂൾ തുറന്നതു കണക്കിലെടുത്ത് തെരുവുനായകളിൽ നിന്നും കുട്ടികൾക്ക് സംരക്ഷണം നൽകാനുള്ള എന്തെങ്കിലും പ്രത്യേക നടപടികളോ നിർദ്ദേശങ്ങളോ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ;വിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) പേവിഷബാധയുള്ള നായ്ക്കളെ കണ്ടെത്തുന്നതിനും അവയെ സുരക്ഷിതമായ രീതിയിൽ പിടികൂടുന്നതിനും പരിശീലനം സിദ്ധിച്ചിട്ടുള്ള വേണ്ടത്ര ജീവനക്കാർ ഉണ്ടോ; കൂടുതൽ ആളുകൾക്ക് പരിശീലനം നൽകുമോ; ഇത്തരം നായ്ക്കളെ കണ്ടെത്തുന്നതിനും സുരക്ഷിതമായി പിടികൂടുന്നതിനും ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ 7 ഗ്രാമപഞ്ചായത്തുകളിലും തെരുവ് നായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിനും ആക്രമണം തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;പഞ്ചായത്ത് തിരിച്ച് നടപടികൾ വ്യക്തമാക്കാമോ?

## മാലിന്യ സംസ്കരണം

295 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അതിരൂക്ഷമായ മാലിന്യ സംസ്കരണ പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇതിന് പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്രീകൃത മാലിന്യസംസ്കരണം ഫലവത്തായ രീതിയിൽ നിർവ്വഹിക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുഖേന എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ?

## മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ തള്ളുന്നവർക്കുള്ള ശിക്ഷാനടപടി

296 **ഡോ. മാത്യു കുഴൽനാടൻ**

**ശ്രീ. നാട്ടകം സുരേഷ്**

**ശ്രീ. സിറിയക് തോമസ്**

**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യ മാർക്കറ്റുകൾ,അറവുശാലകൾ എന്നിവയിൽ നിന്നുള്ള മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ തള്ളുന്ന അനാരോഗ്യകരമായ പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യം പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്താണെന്ന് വിശദമാക്കാമോ ;

(സി) ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്കും പരിസ്ഥിതി മലിനീകരണത്തിനും ഇടയാക്കുന്ന ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ കണ്ടുപിടിക്കുന്നതിനും കടുത്ത ശിക്ഷ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>നാട്ടിക നിയോജക മണ്ഡലത്തിലെ തദ്ദേശ റോഡു പുനരുദ്ധാരണ പദ്ധതി</u>**

297 **ശ്രീമതി ഗീതാ ഗോപി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ നാട്ടിക നിയോജക മണ്ഡലത്തിൽ തദ്ദേശ റോഡു പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച റോഡുകൾ ഏതെല്ലാം എന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഓരോ റോഡിനും അനുവദിച്ച തുക, അവയുടെ നിലവിലെ പുരോഗതി എന്നിവ വ്യക്തമാക്കുമോ, ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

**<u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>**

298 **ശ്രീ. കെ. രാജൻ**
**ശ്രീ. മുഹമ്മദ് മുഹസിൻ**
**ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ**
**ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ഗ്രാമീണ ജനതയുടെ ഉപജീവന മാർഗമായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തകർച്ചയിലാണെന്ന എൻ.ആർ.ഇ.ജി.എ.സംഘർഷ് മോർച്ച,ലിബ്ടെക് എന്നീ സംഘടനകളുടെ സംയുക്ത പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കാമോ;

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് പകരമായി വികസിത് ഭാരത് – ഗ്യാരന്റി ഫോർ റോസ്ഗാർ ആന്റ് അജീവിക മിഷൻ എന്ന പുതിയ പദ്ധതി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചതുതന്നെ തൊഴിലുറപ്പ് പദ്ധതിയെ ഇല്ലാതാക്കാനാണ് എന്ന വിമർശനം പരിശോധിച്ചിട്ടുണ്ടോ;വിശദമാക്കാമോ;

(സി) തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ദിനങ്ങൾ നൽകുന്നതിനൊപ്പം ഗ്രാമീണ അടിസ്ഥാന സൗകര്യവികസനത്തിലും മുൻ സർക്കാർ ശ്രദ്ധ നൽകിയിരുന്നുവോ;വിശദമാക്കാമോ;

(ഡി) തൊഴിലുറപ്പ് പദ്ധതിയിൽ മുൻ സർക്കാർ നടപ്പാക്കിയ കേരള ട്രൈബൽ പ്ലസ് പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## <u>തൊഴിലുറപ്പ് പദ്ധതി</u>

299 **ശ്രീ. വി. പി. സജീന്ദ്രൻ**
**ശ്രീ. സേനാപതി വേണു**
**ശ്രീ. സി. വി. ശാന്തകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ എത്ര കുടുംബങ്ങൾ തൊഴിലുറപ്പ് പദ്ധതിയെ ആശ്രയിച്ച് കഴിയുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; കേന്ദ്രസർക്കാർ കൊണ്ടുവന്ന മാറ്റങ്ങൾ എപ്രകാരമാണ് ഈ മേഖലയെ ബാധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) തൊഴിലുറപ്പ് പദ്ധതി മഹാത്മാഗാന്ധിയുടെ പേരിൽ നിലനിർത്തുന്നതിനും കൂടുതൽ തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) തൊഴിലുറപ്പ് പദ്ധതിയുടെ കേന്ദ്രവിഹിതം നിലവിൽ കുടിശ്ശികയുണ്ടോ;ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## <u>മണമ്പൂർ ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണം</u>

300 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ വാർഷിക ബജറ്റിൽ ഉൾപ്പെടുത്തി തുക അനുവദിച്ച മണമ്പൂർ ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച പ്രവർത്തനങ്ങൾ വിശദമാക്കുമോ?

**ട്രാഫിക് സിഗ്നലുകളുടെ പരിപാലനം**

301 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത പ്രധാന റോഡുകളിലെ ട്രാഫിക് സിഗ്നൽ ലൈറ്റുകളുടെ പരിപാലനത്തിനും അവയുടെ വൈദ്യുതി ചാർജ് വഹിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത ട്രാഫിക് സിഗ്നൽ ലൈറ്റുകളുടെ വൈദ്യുതി ചാർജ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വഹിക്കാവുന്നതാണോ; ഇതുമായി ബന്ധപ്പെട്ട് ഉത്തരവുകളോ സർക്കുലറുകളോ ഉണ്ടെങ്കിൽ ലഭ്യമാക്കാമോ;

(സി) അത്തരത്തിൽ ട്രാഫിക് ലൈറ്റുകളുടെ പരിപാലനവും അവയുടെ വൈദ്യുതി ചാർജും സംബന്ധിച്ച ചെലവുകളും കൈകാര്യം ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നത് പരിഗണിക്കാമോ?

**കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ മുടങ്ങിക്കിടക്കുന്ന PMGSY പ്രവൃത്തികൾ**

302 **ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ ഉൾപ്പെടുന്നതും പ്രവൃത്തി പൂർത്തീകരിക്കാനാകാതെ മുടങ്ങിക്കിടക്കുന്നതുമായ പി.എം.ജി.എസ്.വൈ പ്രവൃത്തികൾ ഏതെല്ലാം;ഓരോ പ്രവൃത്തിയും മുടങ്ങിയതിനുള്ള കാരണം വിശദമാക്കുമോ?

**ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് ആയുർവേദ ഹോമിയോ ഡിസ്പെൻസറിയും പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലെക്സും നിർമ്മാണം**

303 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാർഷിക ബജറ്റിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിങ് വിഭാഗത്തിന് നിർവഹണ ചുമതല നൽകിയ ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് ആയുർവേദ ഹോമിയോ ഡിസ്പെൻസറിയും പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലെക്സും നിർമ്മാണം എന്ന

പ്രവൃത്തിയുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**ലൈഫ് പദ്ധതി - മട്ടന്നൂർ നിയോജക മണ്ഡലം**

304 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി മട്ടന്നൂർ മണ്ഡലത്തിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് തദ്ദേശ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; നിർമ്മാണം പുരോഗമിക്കുന്ന വീടുകളുടെ എണ്ണം എത്രയാണ്; എത്ര അപേക്ഷകൾ പെൻഡിംഗിലാണ്; ഇതിൽ ഭൂരഹിതരായ അപേക്ഷകരുടെ എണ്ണം എത്രയാണ്;

(ബി) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പുരോഗമിക്കുന്ന വീടുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തികരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി അപേക്ഷ നൽകി കാത്തിരിക്കുന്നവരുടെ കാര്യത്തിൽ സ്വീകരിക്കാൻ പോകുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**കലഞ്ഞൂർ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം**

305 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിൽ നിർമ്മാണ പ്രവൃത്തി ആരംഭിച്ച കലഞ്ഞൂർ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

**വ്യക്തിഗത സംരംഭ വായ്പ പദ്ധതി**

306 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടുംബശ്രീ അയൽക്കൂട്ടം അംഗങ്ങൾക്ക് വ്യക്തിഗത സംരംഭക വായ്പകൾ ലഭ്യമാണോ; വ്യക്തമാക്കാമോ?

**കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ പുത്തൂർക്കടവ് പാലം നിർമ്മാണം**

307 **ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിൽ പി എം ജി എസ് വൈ പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ച പുത്തൂർക്കടവ് പാലം നിർമ്മാണത്തിന്റെ ഇതുവരെയുള്ള പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി ആരംഭിക്കാൻ കഴിയാത്തതിന് കാരണം വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2026 ജൂൺ 14, ഞായർ

**ഷാജി സി ബേബി**
സെക്രട്ടറി ഇൻചാർജ്

---

പ്രത്യേക ശ്രദ്ധയ്ക്ക്:

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].